# നേർവീഥി

നിത്യതയ്ക്കൊരു വഴികാട്ടി

Volume - 11 Issue - 03 March 2022



## നെഞ്ചിടിപ്പോടെ ലോകം

പേജ് 30

വില 20 രൂപ

# സമയത്തിന്റെ സദുപയോഗം

മനുഷ്യന്റെ ആരംഭം മുതൽ ദൈവം എല്ലാവർക്കും അനുവദിച്ചിരിക്കുന്നത് ഒരു ദിവസത്തിന് 24 മണിക്കൂർ ആണ്. ലോകത്തിലെ മഹാന്മാർക്കും ഏറ്റവും തിരക്കേറിയവർക്കും ഒരു ജോലിയും ഇല്ലാതെ സമയം പാഴാക്കുന്നവർക്കും ഒരുപോലെ ദൈവം ഓരോ ദിവസവും നൽകുന്നു. അതുകൊണ്ട് സമയം എങ്ങനെ ഉപയോഗിക്കണം എന്നത് മനുഷ്യന്റെ വിവേചനത്തിലും അധികാരത്തിലും ഇരിക്കുന്നു.

എങ്ങനെ ജീവിക്കണം എന്നതിന് നമ്മുടെ മാതൃക കർത്താവായ യേശുക്രിസ്തുവാണ്. ഓരോ ദിവസത്തിന്റെയും സമയപരിധിയിൽ തന്നെയാണ് അവിടുന്ന് ജീവിച്ചത്. അതികാലത്തു ഇരുട്ടുള്ളപ്പോൾ ഉണർന്ന് അവിടുന്ന് സ്വർഗ്ഗസ്ഥപിതാവിനോടൊപ്പം സമയം ചെലവിടാൻ നിർജ്ജനപ്രദേശത്തേയ്ക്ക് പോകുന്നത് പതിവായിരുന്നു. തിരക്കേറുമ്പോൾ കർത്താവ് പെട്ടെന്ന് ജനക്കൂട്ടത്തെ വിട്ട് ആരും ഇല്ലാത്ത സ്ഥലത്ത് പിതാവിനോടു കൂടെ പ്രാർത്ഥനയിൽ സമയം ചെലവിടുന്നത് സുവിശേഷങ്ങളിൽ നമുക്ക് കാണാം. പിതാവിനോടൊപ്പം ചിലവിടേണ്ട സമയം കർത്താവ് ഒരിക്കലും വെട്ടിക്കുറച്ചില്ല. ഇതാണ് നാമും മാതൃക ആക്കേണ്ടത്.

ഓരോ ദിവസവും ജീവിക്കുന്നതിനു നമുക്ക് ഒരു ടൈംടേബിൾ ഉണ്ടായിരിക്കേണ്ടതും, അതിൽ ഏറ്റവും മുഖ്യം പ്രാർത്ഥനയ്ക്ക് സമയം വേർതിരിക്കുന്നതും ആയിരിക്കണം. ജോലിഭാരം വർദ്ധിക്കുമ്പോൾ കൂടുതൽ കൃപ ലഭിക്കുവാൻ നാം കൂടുതൽ പ്രാർത്ഥിക്കുന്നവർ ആകണം. നമ്മോടു കൂടെയുള്ള ദൈവസാന്നിധ്യം ആണ് ജീവിതത്തെ വിജയകരം ആക്കുന്നത് എന്നത് നാം മറക്കരുത്. ഈ ലക്കത്തിലെ സന്ദേശം അത് കൂടുതൽ വ്യക്തമാക്കിയിട്ടുണ്ട്.

യേശു കാണിച്ച മാതൃക പിന്തുടർന്നാണ് അപ്പോസ്തലന്മാർ ജീവിച്ചത്. സമയം ശരിയായി ഉപയോഗിക്കുവാൻ അവർക്കു കഴിഞ്ഞു. ഞാൻ ഓട്ടം തികച്ചു എന്ന അപ്പോസ്തലനായ പൌലോസിന്റെ പ്രസ്താവന വളരെ അർത്ഥം ഉള്ളതാണ്. അവസരങ്ങളെ പാഴാക്കാതെ ഉപയോഗിക്കുന്നവർക്ക് മാത്രമേ ഇപ്രകാരം ഓട്ടം തികയ്ക്കുന്ന സായൂജ്യം കണ്ടെത്തുവാൻ കഴിയുകയുള്ളൂ. പിന്നിട്ടു പോയ സമയങ്ങളെക്കുറിച്ച് നമുക്ക് ഒന്നും ചെയ്യുവാൻ കഴിയുകയില്ല. എന്നാൽ ഇനിയും ലഭിക്കുന്ന സമയത്തെ ശരിയായി ഉപയോഗിക്കുവാനും ഫലവത്തായി ഉപയോഗിക്കുവാനും കഴിയണം.

ദുർഘടങ്ങളും പ്രതിസന്ധികളും അടിക്കടി വർധിക്കുമെന്ന് അന്ത്യകാലത്തിന്റെ അവസാന നിമിഷത്തിൽ എത്തിയിരിക്കുന്ന നമുക്ക് തിരുവചനം മുന്നറിയിപ്പ് നൽകുന്നു. ഈ വൈഷമ്യങ്ങൾ കാഠിന്യമേറിയതെന്നു തോന്നുക സ്വാഭാവികമാണ്. അന്തിമനാളുകളിൽ, ഞാൻ എന്റെ ആത്മാവിനെ സകലമനുഷ്യരുടെമേലും പകരും; നിങ്ങളുടെ പുത്രന്മാരും പുത്രിമാരും പ്രവചിക്കും, നിങ്ങളുടെ യുവാക്കൾക്കു ദർശനങ്ങളുണ്ടാകും; കർത്താവിന്റെ നാമം വിളിച്ചപേക്ഷിക്കുന്ന ഏതൊരുവനും രക്ഷിക്കപ്പെടും, ഒരുവശം പ്രതിസന്ധികളെങ്കിൽ മറുവശം എന്തായിരിക്കുമെന്ന് മേലുദ്ധരിച്ച വചനങ്ങൾ വ്യക്തമാക്കുന്നു.

ബുദ്ധിഹീനരാകാതെ കർത്താവിന്റെ നാമം വിളിച്ചപേക്ഷിച്ചുകൊണ്ട് സമയം തക്കത്തിൽ ഉപയോഗിക്കുന്നവരാകുവാൻ എല്ലാ മാന്യവായനക്കാരെയും ദൈവം സഹായിക്കട്ടെ എന്ന പ്രാത്ഥനയോടെ ഈ ലക്കം സമർപ്പിച്ചു കൊള്ളുന്നു.

പുസ്തകം 11 ലക്കം 3
മാർച്ച് 2022

# ഈ ലക്കത്തിൽ

മാനേജിങ് എഡിറ്റർ
**ജോയ് എം. തോമസ്**
എഡിറ്റർ
**പി.വി വർഗീസ്**
സബ് എഡിറ്റർ
**അനി ചാക്കോ**
കൺസൾട്ടന്റ് എഡിറ്റർ
**എം. സി. കുര്യൻ**
പ്രിന്റർ & പബ്ലീഷർ
**എം. റ്റി. ജയിംസ്**
മാനേജർ
**ഷാജി ഉമ്മൻ**
അഡ്വൈസറി ബോർഡ്
**സുവി. പി.ഐ. ഏബ്രഹാം**
**പാസ്റ്റർ ബാബു ചെറിയാൻ**
**പാസ്റ്റർ കെ.ജെ. മാത്യു**
**ഡോ. മാത്യു ഫിന്നി**
**ഡോ. സി.റ്റി. ലൂയിസ്കുട്ടി**
ഗ്രാഫിക്സ്
**ഷൈൻ കെ. സാമുവൽ**

Address :

**Righteous Path Publication Trust**
Mackal Building,Oravakal,
Amayannoor P.O, Kottayam,
Kerala - 686019.
**Office : 9495 435 336**
**Editor : 9495 213 269**
E-mail: editornerveedhi@gmail.com

**www.nerveedhi.com**

Printed by M.T James and Published by M.T James on behalf of The Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019. Editor P.V Varghese.

Annual Subscription Rs200.00

**തിരക്കുകൾ ഒരു കുരുക്കാകരുത്** 4
ജോയ് എം. തോമസ്

**പ്രത്യക്ഷതയിൽ ലജ്ജിച്ചുപോകാതെ...** 7
സാജു മാത്യു

**വലിയ ഒരു കൊയ്ത്തിനായി ഒരുങ്ങാം** 9
ബാബു ചെറിയാൻ

**യേശുവിന്റെ ഹൃദയത്തിലേക്ക് ഒരു എത്തിനോട്ടം** 11
ഡേവിഡ് വിൽക്കേഴ്സൺ

**അവനോടു കൂടെ സകലതും** 13
ചെയ്സ് ജോസഫ്

**കൗൺസലിംഗ് വീഥി** 16
ഡോ. സജികുമാർ കെ. പി.

**പരിശുദ്ധാത്മശക്തിയാൽ ഭീരുത്വത്തെ കീഴടക്കാം** 18
ജോർജ് മാത്യു, പുതുപ്പള്ളി

**മരണത്തിലൂടെ ജീവങ്കലേയ്ക്ക്** 21
ബെഞ്ചമിൻ വർഗീസ്

**വനിതാ വീഥി** 23
ജെസ്സി സാജു

**വേദ അധ്യയനം** 25
ജോയ് എം. തോമസ്

**വാർത്താ വീഥി** 30

**സമയത്തിന്റെ വില** 31
എംസി



ജോയ് എം. തോമസ്

# തിരക്കുകൾ ഒരു കുരുക്കാകരുത്

**തി**രക്കുകൾ വർദ്ധിക്കുന്നതായിട്ടല്ലേ അനുഭവത്തിൽ നമുക്ക് മനസ്സിലാകുന്നത്? അതെ എന്നുതന്നെ ആയിരിക്കും നിങ്ങളിൽ ഭൂരിപക്ഷമാളുകളും നൽകുന്ന മറുപടി. ജീവിതത്തിരക്കുകൾ ഒരു കുരുക്ക് ആകാതിരിക്കാൻ നാം വളരെ ശ്രദ്ധിക്കേണ്ടിയിരിക്കുന്നു. സമയങ്ങളും അവസരങ്ങളും ഏറ്റവും ഫലവത്തായി ഉപയോഗിക്കുവാൻ ദൈവത്തിൽനിന്നും ജ്ഞാനവും കൃപയും പ്രാപിക്കുക എന്നതാണ് നാം ചെയ്യേണ്ടിയിരിക്കുന്നത്.

തിരുവചനത്തിൽ നല്കിയിരിക്കുന്ന പ്രബോധനം ശ്രദ്ധിക്കുക. ഇത് ദുഷ്ക്കാലം ആകയാൽ സമയം തക്കത്തിൽ ഉപയോഗിച്ച് കൊള്ളുവിൻ. ബുദ്ധിഹീനരാകാതെ കർത്താവിന്റെ ഇഷ്ടം ഇന്നതെന്ന് ഗ്രഹിച്ചു കൊള്ളുവിൻ. (എഫേസ്യർ 5 :16,17 )

ദുഷ്ക്കാലം എന്നാൽ തിന്മകളുടെ ദിനങ്ങൾ എന്നാണ് അർത്ഥമാക്കുന്നത്. അന്നും ഇന്നും തിന്മയുടെ ദിനങ്ങൾ തന്നെയാണ്. പിശാചിന്റെ അധീനതയിലും അവന്റെ ദൂതന്മാരായ ദുരാത്മാക്കൾ യഥേഷ്ടം അലഞ്ഞ് തിരിഞ്ഞ് നടക്കുന്നതുമായ ഈ ലോകത്തിൽ തിന്മ വർദ്ധിച്ചുകൊണ്ടിരിക്കുന്നു. അതുകൊണ്ട് ഈ ലോകത്തിൽ നമുക്ക് നേരിടുവാനുള്ള പരീക്ഷകളും വളരെയേറെയാണ്. എന്നാൽ ഈ പ്രതിസന്ധിയിൽ നമ്മെ സഹായിക്കുവാൻ ദൈവത്തിന്റെ പരിശുദ്ധാത്മാവ് നല്ല സഹായകൻ ആയിട്ട് ഉള്ളതിനാൽ പരീക്ഷകളെ ജയിച്ച് തിന്മകളെ കീഴടക്കി ജയാളികളായി മുന്നേറുവാൻ നമുക്ക് കഴിയും.

പിശാച് നമ്മുടെ മുൻപിൽ വയ്ക്കുന്ന ഒരു പരീക്ഷയാണ് ജീവിതത്തിരക്ക് എന്നത്. തിരക്ക് വർദ്ധിക്കുമ്പോൾ എല്ലാം ചെയ്യുവാൻ കഴിയാതെ നാം കുഴയുമല്ലോ. അത് നമ്മിൽ മാനസിക സമ്മർദ്ദം വർദ്ധിപ്പിക്കും. അപ്പോൾ അസഹിഷ്ണുരായാൽ ഭോഷത്വം ആയ തീരുമാനങ്ങളും പ്രവർത്തികളും ഉണ്ടാകും. തിരക്കുകൾക്കുള്ളിൽ ഒളിഞ്ഞിരിക്കുന്ന ചതി അത് തന്നെയാണ്.

**മുൻഗണനാക്രമം ശരിയാക്കി പ്രവർത്തിക്കുവാൻ ഉത്സുകരായിരിക്കുക എന്നതാണ് തിരക്കുകളുടെ കുരുക്കിൽ നാം അകപ്പെടാതിരിക്കാൻ ചെയ്യേണ്ടത്. മുൻഗണനാക്രമം ശരിയായി നിശ്ചയിക്കണം എങ്കിൽ ദൈവഹിതത്തെക്കുറിച്ചുള്ള ബോധ്യം നമുക്കുണ്ടായിരിക്കണം.**

മുൻഗണനാക്രമം ശരിയാക്കി പ്രവർത്തിക്കുവാൻ ഉത്സുകരായിരിക്കുക എന്നതാണ് തിരക്കുകളുടെ കുരുക്കിൽ നാം അകപ്പെടാതിരിക്കാൻ ചെയ്യേണ്ടത്. മുൻഗണനാക്രമം ശരിയായി നിശ്ചയിക്കണം എങ്കിൽ ദൈവഹിതത്തെക്കുറിച്ചുള്ള ബോധ്യം നമുക്കുണ്ടായിരിക്കണം. നമ്മുടെ ഓരോരുത്തരുടെയും

മുൻഗണനാക്രമം നിശ്ചയിക്കുന്നതിന് ദൈവദൃഷ്ടിയിൽ നമ്മുടെ ജീവിത ഉദ്ദേശ്യം പൂർത്തീകരിക്കുന്നതിനു ചെയ്യേണ്ട കാര്യങ്ങളെക്കുറിച്ച് അറിവുള്ളവർ ആയിരിക്കുക. നമ്മുടെ ഈ ലോക ജീവിതത്തിൽ ചെയ്യേണ്ട കാര്യങ്ങളെ അതിപ്രധാനമായത്, പ്രധാനമായത്, ആവശ്യമായത് എന്നിങ്ങനെ നിശ്ചയിക്കുക. അപ്പോൾ അനാവശ്യമായ പലതും കാണും. അവയെ ഒഴിവാക്കുവാനും കഴിയും. മുൻഗണനാക്രമത്തിൽ ദൈവത്തിനു തന്നെ ആയിരിക്കണമല്ലോ പ്രഥമസ്ഥാനം. ദൈവത്തിന് പ്രഥമസ്ഥാനം നൽകിക്കൊണ്ടുള്ള ഒരു ജീവിത ദർശനമാണ് നമുക്ക് ഉണ്ടായിരിക്കേണ്ടത്. പ്രഥമസ്ഥാനം ദൈവത്തിന് കൊടുത്തുകൊണ്ട് ചിന്തിക്കുകയും പ്ലാൻ ചെയ്യുകയും പ്രവർത്തിച്ചു തുടങ്ങുകയും ചെയ്യുമ്പോൾ, ബാക്കിയുള്ളവയും ശരിയായ സ്ഥാനത്ത് ദൈവത്താൽ ഉറപ്പിക്കപ്പെടും. യേശു, കർത്താവായി, രാജാവായി നമ്മിൽ വാഴുന്നു എങ്കിൽ എല്ലാം അവിടുന്ന് തന്നെ ക്രമത്തിൽ ആക്കും. അങ്ങനെ മാത്രമേ കാര്യങ്ങൾ ശരിയാവുകയുള്ളൂ. അപ്പോൾ പരിശുദ്ധാത്മാവ് നമ്മുടെ സഹായകനായി നമ്മെ വഴി നടത്തും. പരിശുദ്ധാത്മാവിന്റെ വഴി നടത്തിപ്പിന് നാം വിധേയപ്പെട്ടിരിക്കുമ്പോൾ ജീവിത സമ്മർദ്ദങ്ങൾ ഒഴിവായി, ദൈവീക സമാധാനത്താൽ നിറഞ്ഞവരായി ജീവിക്കുവാൻ നമുക്ക് ഇടയാകും.

സാധാരണമനുഷ്യരുടെ മുൻഗണനാക്രമത്തിൽ വ്യത്യാസമുണ്ട്. ചിലർക്ക് ഏറ്റവും പ്രധാനപ്പെട്ടത് അവരുടെ മാതാപിതാക്കൾ ആയിരിക്കും. ചിലർക്ക് ജീവിതപങ്കാളി എല്ലാമെല്ലാമാണ്. മറ്റു ചിലർക്ക് ഏറ്റവും കൂടുതൽ സ്നേഹം മക്കളോട് ആയിരിക്കും. വേറെ ചിലർക്ക് സമ്പത്താണ് അതിപ്രധാനം. വസ്തുവകകൾ, വീട്... തുടങ്ങിയവയിൽ അവരുടെ മനസ്സ് പതിഞ്ഞിരിക്കുന്നു. എന്നാൽ ചിലർക്ക് അവരുടെ സ്നേഹിതരോ സഹോദരനോ സഹോദരിയോ ഒക്കെ ആയിരിക്കും ഏറ്റവും പ്രധാനപ്പെട്ടത്. ഒരുപക്ഷേ ചിലർ സ്വാർത്ഥരും അവർക്ക് അവരുതന്നെ ആയിരിക്കും എല്ലാമെല്ലാം. ഇതെല്ലാം സന്തുലിതാവസ്ഥ തെറ്റിയുള്ള മുൻഗണനാക്രമം ആണ്.

കർത്താവിനെ അനുഗമിക്കുന്നവർ കാര്യങ്ങൾ ആദ്യം മുൻഗണനാക്രമത്തിൽ ആക്കുവാൻ കർത്താവ് ആവശ്യപ്പെടുന്നു. എന്നെക്കാൾ അധികം അപ്പനെയോ അമ്മയെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല, എന്നേക്കാൾ അധികം മകനെയോ മകളെയോ പ്രിയപ്പെടുന്നവൻ എനിക്ക് യോഗ്യനല്ല (മത്തായി 10:37). കർത്താവിനു തന്നെ പ്രഥമസ്ഥാനം കൊടുത്തെങ്കിലെ അനുഗമനം സാധ്യമാവുകയുള്ളൂ. മുൻഗണനയിൽ കർത്താവ് ഒന്നാമത് ആകുമ്പോൾ മാത്രമേ എല്ലാം ക്രമത്തിൽ ആവുകയുള്ളൂ.

കർത്താവിന് മുൻഗണന കൊടുക്കുന്നവരുടെ ജീവിതശൈലി വ്യത്യസ്തമായിരിക്കും. സ്വർഗീയ പൗരന്മാരാണ് തങ്ങൾ എന്നും ഈ ലോകത്തിൽ അൽപനാളുകൾ പരദേശികൾ ആയി പാർക്കുന്നവരാണ് തങ്ങൾ എന്നും ഉള്ള തിരിച്ചറിവാണ് അവരുടെ വ്യത്യസ്തതയ്ക്ക് കാരണം. അതിനാൽ എല്ലാം നിത്യതയുടെ വെളിച്ചത്തിൽ ആയിരിക്കും അവർ വിലയിരുത്തുന്നത്. നിത്യതയിൽ ലാഭം ആകുന്നതാണ് അവർക്ക് ലാഭം. കർത്താവിനായി പൂർണ്ണമായും തങ്ങളെത്തന്നെ സമർപ്പിച്ചിരിക്കുകയാൽ തങ്ങളുടെ സമയവും, പണവും, താലന്തുകളും തുടങ്ങി എല്ലാം എത്രത്തോളം കർത്താവിന്റെ മഹത്വത്തിനായി ചെലവിടാൻ കഴിയുന്നുവോ അതിൽ അവർ സന്തോഷിക്കുന്നു. അവരുടെ ഈ ഉത്സാഹം അവരുടെ ജീവിതത്തെ ഫലം ഉള്ളതാക്കുന്നു.

തിരക്കുകൾ വർദ്ധിക്കുമ്പോൾ സാധാരണ ആത്മീയകാര്യങ്ങൾ ഒഴിവാക്കുവാൻ ആണ് പലരും ശ്രമിക്കുന്നത്. പ്രാർത്ഥനാസമയം വെട്ടിക്കുറയ്ക്കുകയോ പ്രാർത്ഥനയില്ലാതെ ആവുകയോ ചെയ്യുന്നു. വചനധ്യാനം ഇല്ലാതാകുന്നു. സഭായോഗങ്ങളിൽ സംബന്ധിക്കുന്നത് ഔപചാരികത മാത്രമായി മാറുന്നു. കർത്താവിനെ സാക്ഷിക്കുന്നതിനും മറ്റുള്ളവരെ കർത്താവിനായിനേടുവാനുള്ള ആഗ്രഹവും ഇല്ലാതാകുന്നു. വെറുമൊരു യാന്ത്രിക ആത്മീകജീവിതം നയിക്കുന്നു എന്ന് പറയാം. എന്താണ് ഈ നിഷ്ക്രിയതയുടെ കാരണം? മുൻഗണന തെറ്റി എന്നത് തന്നെ!

എബ്രായലേഖനത്തിൽ നമുക്ക് നൽകുന്ന പ്രബോധനം ശ്രദ്ധിക്കുക: ചിലർ ചെയ്യുന്നതുപോലെ നമ്മുടെ സഭായോഗങ്ങളെ ഉപേക്ഷിക്കാതെ തമ്മിൽ പ്രബോധിപ്പിച്ചു കൊണ്ട് സ്നേഹത്തിനും സൽപ്രവൃത്തികൾക്കും ഉത്സാഹം വർദ്ധിപ്പിക്കുവാൻ അന്യോന്യം സൂക്ഷിച്ചു കൊള്ളുക. നാൾ സമീപിക്കുന്നു എന്ന് കാണും തോറും അത് അധികം അധികമായി ചെയ്യേണ്ടതാകുന്നു (എബ്രായർ 10 :24,25 ).

കർത്താവിന്റെ വരവ് അടുത്തു എന്ന ചിന്ത നമ്മെ ഭരിക്കണം. കൊറോണ വൈറസിന്റെ

വ്യാപനത്താൽ ലോകം അനുഭവിച്ചതും ഇന്നും അനുഭവിച്ചു കൊണ്ടിരിക്കുന്നതുമായ ദുരിതങ്ങൾ കണ്ടിട്ടും, അനുഭവിച്ചിട്ടും, കർത്താവിന്റെ വരവ് അടുത്തു എന്ന് ചിന്തിക്കുവാനും, കർത്താവ് വേഗം വരണമെന്ന് വാഞ്ഛിക്കുന്ന പ്രത്യാശയാൽ നിറയുവാനും നമുക്ക് കഴിയുന്നില്ല എങ്കിൽ എത്ര കഷ്ടം എന്ന് ചിന്തിക്കുക. ലോകസംഭവങ്ങൾ എല്ലാം കർത്താവിന്റെ വരവ് ഏറ്റവും അടുത്തു എന്ന് അടിവരയിട്ട് ഉറപ്പിക്കുകയല്ലേ?

**കർത്താവിന്റെ വരവ് സമീപിക്കുന്നു എന്ന് അറിയുമ്പോൾ നമ്മിൽ വർദ്ധിച്ചു വരേണ്ടുന്ന കാര്യങ്ങൾ:**

1. ദൈവമക്കൾക്ക് അന്യോന്യമുള്ള സ്നേഹം
2. സൽപ്രവൃത്തികൾ ചെയ്യുവാനുള്ള ഉത്സാഹം.

അതിനാൽ ദൈവമക്കൾ അന്യോന്യം കാണുന്നതിനും ദൈവത്തെ ആരാധിക്കുന്നതിനും വചനം പഠിക്കുന്നതിനും ഒരുമിച്ചു കൂടുന്നത് അവഗണിക്കപ്പെടാൻ പാടില്ല. തിരക്കുകൾക്ക് അടിമപ്പെട്ട് നമ്മിൽ ആരും നിഷ്ക്രിയരായിത്തീരുവാൻ പാടില്ല.

മുൻഗണന ക്രമപ്പെടുത്തുന്നതിനോടൊപ്പം നാമെല്ലാവരും ഉത്സാഹികളും ആയിത്തീരണം. ഹൃദയത്തിൽ മടുപ്പ് ഉണ്ടാകുവാൻ പാടില്ല. കർത്താവിൽ നിന്നും നമ്മുടെ ശ്രദ്ധ അകന്നാൽ നമ്മുടെ ഹൃദയത്തെ മടുപ്പിക്കുന്ന ധാരാളം കാര്യങ്ങൾ പിശാച് കാണിച്ചുതരും. നാം അനുഗമിക്കേണ്ടുന്നത് യേശുവിനെ മാത്രമാണെന്നും നമ്മുടെ ലക്ഷ്യം യേശു മാത്രമാണെന്നും അതിനാൽ നമ്മുടെ കണ്ണുകൾ എപ്പോഴും പതിഞ്ഞിരിക്കേണ്ടത് യേശുവിൽ മാത്രമാണെന്നും ബോധപൂർവ്വം ഓർമ്മിക്കാം. ഉത്സാഹം വർദ്ധിക്കുമ്പോൾ സമയം തക്കത്തിൽ ഉപയോഗിക്കുവാൻ നമുക്ക് ഇടയാകും.

സമയവും അവസരങ്ങളും അല്പംപോലും നഷ്ടപ്പെടുത്താതെ, അത് ശരിയായതിനുവേണ്ടി ശരിയായി ഉപയോഗിക്കുന്നതാണ് ബുദ്ധി. കർത്താവിന്റെ ഹിതം എന്ത് എന്നറിഞ്ഞ് പ്രവർത്തിക്കുന്നതാണ് ശരിയായിട്ടുള്ളത്. ദൈവഹിതം നിവർത്തിക്കുവാനുള്ള അവസരങ്ങളാണ് ഓരോ ദിവസവും നമ്മുടെ മുൻപിൽ ഉള്ളത്. അത് തക്കത്തിൽ പ്രയോജനപ്പെടുത്തുവാൻ കഴിഞ്ഞാൽ നമ്മുടെ ജീവിതം ധന്യമായി! •

**നമ്മുടെ ദൈവഭക്തി ഘടികാരത്താൽ അളക്കപ്പെടുന്നില്ല, അപ്പോൾത്തന്നെ സമയം പ്രധാനവുമാണ്. ദൈവാലോചനയ്ക്കായി കാത്തിരിക്കാനും പ്രാഗത്ഭ്യത്തോടെ ദൈവമുമ്പാകെ നിൽക്കാനും ദൈവഹിതത്തിനെതിരായി നമ്മിലുയർന്നു വരുന്ന ജഡത്തിന്റെ എല്ലാ ഇച്ഛകളെയും അമർത്താനുമുള്ള കഴിവ് ദൈവവുമായുള്ള നമ്മുടെ സഹവാസത്തിൽ നിന്ന് മാത്രമേ നമ്മിൽ ഉളവാകുകയും നിലനിൽക്കുകയും ചെയ്യുകയുള്ളൂ.**

**ദൈവത്തിന്റെ സമാഗമം തിടുക്കത്തിൽ ഉണ്ടാകുന്നതല്ല.**

**തിരക്കുകൂട്ടി വരുന്നവർക്കും പോകുന്നവർക്കും ദൈവം തന്റെ ദാനങ്ങൾ നൽകുന്നില്ല. ദൈവത്തെ അറിയുന്നതിന്റെയും ദൈവത്തിൽ നിന്ന് പ്രാപിക്കുന്നതിന്റെയും രഹസ്യം ദൈവം മാത്രം അറിയുന്ന ആത്മബന്ധമാണ്.**

**ഈ ലോകത്ത് ദൈവത്തിനായി ഏറ്റവും കൂടുതൽ കാര്യങ്ങൾ ചെയ്ത മനുഷ്യർ തിരക്കൊഴിവാക്കി സമയം കണ്ടെത്തി ദൈവമുമ്പാകെ മുട്ടുകുത്തിയവരാണ്.**

**പരിശുദ്ധിയിലും ഭക്തിയിലും വളരുന്നവർ എത്ര വലിയ തിരക്കിനിടയിലും കൂടുതൽ സമയം പ്രാർത്ഥനാനിർഭരമായ ജീവിതം നയിക്കുന്നവരായിരിക്കും.**

***E. M Bounds***



സാജു മാത്യു

# പ്രത്യക്ഷതയിൽ ലജ്ജിച്ചുപോകാതെ...

***ഇനിയും കുഞ്ഞുങ്ങളേ, അവൻ പ്രത്യക്ഷനാകുമ്പോൾ നാം അവന്റെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവന്റെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു അവനിൽ വസിപ്പിൻ (1 യോഹന്നാൻ 2:28).***

സൗമ്യയും രമ്യയും സഹോദരിമാർ. സൗമ്യയ്ക്കു ഏഴു വയസ്സും, രമ്യയ്ക്കു മൂന്നു വയസ്സും. അമ്മ സുമയ്ക്ക് അത്യാവശ്യമായി ടൗണിൽ ചില ഔദ്യോഗിക ആവശ്യങ്ങൾക്കായി പോകേണ്ടി വന്നു. രാവിലെ എട്ടരയുടെ ബസിനു പോകണം. ഇളയമകൾ രമ്യ ഉണർന്നിട്ടില്ല. മൂത്തവളെ അമ്മ പെട്ടെന്നു ഭക്ഷണം കഴിപ്പിച്ചു. ഇളയമകൾക്കുള്ള പാലും മറ്റും ഒരുക്കിവച്ചു; സൗമ്യയെ വിളിച്ച്, രമ്യ ഉണരുമ്പോൾ അവൾക്കു പാലു കൊടുക്കണമെന്നും, അവളെ ഒരുക്കണമെന്നും, ഭക്ഷണം കൊടുക്കണമെന്നും, അവളോടുകൂടെ കളിക്കണമെന്നും ഉച്ചയ്ക്ക് ഇരുവരും ഒരുമിച്ചു ഭക്ഷണം കഴിക്കണമെന്നും ഒക്കെയുള്ള നിർദേശങ്ങൾ നല്കി. ഉച്ചഭക്ഷണം കഴിഞ്ഞ് രമ്യയെ ഉറക്കണമെന്നും, സൗമ്യ അവളുടെ കൂടെ ഉറങ്ങിക്കൊള്ളണമെന്നും പറഞ്ഞു; താൻ വരുമ്പോഴേക്കും നാലുമണി കഴിയുമെന്നും! എല്ലാം സൗമ്യ സമ്മതിച്ചു.

എന്നാൽ, അമ്മ ടൗണിലേക്കു പുറപ്പെട്ട് അല്പം കഴിഞ്ഞപ്പോൾ അയൽപക്കത്തെ സിന്ധു സൗമ്യയെ കളിക്കാനായി അവളുടെ വീട്ടിലേക്കു വിളിച്ചു. രമ്യയുടെ കാര്യമെല്ലാം മറന്ന് അവൾ ആഹ്ളാദത്തോടെ കൂട്ടുകാരിയുടെ വീട്ടിലേക്കോടി. കളിയുടെ ആവേശത്തിൽ ഉച്ചയായതറിഞ്ഞില്ല. ഇടയ്ക്കു അതുമിതും കഴിച്ച അവൾ വിശപ്പും അറിഞ്ഞില്ല. മൂന്നു വയസ്സുകാരി പാവം രമ്യ, ഉറക്കമുണർന്നപ്പോൾ ആരെയും കണ്ടില്ല. അവൾ പേടിച്ചു കരഞ്ഞു; ആരും കേട്ടില്ല. അവൾക്കു വിശന്നു തലചുറ്റി; ശ്രദ്ധിക്കാൻ ആരുമുണ്ടായിരുന്നില്ല.

കളിയുടെ ആവേശമെല്ലാം കഴിഞ്ഞ് മൂന്നുമണിയോടെ വീട്ടിലെത്തിയ സൗമ്യ കണ്ടത് വിശന്നും പേടിച്ചും കരഞ്ഞ് കണ്ണുകലങ്ങി വാടിത്തളർന്നു കിടക്കുന്ന സഹോദരി രമ്യയെയാണ്! അവൾക്കു സങ്കടവും പേടിയും എല്ലാമുണ്ടായി. നാലുമണി കഴിഞ്ഞ് അമ്മ മടങ്ങിവരുമെന്നു അവൾക്കറിയാം. എന്ത് ഉത്തരം പറയും? അമ്മയുടെ മുമ്പിൽ ധൈര്യത്തോടെ നിൽക്കാൻ അവൾക്കാവുമോ? ഒരിക്കലുമില്ല. അമ്മയുടെ മുമ്പിൽ ലജ്ജിക്കാതെ ധൈര്യപൂർവം ചെന്നുനിൽക്കണമെന്നു അവൾ ആഗ്രഹിച്ചിരുന്നെങ്കിൽ അമ്മ പറഞ്ഞതൊക്കെ അനുസരിച്ച് ക്രമീകൃതമായ രീതിയിൽ അവൾ കാര്യങ്ങൾ നിർവ്വഹിച്ചേനെ...

ഇതിന്റെ പതിന്മടങ്ങു ഗൗരവപൂർണമായ ഒരു സാഹചര്യത്തെയാണു യോഹന്നാൻ തന്റെ വായനക്കാരുടെ മുമ്പിൽ വരച്ചു കാട്ടുന്നത്. നമ്മെ പല കാര്യങ്ങൾ പറഞ്ഞു ഭരമേൽപ്പിച്ചിട്ടു, നമ്മുടെ അരുമനാഥൻ സ്വർഗത്തിൽ പിതാവിന്റെ വലത്തുഭാഗത്തേക്കു പോയിരിക്കുകയാണ്. എന്നാൽ, താമസിയാതെ അവിടുന്ന് മടങ്ങിവരും. “ഇനിയും കുഞ്ഞുങ്ങളേ, അവിടുന്ന് പ്രത്യക്ഷനാകുമ്പോൾ നാം അവിടുത്തെ സന്നിധിയിൽ ലജ്ജിച്ചുപോകാതെ അവിടുത്തെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു യേശുവിൽ വസിപ്പിൻ”(1 യോഹന്നാൻ 2:8).

രണ്ടാം അധ്യായത്തിൽ പിതാക്കന്മാർക്കും കുഞ്ഞുങ്ങൾക്കും ബാല്യക്കാർക്കുമായുള്ള വ്യത്യസ്ത പ്രബോധനങ്ങൾ യോഹന്നാൻ അപ്പൊസ്തലൻ നല്കുന്നുണ്ട്. അതിന്റെയെല്ലാം ഒടുവിൽ എല്ലാവർക്കുമായി അപ്പൊസ്തലൻ

നല്കുന്ന പ്രബോധനമാണ്, അവിടുത്തെ പ്രത്യക്ഷതയിൽ നമുക്കു ധൈര്യം ഉണ്ടാകേണ്ടതിനു യേശുവിൽ വസിപ്പിൻ എന്നത്. വൃദ്ധനായ യോഹന്നാൻ തന്റെ വായനക്കാരെ മൊത്തമായി വിളിക്കുന്നത് കുഞ്ഞുങ്ങളേ എന്നാണ്. രണ്ടാം അധ്യായത്തിന്റെ തുടക്കത്തിൽ എന്റെ കുഞ്ഞുങ്ങളേ എന്ന പ്രയോഗം ശ്രദ്ധിക്കുക.

അവിടുത്തെ പ്രത്യക്ഷതയിൽ നാം അവിടുത്തെ സന്നിധിയിൽ ലജ്ജിച്ചുപോകരുത്. ഇത്ര നാളത്തെ നിങ്ങളുടെ സഹവാസത്തിൽ നിങ്ങൾക്കു ഒരു കാര്യം ഗ്രഹിക്കാൻ കഴിയുമെന്നു ഞാൻ ചിന്തിക്കുന്നു, അവിടുന്ന് നീതിമാനാണ്. അവിടുന്ന് നീതിമാൻ എന്നു നിങ്ങൾ ഗ്രഹിച്ചിരിക്കുന്നുവെങ്കിൽ.. (1 യോഹന്നാൻ 2: 29) നീതിയിൽ വേണം യേശുവിനെ നിങ്ങൾ എതിരേൽക്കേണ്ടത്. നീതി ചെയ്യുന്നവൻ ഒക്കെയും യേശുവിൽ നിന്നു ജനിച്ചിരിക്കുന്നു... യേശുവിൽ നിന്നുള്ള നമ്മുടെ ജനനമാണ് യേശുവിൽ വസിക്കുവാൻ നമ്മെ പ്രാപ്തരാക്കുന്നത്. കൃപയാൽ യേശുവിൽ വസിക്കുമ്പോഴാണു യേശുവിന്റെ നീതി നമ്മിലേക്കു പകരപ്പെടുന്നത്...

ഇതോടു ചേർന്നാണു യോഹന്നാൻ മൂന്നാം അധ്യായം തുടങ്ങുന്നത്.. "കാണ്മീൻ നാം ദൈവമക്കളെന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം തന്നിരിക്കുന്നു... (1 യോഹന്നാൻ 3:1). അതെ, യേശുവിൽ നിന്നു ജനിക്കുവാനും യേശുവിന്റെ മകനാകുവാനും ദൈവം നമുക്കു മഹാഭാഗ്യം നല്കിയിരിക്കുന്നു.

മുകളിൽ പറഞ്ഞ വേദഭാഗത്തിന്റെ തുടർച്ചയായാണു മൂന്നാം അധ്യായം തുടങ്ങുന്നത്. അതിനാൽ ഈ വേദഭാഗത്തിന്റെ തുടക്കം രണ്ടാം അധ്യായത്തിന്റെ 28-ാം വാക്യമാണ് എന്നൊരു ചിന്ത വേദപഠിതാക്കൾക്കിടയിലുണ്ട്. നീതിമാനായ യേശുവിനെ നീതിയിൽ എതിരേൽക്കേണ്ടത് അത്യാവശ്യം. അതിനു കഴിയുന്നില്ലെങ്കിൽ അതു ലജ്ജാകരം. അതിനു കഴിയണമെങ്കിൽ നാം യേശുവിൽ വസിക്കണം. വസിക്കണമെങ്കിൽ നാം യേശുവിൽ നിന്നു ജനിക്കണം. അതിനു ആഗ്രഹിക്കുന്നതു കൊണ്ടാണു ദൈവം വീണ്ടുംജനനത്താൽ നമ്മെ തന്റെ മക്കളാക്കിയത്.

അതെ, ദൈവം നമ്മുടെ പിതാവും നാം അവന്റെ മക്കളും! എത്ര ഉദാത്തമായ ഒരു ബന്ധമാണത്! വാസ്തവത്തിൽ അതൊരു ദൈവപ്രവൃത്തിയാണ്; അല്ലാതെ, എന്റെ പരിശ്രമഫലമായി ഞാൻ നേടിയെടുത്ത ഒരു പദവിയല്ല.. നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ "പിതാവ് എത്ര വലിയ സ്നേഹം നല്കിയിരിക്കുന്നു! പൂർണമായും പിതാവിന്റെ ഔദാര്യമാണ് ഈ പദവി എന്നു യോഹന്നാൻ നമ്മെ ഓർപ്പിക്കുന്നു.

പിതാവ് എന്നെ മകനാക്കി. അത് വെറും വാക്കുകൊണ്ടല്ല. എവിടെയെങ്കിലുമിരുന്നു ദൈവം എന്നെ മകനേ എന്നു വിളിക്കുകയല്ല. അതിനു പിതാവ് വലിയൊരു വിലകൊടുത്തു എന്നാണു യോഹന്നാൻ ഓർമിപ്പിക്കുന്നത്. യോഹന്നാന്റെ തന്നെ വാക്കുകളിൽ, തന്റെ ഏകജാതനായ പുത്രനിൽ വിശ്വസിക്കുന്ന ഏവനും നശിച്ചുപോകാതെ നിത്യജീവൻ പ്രാപിക്കേണ്ടതിനു ദൈവം തന്റെ പുത്രനായ യേശുവിനെ നല്കുവാൻ (മരണത്തിനു ഏല്പിച്ചുകൊടുക്കുവാൻ) തക്കവണ്ണം അത്രയ്ക്കു സ്നേഹിച്ചു (യോഹന്നാൻ 3:16).

എനിക്കു നിത്യജീവൻ നല്കുവാൻ, എന്നെ മകനാക്കുവാൻ ദൈവത്തിനു വലിയ വിലകൊടുക്കേണ്ടി വന്നു. സ്വന്തം പുത്രന്റെ ജീവൻ! ഭൂമിയെയും ആകാശത്തെയും ഒരു വാക്കുകൊണ്ടു വിളിച്ചുവരുത്തിയവൻ ഭൂമിയിൽ മനുഷ്യനെ സൃഷ്ടിക്കുവാൻ സ്വന്തം കൈകൊണ്ടു പണിയെടുത്തു എന്നേയുള്ളൂ. എന്നാൽ, ദൈവത്തെ ഉപേക്ഷിച്ചു പിശാചിന്റെ അടിമനുകത്തിൽ തലവച്ചുകൊടുത്ത എന്നെ വീണ്ടെടുത്തു പുത്രനാക്കുവാൻ യേശുവിനു വലിയ സ്നേഹം -വലിയ ത്യാഗം- കാണിക്കേണ്ടിവന്നു. സ്വന്തപുത്രന്റെ ജീവനാണ് അതിനു കൊടുത്ത വില.

പ്രസിദ്ധമായ ഒരു ക്രൂശിന്റെ ചിത്രം നിങ്ങൾ കണ്ടിട്ടുണ്ടാവുമല്ലോ. യേശുവിന്റെ ചിഹ്നമായി അതിൽ ഒരു ശീല മാത്രമേയുള്ളൂ. അതിന്റെ അടിക്കുറിപ്പ് ഇങ്ങനെയാണ്: "അങ്ങ് എന്നെ എത്ര മാത്രം സ്നേഹിക്കുന്നുണ്ട്?" ഞാൻ യേശുവിനോടു ചോദിച്ചു. കൈകൾ നീട്ടി യേശു പറഞ്ഞു: " ഇത്രമാത്രം" പിന്നെ യേശു മരിച്ചു. (I asked Jesus: How much do you love me? He stretched his hands and said "This much!''.. And He died!)

"ദൈവമക്കൾ" എന്നതു നമ്മുടെ വിളിപ്പേരല്ല (Title), അതൊരു യാഥാർഥ്യമാണ് (Reality). കാണ്മീൻ നാം ദൈവമക്കൾ എന്നു വിളിക്കപ്പെടുവാൻ പിതാവു നമുക്കു എത്ര വലിയ സ്നേഹം നൽകിയിരിക്കുന്നു; അങ്ങനെ തന്നെ നാം ആകുന്നു! ദൈവം പറയുന്നതു ഞാൻ അവനു മകനെ

ശേഷം പേജ് 28 ▶



ബാബു ചെറിയാൻ

# വലിയ ഒരു കൊയ്ത്തിനായി ഒരുങ്ങാം

യഹൂദ്യയിൽ നിന്നും യാത്ര പുറപ്പെട്ട യേശുവും ശിഷ്യന്മാരും മണിക്കൂറുകളോളം ശമര്യയിലൂടെ നടന്നു ഒരു കിണറിനരികെ യെത്തി. ശമര്യയിലെ കിണറ്റിന്നരികെ ഇരിക്കുന്ന യേശുവിനെ നമുക്ക് ഒന്ന് ശ്രദ്ധിക്കാം. അനേക വർഷങ്ങളായി വിലക്കപ്പെട്ട ദേശത്താണ് ഇപ്പോൾ ദൈവപുത്രൻ ഇരിക്കുന്നത്. മതത്തിന്റെ മതിൽ, വളരെ പഴക്കമുള്ളതാണെങ്കിലും യേശുവിന്റെ പാദസ്പർശനത്താൽ അത് ഇടിഞ്ഞു വീഴുകയാണിവിടെ. യഹൂദർക്കും ശമര്യർക്കും ഇടയിൽ ഒരു തരം അയിത്തം ഉണ്ടായിരുന്നു. അതായതു, യഹൂദന്മാർക്കും ശമര്യർക്കും തമ്മിൽ യാതൊരു സമ്പർക്കവും ഉണ്ടായിരുന്നില്ല. തീണ്ടൽ, തൊടീൽ എന്നിങ്ങനെ ഒത്തിരി മതിലുകൾ നമ്മുടെ നാട്ടിലും ഉണ്ടായിരുന്നു. സുവിശേഷം കുറെ മതിലുകൾ ഇടിച്ചിട്ടുണ്ട്. എങ്കിലും ഇനിയും അനേകം മതിലുകൾ ഇടിയേണ്ടതായിട്ടുമുണ്ട്.

യേശുകർത്താവ് ശമര്യയിൽ പോകുവാൻ വേണ്ടിത്തന്നെ വന്നതാണ്. യേശു വഴിനടന്നു ക്ഷീണിച്ച് ഒരു കിണറിന്റെ കരയിലിരുന്നു. പുസ്തകം എഴുതിയ യോഹന്നാൻ കർത്താവിന്റെ കൂടെ സഞ്ചരിച്ചവരിലൊരാളാണ്. അദ്ദേഹം കണ്ടത് എഴുതി. എന്നാൽ യാഥാർത്ഥ്യം എന്താണ്. യേശുകർത്താവ് ഒരാളെ കാത്തിരിക്കുകയാണ്. അത് മറ്റാരുമല്ല അഞ്ച് പുരുഷന്മാരെ വഞ്ചിച്ചവൾ എന്ന് കുപ്രസിദ്ധി നേടിയ ശമര്യാസ്ത്രീയെത്തന്നെ. എങ്കിലും അഞ്ച് ഭർത്താക്കന്മാരെ വഞ്ചിച്ചവൾ എന്ന് സമൂഹം വിലയിരുത്തിയ അവളെ യേശു സ്നേഹിച്ചു. അവളിലൂടെ ശമര്യയിൽ ഒരു വലിയ ആത്മീയ കൊയ്ത്ത് യേശുകർത്താവ് പ്ലാൻ ചെയ്തിരുന്നു. അവൾക്കു വേണ്ടി ഒരു പ്രാവശ്യമല്ല രണ്ടുപ്രാവശ്യം യേശു കാത്തുനിന്നു. ഒന്നാംപ്രാവശ്യം വെള്ളം കോരുവാൻ വരുന്നതും രണ്ടാംപ്രാവശ്യം അവൾ പട്ടണത്തിൽ യേശുവിനെക്കുറിച്ച് അറിയിച്ചിട്ട് മടങ്ങിവരുന്നതും ആണ് ഗൗരവപൂർവ്വം യേശു കാത്തുനിന്നത്. അവളറിയാതെ അവൾക്കു വേണ്ടി യേശുകർത്താവ് നട്ടുച്ചനേരത്ത് വളരെ സമയം കാത്തുനിന്നു.

ഒടുവിൽ കർത്താവ് കാത്തുനിന്ന വ്യക്തി എത്തി. എനിക്ക് കുടിക്കുവാൻ കുറച്ചു വെള്ളം തരുമോ എന്ന ചോദ്യത്തോടെ സംസാരം ആരംഭിക്കുന്നു. ശമര്യാസ്ത്രീ എന്ന പേരിലറിയപ്പെടുന്ന ഇവൾ വലിയ മതഭക്ത ആയിരുന്നു. വിവാഹമോചനവും പുനർവിവാഹവും ഒന്നും മതങ്ങളിലെ ദൈവങ്ങൾക്ക് പ്രശ്നമല്ലല്ലോ. ഞാൻ ഉപേക്ഷണം വെറുക്കുന്നു എന്ന് അരുളിച്ചെയ്തത് ഏകസത്യദൈവമായ യഹോവ ആണല്ലോ. ശമര്യാസ്ത്രീ അവളുടെ മതത്തെക്കുറിച്ച് വാചാലയായി. യേശുകർത്താവ് ഒരു ലക്ഷ്യത്തോടെ വന്നതിനാൽ ലക്ഷ്യത്തിൽ നിന്നുള്ള ശ്രദ്ധ മാറാതെ പിടിച്ചുനിന്നു. ഞങ്ങളുടെ മതത്തിൽ ഉള്ളവർ നിങ്ങളുടെ മതക്കാർക്ക് വെള്ളം കൊടുക്കാറില്ല എന്ന നാട്ടുനടപ്പ് നിനക്കറിയില്ലയോ? വേഷം കണ്ടിട്ട് നീ ഒരു യഹൂദൻ ആണെന്ന് തോന്നുന്നുവല്ലോ... എന്നാണ് സ്ത്രീയുടെ പരാമർശം. ആ വിഷയത്തിൽ നിന്ന് മാറാതെയും ഒരു തർക്കം ഉണ്ടാക്കാതെയും കർത്താവിന്റെ വാക്കുകൾ ജീവജലത്തിങ്കലേക്ക് തിരിഞ്ഞു. യേശു അവളോട് ജീവജലത്തെക്കുറിച്ചു പറഞ്ഞു. അത് പ്രാപിക്കേണ്ടതിന്റെ ആവശ്യകത അവളെ

ബോധ്യപ്പെടുത്തി. നീ എനിക്ക് വെള്ളം തരുവാൻ നിന്റെ മതം അനുവദിക്കുന്നില്ലല്ലോ. എന്നാൽ ജീവജലം ഞാൻ നിനക്ക് തരാം,. നീ തരുന്നത് പച്ചവെള്ളം ആണെങ്കിൽ ഞാൻ തരുന്നത് ജീവജലം ആണ്. നീ തരുവാൻ പോകുന്ന വെള്ളം കുടിക്കുന്നവന് എല്ലാം പിന്നെയും പിന്നെയും ദാഹിക്കും. എന്നാൽ ഞാൻ കൊടുക്കുന്ന വെള്ളം കുടിക്കുന്നവന് ഒരു നാളും ദാഹിക്കുകയില്ല.

ദീർഘനേരത്തെ സംഭാഷണത്തിന് ഒടുവിൽ അവൾക്ക് സത്യത്തിന്റെ പ്രകാശം ലഭിച്ചതിനാൽ അവൾ വെള്ളം കോരുവാൻ കൊണ്ടുവന്ന പാത്രം വെച്ചിട്ട് പട്ടണത്തിലേയ്ക്ക് ഓടി. അവൾ തിരികെ വരുന്നതുവരെ യേശു രണ്ടാംപ്രാവശ്യവും അവൾക്കായി കാത്തുനിന്നു. ഇപ്പോൾ അവൾ വരുന്നത് ഒറ്റയ്ക്കല്ല. ശമര്യയിൽ ഒരു വലിയകൊയ്ത്തിന്റെ സൂചനയും ആയിട്ടാണ് വരുന്നത്. ശമര്യ ജനതദീർഘകാലംഅനുഭവിച്ചിരുന്ന അടിമത്തം, അജ്ഞത, അന്ധകാരം, ഇവയിൽ നിന്നുള്ള മോചനം ആണ് ഇപ്പോൾ അവൾ കാണുന്നത്.

ഈ സംഭാഷണത്തിന്റെയും സംഭവങ്ങളുടെയും ആഴം അറിയാതിരുന്ന ശിഷ്യന്മാർ യേശുവിനെ ഭക്ഷണത്തിനായി ക്ഷണിക്കുന്നു. നിങ്ങൾ അറിയാത്ത ആഹാരം എനിക്കുണ്ട് എന്നു പറഞ്ഞ് യേശു അവരെ തിരുത്തുവാൻ ശ്രമിക്കുന്നു. മാത്രമല്ല ഒരു വലിയ കൊയ്ത്തിന്റെ ദർശനം അവർക്ക് നൽകുന്നു. അതാണു ഈ സംഭവത്തിലെ പ്രധാന വചനം (യോഹന്നാൻ 4:35 ). നിങ്ങൾ തല പൊക്കി നോക്കിയാൽ നിലങ്ങൾ ഇപ്പോൾത്തന്നെ കൊയ്ത്തിനായി വെളുത്തിരിക്കുന്നത് കാണാം.

അതെ, അതു തന്നെയാണ് കർത്താവ് നമ്മോടും പറയുന്നത്. നിങ്ങൾ കാണാത്ത വയലുകളെ ഇപ്പോൾത്തന്നെ കാണണം. കൊയ്ത്തിന്റെ സമയം തെറ്റിയിരിക്കുന്നു. ഇനി വൈകിയാൽ വിളവ് നശിക്കും. വൈകുന്ന ഓരോ നിമിഷത്തിലും അനേകം മണികൾ നശിക്കുകയാണ്. മാത്രമല്ല കൊയ്ത്ത് വളരെ ഉണ്ട്. ചെറിയ കൊയ്ത്തല്ല വലിയ കൊയ്ത്താണ്. വേലക്കാരുടെ ലഭ്യതയാണ് വലിയ പ്രശ്നം. രണ്ടായിരം വർഷങ്ങൾക്കു മുൻപ് വേലക്കാരോ ചുരുക്കം എന്ന് പറഞ്ഞ യേശുകർത്താവ് ഇപ്പോഴും അതു തന്നെ പറയുന്നു.

ഒരു വലിയ കൊയ്ത്തിനായി ഒരുങ്ങാം. ധന ദൗർലഭ്യം അല്ല കൊയ്ത്തിന് തടസ്സം. വേലക്കാരുടെ ദൗർലഭ്യമാണ്. ദൂതന്മാരെ ഈ ദൗത്യം ഏൽപ്പിക്കുവാൻ കർത്താവിന് ഉദ്ദേശ്യമില്ല. നമ്മെ ഓരോരുത്തരെയും ആണ് യേശുകർത്താവ് ഈ ദൗത്യം ഏൽപ്പിക്കുവാൻ നോക്കുന്നത്. ശമര്യക്കാരിക്കു വേണ്ടി യേശു കാത്തിരുന്ന അതേ ഉദ്വേഗത്തോടെ, മനസൊരുക്കവും സമർപ്പണവും ഉള്ള വേലക്കാർക്കു വേണ്ടി യേശു ഇന്നും കാത്തിരിക്കുന്നു. അത് നാം ഓരോരുത്തരുമാണ്. ഇനിയും അധികം സമയമില്ല, വാതിലുകൾ അടയുന്നു, വേഗം ഉണരാം... കണ്ണ് തുറക്കാം... തല പൊക്കി നോക്കാം... വയലുകളെ കാണാം...

•

- **നിങ്ങളുടെ എല്ലാ കൃപകളുടെയും വർദ്ധനവ് വചനധ്യാനത്തിലൂടെ നിങ്ങൾ കണ്ടെത്തുന്നില്ലെങ്കിൽ...**
- **ശരാശരി ക്രിസ്ത്യാനിയുടെ നിലവാരത്തിനപ്പുറം വളരുവാൻ കഴിയുന്നില്ലെങ്കിൽ...**
- **വിവേചനബുദ്ധിയോടെ വിലയിരുത്തുന്നവരുടെ ദൃഷ്ടിയിൽ നിങ്ങളെ ആക്കിയിരിക്കുന്ന സ്ഥാനത്ത് കൂടുതൽ പ്രയോജനമുള്ളവരായും വിലപ്പെട്ടവരായും കാണപ്പെടുന്നില്ലെങ്കിൽ ...**
- **നിങ്ങളുടെ ആത്മാവിൽ ദൈവവുമായുള്ള ആശയവിനിമയം ഒരു മധുരസമ്പർക്കമായി ആസ്വദിക്കുവാൻ കഴിയുന്നില്ലെങ്കിൽ...**
- **നിങ്ങളുടെ ജീവിതം ആശ്വാസം നിറഞ്ഞതും സംതൃപ്തവും അല്ലെങ്കിൽ...**
- **മരണത്തെ മുഖാമുഖം നേരിടുമ്പോൾ വചനം ഹൃദ്യമായി അനുഭവപ്പെടുന്നില്ലെങ്കിൽ...**
- **വചനം ധ്യാനിക്കേണ്ടതുപോലെ വേണ്ടുംവണ്ണം ധ്യാനിച്ചിട്ടില്ല, ഹൃദയത്തിൽ സംഗ്രഹിച്ചിട്ടുമില്ല എന്നാണ് മനസിലാക്കേണ്ടത്.**



ഡേവിഡ് വിൽക്കേഴ്സൺ

# യേശുവിന്റെ ഹൃദയത്തിലേക്ക് ഒരു എത്തിനോട്ടം

**നി**ങ്ങളിൽ ആർക്കെങ്കിലും ഉഴുകയോ കന്നുകാലികളെ മേയ്ക്കുകയോ ചെയ്യുന്ന ഒരു ദാസൻ ഉണ്ടെന്നിരിക്കട്ടെ. അവൻ വയലിൽ നിന്ന് വരുമ്പോൾ: നീ ക്ഷണത്തിൽ പോയി ഭക്ഷണത്തിന് ഇരിക്കുക എന്ന് അവനോടു പറയുമോ? അല്ല, എനിക്ക് അത്താഴമൊരുക്കുക, ഞാൻ ഭക്ഷിച്ചു കുടിച്ചു കഴിയുവോളം, അവനോടു, അര കെട്ടി എന്നെ ശുശ്രൂഷിക്ക; അതിനുശേഷം നീ തിന്നുകയും കുടിക്കുകയും ചെയ്യുക എന്ന് പറയുകയില്ലയോ? (ലൂക്കോസ് 17: 7,8).

യജമാനനോടുള്ള കടമ നിർവഹിക്കുന്നതിന്റെ അടിസ്ഥാനത്തിൽ ഒരു ദാസനെ തിരിച്ചറിയാൻ നമുക്ക് ഒരു ബുദ്ധിമുട്ടും ഇല്ല. ഭക്തിയാദരപൂർവം ഒരുക്കത്തോടെ കർത്താവിനു സ്തുതികളുടെ ഒരു മേശ ഒരുക്കി വിളമ്പുന്നതും ആരാധനയുടെ ഒരു നല്ല വിരുന്ന് തയ്യാറാക്കി നൽകുന്നതുമായി താരതമ്യം ചെയ്തുകൊണ്ട്, മേല്പറഞ്ഞ വചനത്തിൽ ദാസൻ യജമാനനെ ശുശ്രൂഷിക്കുന്നതിനോട് ഉപമിച്ചിരിക്കുന്നു. ആരാധനയും സ്തുതിസ്തോത്രങ്ങളും കർത്താവിനു അർപ്പിക്കുന്നതിലൂടെ കർത്താവിനു നന്ദി കരേറ്റുവാനും മഹത്വം അർപ്പിക്കുവാനും, അങ്ങനെ കർത്താവിനെ പ്രസാദിപ്പിക്കുവാനും നാം തയ്യാറാവണം. അത് നമ്മുടെ ഏറ്റവും വലിയ സന്തോഷമാണ്, നമ്മുടെ പരമോന്നത ലക്ഷ്യം യജമാനനായ കർത്താവിനെ സേവിച്ചു ശുശ്രൂഷിക്കുക എന്നതാണ്. അതോടൊപ്പം കർത്താവിൽ നിന്നുമുള്ള ശുശ്രൂഷകളും നാം രുചിച്ചറിഞ്ഞു കർത്താവിനു പ്രമോദവും ആയിരിക്കണം.

**നമ്മുടെ പരമോന്നത ലക്ഷ്യം യജമാനനായ കർത്താവിനെ സേവിച്ചു ശുശ്രൂഷിക്കുക എന്നതാണ്. അതോടൊപ്പം കർത്താവിൽ നിന്നുമുള്ള ശുശ്രൂഷകളും നാം രുചിച്ചറിഞ്ഞു കർത്താവിനു പ്രമോദവും ആയിരിക്കണം.**

പകലത്തെ ജോലി കഴിഞ്ഞു ക്ഷീണിച്ചു വന്ന ദാസനോട്, ഞാൻ തിന്നു കുടിച്ചു തൃപ്തനാകുന്നത് വരെ നീ എനിക്ക് ശുശ്രൂഷ ചെയ്യുക എന്ന യജമാനന്റെ വാക്കു നമുക്ക് ഉൾക്കൊള്ളുവാൻ പ്രയാസമുള്ള ഒരു കാര്യമാണ്. യജമാനന് ഭക്ഷണപാനീയങ്ങൾ നൽകി അദ്ദേഹത്തെ ശുശ്രൂഷിച്ചപ്പോൾ ദാസൻ അനുഭവിച്ച സന്തോഷം പോലെ, യജമാനൻ ശുശ്രൂഷിക്കുമ്പോൾ തനിക്കും അതിലുപരിയായ സന്തോഷം പ്രാപിപ്പിക്കുവാൻ തക്കവണ്ണം യജമാനന്റെ മുമ്പാകെ നാം എപ്രകാരം ആയിരിക്കണം എന്ന് മനസ്സിലാക്കുവാൻ പലപ്പോഴും നമുക്ക് കഴിയാറില്ല. യജമാനനെ സേവിക്കുമ്പോൾ ദാസൻ അനുഭവിച്ച അതേ സന്തോഷം, യജമാനനും ലഭിക്കുവാൻ അവിടുന്ന് ആഗ്രഹിക്കുന്നു. ഇപ്രകാരം പ്രതികരിക്കുവാൻ നാം ജാഗ്രതയുള്ളവരായിരിക്കണം.

നാം ചെയ്യുന്ന കാര്യങ്ങളിൽ നിന്ന് വേണ്ടത്ര സന്തോഷം നമ്മുടെ

കർത്താവിന് ലഭിക്കുന്നുണ്ടെന്ന് പലപ്പോഴും നാം കരുതുന്നു, എന്നാൽ നാം കരുതുന്നതിലുമധിക മായി വളരെയധികം കാര്യങ്ങൾ ഉണ്ട്. അനുത പിക്കുമ്പോൾ അവിടുന്നു നമ്മുടെ വിശ്വാസ ത്തോട് പ്രതികരിക്കുകയും അതിൽ സന്തോഷി ക്കുകയും ചെയ്യുന്നു. നമ്മുടെ ശിശുസമാന വി ശ്വാസത്തിൽ സന്തോഷിക്കുകയും അവിടുന്ന് ന മുക്ക് വേണ്ടി പിതാവിനോട് പ്രാർത്ഥിക്കുകയും ചെയ്യുന്നു. ശിശുക്കൾ യുക്തി ഉപയോഗിക്കാതെ മുതിർന്നവർ പറയുന്നത് അപ്പാടെ വിശ്വസിക്കു ന്ന പ്രകൃതക്കാരാണല്ലോ. ഈ ഭൂമിയിൽ, ശേഷി ക്കുന്ന ജനതതിയോടു വ്യക്തിപരമായി നാം സം സാരിച്ച്, പരസ്പരം അവിടുത്തെ സുവാർത്ത യുടെ ആശയവിനിമയം നടത്തുക എന്നതാണ് പിതാവിന്റെ ഏറ്റവും വലിയ ആവശ്യവും ആഗ്ര ഹവും. ആ ആവശ്യം നിറവേറ്റാൻ സ്വർഗത്തിലെ ഒരു ദൂതനും കഴിയില്ല. ജീവിതത്തിൽ പ്രശ്ന ങ്ങളോട് മല്ലടിച്ചു തളർന്നു കുഴഞ്ഞു ജീവിക്കു ന്ന മുഴുവൻ ആളുകളോടും, തനിക്കു പകരമായി നാം ഓരോരുത്തരും വീണ്ടെടുപ്പിന്റെയും പ്രത്യാ ശയുടെയും ആശ്വാസത്തിന്റെയും ഒരിക്കലും അ വസാനിക്കാത്ത നിത്യതയുടെയും സദ്വർത്തമാനം സംസാരിക്കണം എന്ന് യേശു ആഗ്രഹിക്കുന്നു. തന്റെ അന്ത്യനിയോഗത്തിൽ സകല സൃഷ്ടി കളോടും സുവിശേഷം അറിയിക്കണം എന്ന് കല്പിച്ചിട്ടുമുണ്ട്.

യേശു ഉയിർത്തെഴുന്നേറ്റ അതേ ദിവസം തന്നെ, രണ്ട് ശിഷ്യന്മാർ യെരൂശലേമിൽ നിന്ന് എമ്മാവൂസിലേക്ക് നടക്കുകയായിരുന്നു. തങ്ങ ളുടെ നാഥനെ ഓർത്ത് അവർ ദു:ഖിതരായിരുന്നു, എങ്കിലും യേശു അടുത്തെത്തിയപ്പോൾ അവർ തിരിച്ചറിഞ്ഞില്ല, എന്ന് മാത്രമല്ല പരദേശിയായ ഒരു അപരിചിതൻ എന്ന് ചിന്തിക്കുകയും ചെയ്തു. എങ്കിലും യേശു അവരോടു സംസാരി ക്കുവാൻ ആഗ്രഹിച്ചു; തനിക്ക് അവരോട് ഒരു പാട് കാര്യങ്ങൾ പറയാനുണ്ടായിരുന്നു. അതായ ത്, മോശെയുടെയും സകല പ്രവാചകന്മാ രുടെയും പുസ്തകങ്ങളിലും സങ്കീർത്തനങ്ങളി ലും, എന്നുവച്ചാൽ ഉൽപ്പത്തി മുതൽ മലാഖി വരെയുള്ള എല്ലാ പഴയനിയമപുസ്തകങ്ങളിലും തന്നെക്കുറിച്ചു പ്രവചനങ്ങളായി രേഖപ്പെടുത്തി യിരുന്നത് വ്യാഖാനിച്ചു അവരോടു സംസാരിക്കു വാൻ ഉണ്ടായിരുന്നു. എമ്മാവൂസിലേക്കുള്ള വഴി യിൽ രണ്ട് ശിഷ്യന്മാർക്ക് ക്രിസ്തു പ്രത്യക്ഷപ്പെട്ട തിന്റെ വിവരണത്തിൽ ഇതെല്ലാം ഉണ്ട് (ലൂക്കോസ് 24).

ആ ശിഷ്യന്മാർക്ക് വളരെ ഉദാത്തമായ ഒരു അ നുഭവം ആയിരുന്നു ഇത്. യേശു അവരോടു സം സാരിച്ചപ്പോൾ അവരുടെ ഹൃദയം അവരുടെ ഉ ള്ളിൽ കത്തിജ്വലിക്കുകയായിരുന്നില്ലേ എന്ന് അ വർ പിന്നീട് പരസ്പരം ചോദിച്ചു. ഇവിടെ ശി ഷ്യന്മാരുടെ ഉള്ളിലുണ്ടായ വലിയ സ ന്തോഷത്തെക്കുറിച്ചു നാം ചിന്തിക്കുന്നു. കാര്യ ങ്ങൾ അവരെ ബോധ്യപ്പെടുത്തിയപ്പോൾ യേശു വിന്റെ ഉള്ളിലുണ്ടായ സന്തോഷം എത്രയോ വ ലിയതായിരുന്നിരിക്കണം?

അതറിയണമെങ്കിൽ അവിടുത്തെ ഹൃദയ ത്തിലേക്ക് നാമൊന്നു എത്തി നോക്കേണ്ടതുണ്ട്. ഉയിർത്തെഴുന്നേറ്റ കർത്താവിനെ അവർ കാണു ന്നു, അവിടുത്തെ ശോഭയേറിയ കവിളുകളിൽ സ് നേഹത്തിന്റെ കണ്ണുനീർ ഒഴുകുന്നു, അവരെ യ ഥാസ്ഥാനപ്പെടുത്തിയതിലുള്ള സന്തോഷം അ വിടുത്തെ ഹൃദയത്തിൽ നിറഞ്ഞു കവിഞ്ഞൊഴു കുകയായിരുന്നു. യേശു അവരുടെ യഥാസ്ഥാപ നം നിറവേറ്റി. യേശു ഈ ശിഷ്യന്മാരെ ശുശ്രൂ ഷിക്കുമ്പോൾ ഒരു വലിയ ലക്ഷ്യത്തോടു കൂടി പുനരുത്ഥാന ശരീരത്തിൽ ആയിരുന്നു അത് നിർവ്വഹിച്ചത്.

ഇവിടെ, യേശു അവരോടു നേരിട്ട് സംസാരി ക്കുന്നതിൽ മറ്റൊരു ഉദ്ദേശ്യം കൂടിയുണ്ട്. തന്റെ പുനരുത്ഥാനത്തെ അവർക്കു ബോധ്യപ്പെടുത്തി ഉറപ്പിച്ചു നൽകുക എന്നതായിരുന്നു അത്. നാ ല്പതു നാളോളം അവിടുന്ന് വിവിധയിടങ്ങളിൽ തന്റെ ശിഷ്യഗണത്തിനു മാത്രം പ്രത്യക്ഷപ്പെട്ടു. എമ്മാവൂസിലെ ശിഷ്യന്മാരുടെ ആദ്യത്തെ ദൗ ത്യം ഏഴ് മൈൽ തിരികെ യാത്രചെയ്തു യെരു ശലേമിൽ എത്തി ഈ സന്തോഷവാർത്ത അപ്പോസ്തലന്മാരെ അറിയിക്കുക എന്നതായി രുന്നു.

തന്റെ രക്ഷണ്യ പ്രവർത്തികളുടെയും പുനരു ത്ഥാനത്തിന്റെയും സുവിശേഷത്തിനു സാക്ഷ്യം വഹിക്കുവാൻ, തന്റെ പകരക്കാരായി നമ്മെ ഓരോരുത്തരെയും ആണ് ഇക്കാലയളവിൽ അവിടുന്ന് നിയോഗിച്ചിട്ടുള്ളത്. തലമുറകളായി ഇന്നും ഈ ശുശ്രൂഷ തുടർന്ന് വരുന്നു.

ഉയരത്തിലുള്ളത് ചിന്തിച്ച്, അത് തന്നെ ധ്യാ നിച്ച് ഉയരത്തിലെ അനുഭവങ്ങളിൽ ജീവിച്ചു, ക്രി സ്തുവിന്റെ മനസ്സുള്ളവരായി പ്രശോഭിക്കുവാൻ നമുക്ക് സാധ്യമാകേണ്ടതുണ്ട്. അതിനായി നമു ക്ക് നമ്മെത്തന്നെ സമർപ്പിക്കാം. ●



ചെയ്സ് ജോസഫ്

# അവനോടു കൂടെ സകലതും

**നാം** കഴിഞ്ഞ മാസം ചർച്ച ചെയ്തത് ദൈവത്തിന്റെ തെരഞ്ഞെടുപ്പിനെക്കുറിച്ചും, തേജസ്സിലേക്കുള്ള മുൻ നിർണയത്തെക്കുറിച്ചുമാണ്. അത് ദൈവത്തിന്റെ ഹിതമാണ് എന്ന് നാം കാണുന്നു.

നമുക്ക് അനുകൂലമായി ചിന്തിക്കുന്നത് കൊണ്ടാണ് ദൈവം നമ്മെ രക്ഷിച്ചത്. നമ്മെ പൂർണ്ണമായി രക്ഷിച്ചു പുത്രന്റെ തേജസ്സോടെ സ്വർഗത്തിൽ ഇരുത്തുക എന്നത് ദൈവത്തിന്റെ മുൻ നിർണ്ണയം ആണ്. ദൈവം അത് മുൻപേ തീരുമാനിച്ചതാണ്. അങ്ങനെ ദൈവം തീരുമാനിച്ചാൽ അതിനു എതിരു നിൽക്കാൻ ആർക്കും കഴിയുകയില്ല എന്ന് മുപ്പത്തൊന്നാം വാക്യം പറയുന്നു. അതേത്തുടർന്ന് വരുന്ന ആ വാക്യം (റോമർ 8:31) ദൈവം എങ്ങനെ ആണ് അത് സാധിപ്പിക്കുന്നത് എന്ന് വ്യക്തമാക്കുന്നു. സ്വന്തം പുത്രനെ ആദരിക്കാതെ, പാപികളുടെ രക്ഷയ്ക്കായി ഏൽപ്പിച്ചു കൊടുത്തവൻ എന്താണ് ഇനി നൽകാതിരിക്കുക? അതിലും വലുതായി ഒന്നും ഉണ്ടായിരുന്നില്ല. അപ്പോൾ പാപികളെ രക്ഷിക്കുവാനുള്ള ദൈവത്തിന്റെ തീരുമാനം എത്ര സുനിശ്ചിതവും കൃത്യവുമായ ഉറപ്പാണ് വിശ്വാസിക്ക് നൽകുന്നത്. ഈ തേജസ്സ് പ്രാപിക്കുവാൻ എന്തെല്ലാം കൃപാധനങ്ങൾ ആവശ്യമുണ്ടോ അതെല്ലാം നൽകാതെ ഇരിക്കുമോ? ശ്രദ്ധിക്കുക, ഇവിടെ ഉദ്ദേശിക്കുന്നത് ഭൗതികധനമല്ല, കൃപാധനമാണ്. പുത്രന്റെ എല്ലാ അനുഗ്രഹങ്ങളും നമുക്ക് ലഭിക്കും. അതായതു യേശുവിന്റെ പരിജ്ഞാനത്തിൽ ജീവിക്കാനും, ഈ ലോകത്തിന്റെ മോഹത്തിൽ പെട്ട് നശിച്ചു പോകാതിരിക്കാനും നമുക്ക് വേണ്ട സ്വർഗീയ ധനം ദൈവം നമുക്ക് നല്കാതിരിക്കില്ല. ലോകത്തിന്റെ ധനത്താൽ നാം ആകർഷിക്കപ്പെട്ടു സ്വർഗീയ ധനത്തിന്റെ മഹത്വം നമുക്ക് അറിയാൻ കഴിയാത്തതു കൊണ്ടാണ് ഇത് പലരും തെറ്റായി വ്യാഖ്യാനിക്കുന്നത്.

> **യേശുവിന്റെ പരിജ്ഞാനത്തിൽ ജീവിക്കാനും, ഈ ലോകത്തിന്റെ മോഹത്തിൽപ്പെട്ട് നശിച്ചു പോകാതിരിക്കാനും നമുക്ക് വേണ്ട സ്വർഗീയ ധനം ദൈവം നമുക്ക് നല്കാതിരിക്കില്ല**

ഇതേ വാക്യങ്ങളുടെ ആശയം വിശുദ്ധീകരണത്തിന്റെ ഭാഗമായി പത്രോസ് അവതരിപ്പിക്കുന്നുണ്ട്. അവന്റെ മഹത്വത്താലും വീര്യത്താലും നമ്മെ വിളിച്ചവന്റെ പരിജ്ഞാനത്തിൽ അവന്റെ ദിവ്യശക്തി ജീവനും ഭക്തിക്കും വേണ്ടിയത് ഒക്കെയും നമുക്ക് ദാനം ചെയ്തിരിക്കുന്നുവല്ലോ (2 പത്രോസ് 1 :3 ). നാലാം വാക്യത്തിൽ ഈ അനുദിന ആത്മീക പരിപാലനം കൊണ്ട് നമുക്ക് ലഭിക്കുന്ന വിലയേറിയതും അതിമഹത്തായതുമായ വാഗ്ദത്തങ്ങളെക്കുറിച്ച് പറയുന്നു. ഈ വാഗ്ദത്തങ്ങളും അനുദിന പരിപാലനത്തിൽ നമ്മെ ക്രിസ്തുവിന്റെ മഹത്വത്തിലേക്കും വീര്യത്തിലേക്കും നടത്തുന്ന അനുഗ്രഹങ്ങളാലും

ആണ് നാം ഈ ലോകത്തിന്റെ മോഹത്താലുള്ള നാശം വിട്ടൊഴിഞ്ഞു ദിവ്യസ്വഭാവത്തിന് കൂട്ടാളികൾ ആയിത്തീരുന്നത്.

റോമാലേഖനത്തിൽ കാണുന്ന അതേ വാഗ്ദത്തങ്ങൾ ആണ് നാം പത്രോസിന്റെ ലേഖനത്തിലും കാണുന്നത്. ദൈവത്തിന്റെ കൃപയാൽ നീതീകരിക്കപ്പെട്ട മക്കൾക്ക്, അതായതു പുത്രത്വത്തിലേക്കു നടത്തപ്പെടുന്നവർക്കു വേണ്ട എല്ലാ അനുഗ്രഹങ്ങളും ദൈവം നമുക്ക് നൽകുന്നു. ഈ അനുഗ്രഹങ്ങൾ ആണ് തേജസ്സിലേക്കുള്ള നമ്മുടെ ഗ്യാരണ്ടി.

അതുകൊണ്ട് പൗലോസ് പറയുന്നു. ദൈവം തെരഞ്ഞെടുത്തവരെ ആർ കുറ്റം വിധിക്കും? നീതീകരിക്കുന്നവൻ ദൈവം, കുറ്റം വിധിക്കുന്നവൻ ആർ? (റോമർ 8: 34 ) ഈ വാക്യങ്ങൾ നമുക്ക് തരുന്ന ആശ്വാസം വളരെ വലുതാണ്. പലപ്പോഴും ദൈവം ക്ഷമിച്ചു എന്ന് സ്വയമേ ഉറപ്പുള്ള പഴയ പാപങ്ങളെ വച്ച് സാത്താൻ മുതലെടുക്കാറുണ്ട്. അതുകൊണ്ട് നമ്മുടേതല്ലാത്ത കാരണങ്ങളാൽ ദൈവം നമ്മെ നീതിമാൻ എന്ന് വിളിച്ചിരിക്കുന്നു എന്നും, നമ്മുടെ മന:സാക്ഷി പഴയ പാപങ്ങളുടെ കുറ്റബോധത്തിലേക്കു നമ്മെ നയിക്കേണ്ട കാര്യം ഇല്ല എന്നും ഈ വാക്യങ്ങൾ നമ്മെ അസന്നിഗ്ദ്ധമായി പഠിപ്പിക്കുന്നു.

എന്നാൽ ഈ വാക്യങ്ങൾ നമുക്ക് ചില മുന്നറിയിപ്പുകളും നൽകുന്നുണ്ട്. അത് മറ്റുള്ളവരോടുള്ള നമ്മുടെ മനോഭാവത്തെ സംബന്ധിച്ച് ആണ്. നമുക്ക് ചുറ്റുമുള്ള ആളുകളെക്കുറിച്ച് നമുക്ക് ആത്മഭാരം ഉണ്ടാവേണ്ടത് ആവശ്യമാണ്. എങ്കിലും അവരെ കുറ്റം വിധിക്കുന്നതും ബ്രാൻഡ് ചെയ്യുന്നതും അവഗണിക്കുന്നതും അപകടകരമാണ്. എല്ലാ വിശുദ്ധന്മാരും ദൈവത്തിന്റെ വർക്ക്ഷോപ്പിൽ ആണ്. അവർ എല്ലാം പൂർണ്ണതയിലേക്കുള്ള ദൈവീക നടത്തിപ്പിൽ ആണ്. ആകയാൽ ദൈവം നീതീകരിച്ചവരെക്കുറിച്ച് നാം ക്ഷമ കാണിക്കേണ്ടത് ആവശ്യമാണ്. അതുകൊണ്ട് ബലഹീനരായ സഹോദരന്മാരെ താങ്ങിനടത്തേണ്ടതും ക്ഷമ കാണിക്കേണ്ടതും ഒരു വിശ്വാസിയെ സംബന്ധിച്ച് നിർണ്ണായകമായ കർത്തവ്യമാണ്.

ഈ ആശ്വാസത്തിനും മുന്നറിയിപ്പിനും ഒരു വലിയ കാരണം കൂടെ ഉണ്ട്. നാം ഒരു പക്ഷെ നമ്മുടെ സഹോദരന് എതിരെ തിരിഞ്ഞിരിക്കാം, കാരണം, അവൻ തെറ്റിലകപ്പെട്ടു എന്നത് ശരിയാണ്. ദൈവം ഒരിക്കലും അങ്ങനെ ചെയ്യുന്നില്ല. കാരണം, തെറ്റ് ചെയത സഹോദരൻ മാനസാന്തരപ്പെട്ടു ഏറ്റുപറഞ്ഞപ്പോൾ ദൈവം അത് ക്ഷമിക്കുകയും ചെയ്തു. 35 ാം വാക്യം പറയുന്നു, ക്രിസ്തുയേശു (നമുക്കായി) മരിച്ചവൻ, മരിച്ചിട്ടു ഉയർത്തെഴുന്നേറ്റവൻ തന്നെ. അങ്ങനെ ദൈവം ഉയർപ്പിച്ച, നമ്മെ നീതികരിച്ച കർത്താവു, നമ്മെ ആരും കുറ്റം വിധിക്കാതിരിക്കാൻ തക്കവണ്ണം പിതാവിന്റെ വലതുഭാഗത്തിരുന്നു നമുക്ക് വേണ്ടി പക്ഷവാദം ചെയ്യുന്നു. നാം അവഗണിക്കുന്ന, വിധിച്ചു മാറ്റി നിർത്തുന്ന ആളുകൾക്ക് വേണ്ടി ഉയർത്തെഴുന്നേറ്റവനായ കർത്താവു പിതാവിന്റെ സന്നിധിയിൽ പക്ഷവാദം ചെയ്തു കൊണ്ടിരിക്കുന്നു എന്നത് എത്ര ഗൗരവതരമായ സംഗതി ആണ്. ആ പക്ഷവാദം നമ്മുടെ രക്ഷയുടെ വാഗ്ദത്തങ്ങൾ ഉറപ്പിക്കുന്നു. നമ്മെ ഇടയിൽ വച്ച് വിട്ടു കളയാതെ അന്ത്യം വരെയും നടത്തുവാൻ ഈ മാധ്യസ്ഥം ഇടയാക്കുന്നു.

ഈ വാക്യങ്ങളിൽ യേശുക്രിസ്തുവിന്റെ മഹാപൗരോഹിത്യ ശുശ്രൂഷയുടെ രണ്ടു ഭാഗങ്ങളും പരാമർശിക്കപ്പെടുന്നുണ്ട്. ഒന്ന്, യേശു നമുക്കായി കഴിച്ച ശരീരയാഗം ആണ്. രണ്ട്, അവിടുന്ന് നമുക്കായി പിതാവിന്റെ സന്നിധിയിൽ ചെയ്യുന്ന പക്ഷവാദം ആണ്. ഈ രണ്ടു പുരോഹിത ശുശ്രൂഷകളാൽ ആണ് നമ്മുടെ വാഗ്ദത്തങ്ങൾ ഉറപ്പിക്കപ്പെട്ടിരിക്കുന്നത്.

ഈ രണ്ടു കാര്യങ്ങളെക്കുറിച്ചാണ് പ്രത്യാശ ഉളവാക്കുന്ന ശക്തിയായ പ്രബോധനം എന്ന് എബ്രായ ലേഖനത്തിൽ പറഞ്ഞിരിക്കുന്നത്. അത് നിശ്ചയവും സ്ഥിരവും ആയ പ്രത്യാശ എന്ന നങ്കൂരത്തിൽ നമ്മെ തിരശീലയ്ക്കപ്പുറത്തേയ്ക്ക് ഘടിപ്പിക്കുന്നു.

എന്താണ് ഈ പ്രത്യാശയുടെ പ്രസക്തി? പ്രത്യാശ എന്നത് കർത്താവിന്റെ വരവിനും നമ്മുടെ തേജസ്ക്കരണത്തിനും വേണ്ടിയുള്ള ആന്തരീക ഞരക്കം ആണ് എന്ന് നാം മുൻപേ കണ്ടു കഴിഞ്ഞുവല്ലോ. എന്നാൽ പ്രത്യാശ ഉള്ളവർ എന്ന് പറയുമ്പോൾ അത് മാത്രമല്ല ഉദ്ദേശിക്കുന്നത്. പ്രത്യാശ എന്നത് ഒരു പ്രതീക്ഷ മാത്രമല്ല, ഒരു സ്വഭാവം കൂടെ ആണ്. സ്വർഗത്തെക്കുറിച്ചും രക്ഷയെക്കുറിച്ചും അഴിഞ്ഞു പോകാത്ത വാഗ്ദത്തങ്ങൾ ഉള്ളവർ ലോകത്തെ കാണുന്നത്, മറ്റുള്ളവർ കാണുന്നത് പോലെ അല്ല. അവർ ഇവിടെ ശാശ്വതമായി ഒന്നും കാണുന്നില്ല. നില നിൽക്കുന്ന ഒരു നഗരം അവർക്കു ഈ ഭൂമിയിൽ ഇല്ല. അത് കൊണ്ട് ഈ ഭൂമിയിൽ ഉള്ള ഒന്നിനും അവരുടെ വിശ്വാസത്തെയോ ക്രിസ്തുവിനോടുള്ള

ഏകാഗ്രതയെയോ തകർക്കുവാൻ കഴിയുകയില്ല. ക്രിസ്തുവിനോട് കൂടെ ദൈവം നിത്യതയിൽ ഒരുക്കിയിരിക്കുന്ന അനുഗ്രഹങ്ങളിൽ നങ്കൂരമിട്ടിരിക്കുന്നവർക്കു ജീവിതത്തിൽ എന്ത് സംഭവിച്ചാലും അത് ഒരു പ്രശ്നമേ അല്ല. അവയ്ക്കൊന്നും ക്രിസ്തുവിന്റെ സ്നേഹത്തിൽ നിന്നും നമ്മെ വേർപെടുത്തുവാൻ കഴിയുകയില്ല. കഷ്ടതയോ സങ്കടമോ ഉപദ്രവമോ പട്ടിണിയോ നഗ്നതയോ ആപത്തോ മരണമോ ഒക്കെ വരാം.

ഒരു വിശ്വാസി പട്ടിണി കിടക്കുമോ? ഇല്ല എന്ന് പറയാൻ കഴിയുകയില്ല. പൗലോസ് പല തവണ പട്ടിണി അനുഭവിച്ചിട്ടുണ്ട്. മരണം മുന്നിൽ പല പ്രാവശ്യം കണ്ടിട്ടുണ്ട്. ആക്രമിക്കപ്പെട്ടിട്ടുണ്ട്. പക്ഷെ, ക്രിസ്തുവിനോടുള്ള സ്നേഹം വർധിച്ചതേയുള്ളു. കാരണം ആ സ്നേഹം ലൗകീകമല്ല, പ്രത്യാശയിൽ നിന്ന് ഉളവാകുന്നതാണ്.

തുടർന്നുള്ള വാക്യങ്ങളിൽ പൗലോസ് അനുഭവിച്ച മരണകരമായ കഷ്ടങ്ങൾ, ഇടവിടാതെ കൊല്ലപ്പെടുന്ന വേദനയെക്കുറിച്ച് പറഞ്ഞിട്ട് ഇങ്ങനെ അവസാനിപ്പിക്കുന്നു.


ക്രിസ്തീയ വിജയം എന്താണെന്ന് പഠിപ്പിക്കുന്നു. എല്ലാം ഒഴിഞ്ഞു പോകുന്നതല്ല, ക്രിസ്തുവിന്റെ സ്നേഹത്തിൽ ഉറച്ചു നിൽക്കുന്നതാണ് യഥാർത്ഥ വിജയം. നമ്മെ സ്നേഹിച്ചവൻ ആണ് ആ വിജയം നമുക്ക് തരുന്നത്. അതിന്റെ ഫലം എന്താണ്. മരണം ആയാലും ജീവിതം ആയാലും നാം ക്രിസ്തുവിന്റേതാണ്. ദൂതന്മാർക്കോ സാത്താനോ നമ്മെ ദൈവസ്നേഹത്തിൽ നിന്ന് മാറ്റാൻ കഴിയുകയില്ല എന്ന പ്രത്യാശയോട് കൂടെ ഉള്ള ഉറപ്പാണ് ഈ വാഗ്ദത്തങ്ങളുടെ പരിണിതഫലം.

അത് കൊണ്ട് നാം എല്ലാം ക്ഷമിക്കുകയും കാത്തിരിക്കുകയും ദൈവസ്നേഹത്താൽ നിറഞ്ഞവർ ആകുകയും ചെയ്യുന്നു. ഇത് എങ്ങനെ ആണ് സംഭവിക്കുന്നത്? ക്രിസ്തുവിലൂടെ പിതാവ് നൽകുന്ന സ്വർഗീയ അനുഗ്രഹങ്ങളുടെ ഭാഗമാണ് ഈ രക്ഷ. ●

# നീ എങ്ങനെ വായിക്കുന്നു?

**മാ**ർട്ടിൻ ലോയിഡ്ജോൺസ് എഴുതിയ ഗിരിപ്രഭാഷണത്തിൽ നിന്നുള്ള പഠനങ്ങൾ എന്ന ഗ്രന്ഥത്തിൽ സത്യം അറിയണമെന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്ന ഒരാളുടെ വചനത്തോടുള്ള സമീപനം എങ്ങനെ ആയിരിക്കണം എന്ന് വിവരിച്ചിട്ടുണ്ട്. അദ്ദേഹം പറയുന്നു: അങ്ങുമിങ്ങും നിന്ന് ഓരോ ഭാഗം പ്രത്യേകം തെരഞ്ഞെടുക്കുകയല്ല, ബൈബിളിലെ എല്ലാ ഭാഗങ്ങളും നമ്മോട് സംസാരിക്കുവാൻ അനുവദിക്കുകയാണ് നാം ചെയ്യേണ്ടത്. ഒരിക്കലും നാം അക്ഷമരാകരുത്. ധാരാളം സമയം എടുത്തുവേണം വേദപുസ്തകം വായിക്കുവാൻ. ഉറക്കം വരാത്ത രാത്രികളിൽ മനസ്സിന് സ്വസ്ഥത ലഭിക്കുന്നതിനുള്ള ഒരു സൂത്രം എന്നപോലെ പ്രത്യേകം താല്പര്യം ഉള്ള ചില സങ്കീർത്തനങ്ങൾ തെരഞ്ഞെടുത്ത് വായിക്കുവാൻ ശ്രമിക്കുന്ന രീതി നന്നല്ല. നമ്മുടെ പ്രവർത്തികളെ പരിശോധിക്കുന്നതിനും ഹൃദയത്തെ ശോധന ചെയ്യുന്നതിനും വചനത്തെ മുഴുവനായി നാം അനുവദിക്കുകയാണ് വേണ്ടത്. ദൈവഹിതം അറിയുവാൻ ആഗ്രഹിച്ച ഒരാളുടെ കഥ സുപരിചിതമാണ്. അയാൾ തന്റെ വേദപുസ്തകം തുറന്നപ്പോൾ കണ്ടത് 'യൂദാ ചെന്നു കെട്ടിഞാന്നു ചത്തുകളഞ്ഞു' എന്നതായിരുന്നു. അയാൾ ആകെ വിഷമത്തിലായി. അതുകൊണ്ട് ഒന്നുകൂടെ ശ്രമിക്കാം എന്ന് വിചാരിച്ചു. രണ്ടാം പ്രാവശ്യം ലൂക്കോസ് 10 :37 ആണ് ലഭിച്ചത്. അവിടെ, 'നീയും പോയി അങ്ങനെ തന്നെ ചെയ്യുക' എന്ന് കണ്ടു. പരിഭ്രമത്തിൽ മൂന്നാം പ്രാവശ്യവും അദ്ദേഹം പഴയ രീതി തന്നെ ആവർത്തിച്ചു. അപ്പോൾ കിട്ടിയതു 'നീ ചെയ്യുന്നത് വേഗത്തിൽ ചെയ്യുക' എന്നുള്ളതായിരുന്നു (യോഹന്നാൻ 13: 27). ഈ കഥ നമ്മെ ചിരിപ്പിച്ചേക്കാം. എന്നാൽ കഥയിൽ കാര്യം ഉണ്ടെന്നുള്ളതും ചിന്തിക്കേണം. പലരും വേദപുസ്തകം ഉപയോഗിക്കുന്നത് ഏകദേശം ഈ വിധത്തിലാണ് എന്നുള്ളതിനു സംശയമില്ല. വചനധ്യാനം ക്രമീകൃതമായ രീതിയിലല്ല പോകുന്നെതെങ്കിൽ പ്രയോജനകരമല്ല. ഈ രീതിയിൽ വായിച്ചാൽ തങ്ങളുടെ തെറ്റുകൾ തിരുത്തി ആത്മീയ വളർച്ചക്ക് സഹായിക്കുന്ന വേദഭാഗങ്ങൾ ശ്രദ്ധിക്കാതെ പോയേക്കാം. ●





ഡോ. സജികുമാർ കെ. പി.

# ആത്മവിശ്വാസത്തിന്റെ അടിത്തറ

***ചോദ്യം :***

സാർ, ഞാൻ നന്നായി പഠിക്കുന്ന വ്യക്തിയാണ്. പക്ഷേ എനിക്ക് മറ്റുള്ളവരോട് ഇടപഴകാനുള്ള കഴിവ് വളരെ കുറവാണ്. ആർക്കും എന്നെ ഇഷ്ടമല്ല എന്നാണ് എന്റെ ചിന്ത. അതുകൊണ്ട് ഒത്തിരി പ്രശ്നങ്ങൾ എനിക്കുണ്ട്. അപരിചിതരോട് സംസാരിക്കാൻ എനിക്ക് വളരെ ബുദ്ധിമുട്ടാണ്. എന്താണ് ഇതിനൊരു പരിഹാരം?

***ഉത്തരം:***

ഇത് പലരുടെയും മനസ്സിൽ ഉദിച്ചുപൊങ്ങുന്ന ഒരു സമസ്യ ആണ്. താങ്കളുടെ ചോദ്യത്തിന്റെ ആദ്യ വാചകം തന്നെ ഇപ്പോൾ അനുഭവപ്പെടുന്ന പ്രശ്നങ്ങളുടെ പരിഹാരത്തിന് ഉതകുന്ന ഏറ്റവും നല്ല പ്രതിവിധിയാണ്. ആദ്യമേ തന്നെ എന്റെ വ്യക്തിപരമായ അഭിനന്ദനങ്ങൾ അറിയിച്ചുകൊള്ളട്ടെ. സ്വയം വിലയിരുത്തലിൽ ഇക്കാര്യം, അതായതു മുകളിൽ പറഞ്ഞ പ്രതിവിധി താങ്കൾ പരിഗണിച്ചിട്ടില്ല എന്നും തോന്നുന്നു. അതിനും കാരണങ്ങൾ ഉണ്ട്. നമ്മുടെ കുടുംബങ്ങളിലും സമൂഹത്തിലും അഭിനന്ദനാർഹരായവരെ അഭിനന്ദിക്കുന്ന ഒരു രീതി തുലോം വിരളമാണ്. ഇക്കാരണത്താൽ ആയിരിക്കാം താങ്കൾ അത് പരിഗണിക്കാതിരുന്നത്. അക്കാദമിക മികവുള്ള ഒരു വിദ്യാർത്ഥിയെ തീർച്ചയായും അവന്റെ അധ്യാപകർ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നുണ്ട്. നന്നായി പഠിക്കുന്ന മകന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും തീർച്ചയായും ഈ മികവിനെ അംഗീകരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നുണ്ട്.ഒരു പക്ഷെ അവർ അത് പ്രകടിപ്പിച്ചുവോ എന്നത് വ്യക്തമല്ല. സ്വയം എങ്ങനെ വിലയിരുത്തുന്നു എന്നതിനനുസരിച്ചാണ് മറ്റുള്ളവരോട് ഇടപഴകുമ്പോൾ ഒരു വ്യക്തി സന്തോഷമുള്ളവനോ അതോ ദു:ഖിതനോ എന്ന് അനുഭവപ്പെടുന്നത്. വളരെ ചെറുപ്പത്തിൽ നാം വളർന്ന സാഹചര്യങ്ങളും മാതാപിതാക്കളിൽ നിന്ന് ലഭിച്ച ധാരണകളും എല്ലാം ചേർന്ന് ആത്മവിശ്വാസത്തിന്റെ അടിസ്ഥാനം രൂപപ്പെടുന്നു. എത്ര കഴിവുകളും താലന്തുകളും ഉണ്ടെങ്കിൽ പോലും ആത്മവിശ്വാസമില്ലെങ്കിൽ അവയെ ഒന്നും നന്നായി പ്രയോജനപ്പെടുത്തുവാൻ കഴിയാതെ വന്നേക്കാം.

ആത്മവിശ്വാസത്തിന് ഇടിവു സംഭവിച്ച ആളുകൾ എപ്പോഴും സ്വയം കുറ്റപ്പെടുത്തിക്കൊണ്ടിരിക്കും. അവർക്ക് എപ്പോഴും അംഗീകാരവും അഭിനന്ദനങ്ങളും ലഭിക്കുവാനുള്ള ത്വര ഉണ്ടായിരിക്കും. ഇവ ലഭിച്ചില്ലെങ്കിൽ ഞാൻ ഒന്നിനും കൊള്ളാത്ത ആളാണ് എന്ന് സ്വയം വിലയിരുത്തും. കളിയാക്കുന്നവരുടെ മുൻപിൽ പിടിച്ചു നിൽക്കാൻ ഇവർക്ക് സാധിക്കാതെ പോകും. എന്തിന്റെയും നെഗറ്റീവ് വശമായിരിക്കും ആദ്യം കാണുക. സ്വന്തം കഴിവുകളെയും നേട്ടങ്ങളെയും സ്വയം അംഗീകരിക്കുകയില്ലെന്നു മാത്രമല്ല, കൂടുതൽ കഴിവും മിടുക്കും ഉള്ളവരോട് തങ്ങളെത്തന്നെ താരതമ്യപ്പെടുത്തി അകാരണമായി വിഷമിക്കുകയും ചെയ്യുന്നു.

സ്വന്തകഴിവുകൾ വികസിപ്പിക്കുവാൻ ഒട്ടും സ്വാതന്ത്ര്യം ലഭിക്കാതെ വളർത്തപ്പെട്ടവരും, എപ്പോഴും വിമർശനങ്ങൾ മാത്രം കേട്ട് വളർന്ന

**നമ്മുടെ ബലഹീനതകൾ അറിഞ്ഞു നമ്മോടുകൂടെ ഇരുന്നു നമ്മെ ചേർത്തു നിർത്തുവാനും യേശുകർത്താവ് കൂടെയുണ്ട് എന്ന് മനസ്സിലാക്കുക.**

വരും, പരസ്പരം എപ്പോഴും വഴക്കുണ്ടാക്കുന്ന മാതാപിതാക്കളുടെ മക്കളായി ജനിച്ചു വളർന്നവരും ഒക്കെ ആശങ്കയിലും ഭയത്തിലും ആയിരിക്കും തങ്ങളുടെ ബാല്യവും കൗമാരവും കഴിച്ചുകൂട്ടിയത്. ഇതിനും പുറമെ മദ്യത്തിനും മയക്കുമരുന്നിനും അടിമകൾ ആയിരുന്ന മാതാപിതാക്കളുടെ മക്കൾ എന്നിവരിലെല്ലാം ആത്മവിശ്വാസത്തിന്റെ പ്രശ്നങ്ങൾ കാണപ്പെടാൻ സാധ്യത ഏറെയാണ്.

നിങ്ങളുടെ ആത്മവിശ്വാസം വർദ്ധിപ്പിക്കുവാനും ഉന്നയിച്ചിരിക്കുന്ന പ്രശ്നങ്ങളെ അതിജീവിക്കുവാനും എന്ത് ചെയ്യണമെന്ന് നമുക്ക് ചിന്തിക്കാം:

1. ആദ്യമായി ആത്മവിശ്വാസക്കുറവ് മൂലം നിങ്ങൾ അഭിമുഖീകരിച്ചുകൊണ്ടിരിക്കുന്ന പ്രശ്നങ്ങളുടെ ഒരു പട്ടിക ഉണ്ടാക്കുക. അത്തരം സാഹചര്യങ്ങളിൽ നിങ്ങളുടെ മനസ്സിനോട് നിങ്ങൾ പറഞ്ഞുകൊണ്ടിരുന്ന സന്ദേശം എന്തായിരുന്നു എന്ന് കണ്ടുപിടിക്കുക. അതായത് എന്നെ ആരും അംഗീകരിക്കില്ല, ഞാൻ ഒട്ടും സൗന്ദര്യം ഇല്ലാത്ത ആളാണ്, ആളുകൾക്കെല്ലാം എന്നോട് വെറുപ്പാണ് എന്നിങ്ങനെയുള്ള തോന്നലുകൾ ആയിരിക്കാം മനസ്സിൽ കയറി വന്നു മേൽപ്പറഞ്ഞ പ്രശ്നങ്ങൾ ഉണ്ടാക്കിയത്.

2 .ആത്മവിശ്വാസം വളർത്തിയെടുക്കാൻ തീർച്ചയായും ആത്മവിശ്വാസം കെടുത്തുന്ന തെറ്റായ നിഗമനങ്ങളെ തിരുത്തിക്കുറിക്കുവാൻ വേണ്ടി മേൽപ്പറഞ്ഞ ഓരോ തെറ്റായ നിഗമനങ്ങളെയും നിങ്ങൾ കീഴടക്കണം. അതിനായി സ്വന്തമായ ഒരു ആക്ഷൻ പ്ലാൻ ഉണ്ടാക്കുക. ഉദാഹരണത്തിന് എന്നെ ആർക്കും ഇഷ്ടമല്ല എന്ന് മനസ്സിൽ കയറി വരുന്ന ചിന്തയെ നേരിടുവാൻ; അക്കാദമിക മികവുള്ള ഒരു വിദ്യാർത്ഥിയെ തീർച്ചയായും അവന്റെ അധ്യാപകർ അംഗീകരിക്കുകയും സ്നേഹിക്കുകയും ചെയ്യുന്നു എന്നതും നന്നായി പഠിക്കുന്ന മകന്റെ മാതാപിതാക്കളും കുടുംബാംഗങ്ങളും തീർച്ചയായും ഈ മികവിനെ അംഗീകരിക്കുകയും അതിൽ സന്തോഷിക്കുകയും ചെയ്യുന്നു എന്നതും ആക്ഷൻ പ്ലാനിൽ ഒന്നാമത് തന്നെ കുറിച്ച് വയ്ക്കേണ്ടതാണ്. ആത്മികമായി ചിന്തിക്കുമ്പോൾ സ്വർഗ്ഗസ്ഥനായ എന്റെ ദൈവം തന്റെ ഏകപുത്രനെ എനിക്കുവേണ്ടി തകർത്തുകളവാൻ തക്കവണ്ണം എന്നെ സ്നേഹിച്ചു എന്നും സ്വന്ത ജീവനെ എനിക്കായി ക്രൂശിൽ അർപ്പിച്ചു കൊണ്ട് എന്നോടുള്ള സ്നേഹം വ്യക്തമാക്കിയ യേശുകർത്താവ് എന്നോടൊപ്പം ഉണ്ട് എന്നും കൂടെക്കൂടെ മനസ്സിനെ പറഞ്ഞു ബോധ്യപ്പെടുത്തുക.

3. പോരായ്മകളും കുറവുകളും മാത്രം ചിന്തിക്കാനും ആകുലപ്പെടുവാനും ശീലിച്ചവനായിരിക്കും നിങ്ങൾ. എന്നാൽ ദൈവം തന്റെ സ്വരൂപത്തിലും സാദൃശ്യത്തിലും സൃഷ്ടിച്ച ഓരോ വ്യക്തിക്കും പ്രത്യേകമായ കഴിവുകളും പ്രാപ്തിയും നൽകിയിട്ടുണ്ട് എന്ന സത്യം അംഗീകരിക്കുക. നമ്മുടെ പ്രാപ്തി ദൈവത്തിന്റെ ദാനമാകുന്നു എന്ന് ബൈബിൾ പറയുന്നു. ഇക്കാര്യം വിശ്വസിക്കുകയും അംഗീകരിക്കുകയും ചെയ്യുമ്പോൾ ആത്മവിശ്വാസം സ്വാഭാവികമായും രൂപപ്പെടും. നിങ്ങളിലുള്ള കഴിവുകൾ, താലന്തുകൾ എന്നിവയുടെ ഒരു ലിസ്റ്റ് അത്യാവശ്യമായി ഉണ്ടാക്കുക. എപ്പോഴും കാണാവുന്ന വിധത്തിൽ അത് എവിടെയെങ്കിലും ഒട്ടിച്ചു വയ്ക്കുക. കാണുമ്പോഴൊക്കെ അത് ഉറക്കെ വായിക്കുകയും ഇതൊക്കെ ദൈവം എനിക്ക് തന്ന ദാനമാണെന്നു സ്വയം ബോധ്യപ്പെടുകയും വേണം. അപ്പോൾ ആത്മവിശ്വാസം ആരിലും രൂഢമൂലമായി വളരുക തന്നെ ചെയ്യും.

4. അപരിചിതരോട് സംസാരിക്കാൻ ഒട്ടും കഴിയുന്നില്ല എന്ന സ്വഭാവം മാറ്റിയെടുക്കാൻ ചിട്ടയായ ഒരു പരിശീലനം രൂപപ്പെടുത്തുക. ഒരു ദിവസം പരിചയമില്ലാത്ത ഒരു വ്യക്തിയോടെങ്കിലും സംസാരിച്ച് ശീലിക്കുക. അപരിചിതനാകുമ്പോൾ അയാളെ പരിചയപ്പെടുന്നതുതന്നെ സംസാരിക്കുന്നതിന്റെ തുടക്കമായി മാറുമല്ലോ. അങ്ങനെ പടിപടിയായി അപരിചിതരോടുള്ള ഭയം മാറ്റിയെടുക്കുക. ക്രമേണ ആരോടും സംസാരിക്കുവാനുള്ള ധൈര്യവും ആത്മവിശ്വാസവും ശക്തമാകും.

5. ദൈവത്തിൽ ആശ്രയിക്കാൻ ശീലിക്കുക. നമ്മുടെ ബലഹീനതകൾ അറിഞ്ഞു നമ്മോടുകൂടെ ഇരുന്നു നമ്മെ ചേർത്തു നിർത്തുവാനും യേശുകർത്താവ് കൂടെയുണ്ട് എന്ന് മനസ്സിലാക്കുക. ആയതിനു ദിനംപ്രതി പ്രാർത്ഥനയും വചനധ്യാനവും അനിവാര്യമാണ്. •



ജോർജ് മാത്യു, പുതുപ്പള്ളി

# പരിശുദ്ധാത്മ ശക്തിയാൽ ഭീരുത്വത്തെ കീഴടക്കാം

കഷ്ടപ്പെടുന്നതിനുള്ള ധൈര്യം, മറ്റുള്ളവരുടെ നിന്ദ ക്ഷമയോടെ ഏൽക്കുന്നതിനുള്ള ധൈര്യം, ജീവൻ വച്ചു കൊടുക്കുവാനുള്ള ധൈര്യം ഇവയൊക്കെയാണ് ധൈര്യം എന്ന വാക്കുകൊണ്ട് അർത്ഥമാക്കുന്നത്. ഭീരുക്കൾക്ക് തങ്ങളുടെ ജീവനെ കൊടുക്കുവാൻ മനസില്ല. ജീവനെക്കുറിച്ചുള്ള അവരുടെ ചിന്താഗതി വ്യത്യസ്തമാണ്. തങ്ങളുടെ സൗഭാഗ്യം, പ്രശസ്തി, വരുമാനം, ലോകസന്തോഷങ്ങൾ എന്നിവ നഷ്ടപ്പെടുത്തുവാൻ അവർക്കു മനസില്ല. അവയ്ക്ക് എന്തെങ്കിലും ഹാനി വരുന്നു എന്നു കാണുമ്പോൾ അവർ ഒഴിഞ്ഞുമാറി രക്ഷപ്പെടുവാൻ ശ്രമിക്കുന്നു. ക്രൂശു വഹിക്കുന്നതിന്റെ ഭവിഷ്യത്തിനെക്കുറിച്ചുള്ള ഭയമാണ് ഭീരുത്വത്തിൽ അടങ്ങിയിരിക്കുന്നത്. ഭയവും ഭീരുത്വവും സന്തത സഹചാരികളാണ്. അൽപം നഷ്ടം വരുന്നിടത്ത് കൂറു കാണിക്കുവാൻ ഭയപ്പെടുന്നവൻ ഭീരു ആണ്. താൻ ഉൾപ്പെട്ടു നിൽക്കുന്ന സമൂഹത്തോടും കർത്താവിന്റെ ശരീരമായ സഭയോടും രാഷ്ട്രത്തോടും കൂറു കാണിക്കുവാൻ ഭയപ്പെടുന്നവനും ഭീരു ആണ്. ഭീരുത്വം വളരെ അറപ്പും വെറുപ്പും ഉളവാക്കുന്ന ഒരു പ്രകൃതമാണ്. എല്ലാവരിലും ഏറെക്കുറെ ഈ സ്വഭാവം ഒളിഞ്ഞുകിടക്കുന്നു. ഏറ്റക്കുറച്ചിലുകൾ ഉണ്ടെന്ന വ്യത്യാസമേയുള്ളൂ. ശത്രു അടുത്തുവരുമ്പോൾ ഭീരു ഓടിപ്പോകുന്നു. യേശുവിനെ പിടിച്ചപ്പോൾ ഓടിക്കളഞ്ഞ ശിഷ്യന്മാർ ഭീരുക്കളായിരുന്നു. ഭീരുക്കൾക്കു ധൈര്യമില്ല.

**ഭീരുത്വത്തെ നിസാരമായിക്കരുതി അതിനെ താലോലിക്കുന്ന പക്ഷം നാം കർത്താവിനെ തള്ളിപ്പറഞ്ഞ് നിത്യമായ സ്വർഗീയ വാസം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നത്.**

കഷ്ടതയെക്കുറിച്ചുള്ള ഭയമാണ് ഭീരുത്വത്തിന്റെ പ്രത്യേകത. യേശുവിനെയും തന്റെ സഭയെയും അതിലെ അംഗങ്ങളെയും തള്ളിപ്പറയുന്നതിന് അവ നമ്മെ പ്രേരിപ്പിക്കുന്നു. ഭീരുത്വം നമ്മെ ചുമതലാബോധവും, കരുതലും, ആത്മാർത്ഥതയും വിശ്വസ്തതയും ഇല്ലാത്തവരാക്കിത്തീർക്കുന്നു. സ്വയം രക്ഷിക്കുന്നവരും മറ്റുള്ളവരെ പീഡിപ്പിക്കുന്നവരുമാകുവാൻ ഭീരുത്വം നമ്മെ പ്രചോദിപ്പിക്കുന്നു. പത്രൊസ് യേശുവിനെ തള്ളിപ്പറഞ്ഞതും ശിഷ്യന്മാർ യേശുവിനെ വിട്ട് ഓടിക്കളഞ്ഞതും ഭീരുത്വം മൂലമാണ്. അപ്പോൾ ശിഷ്യന്മാർ എല്ലാവരും അവനെ വിട്ട് ഓടിപ്പോയി (മത്തായി 26 : 56) എന്നു വിശുദ്ധ ബൈബിളിൽ എഴുതിയി

രിക്കുന്നു. ഭയങ്കര വിപത്തുകൾക്ക് ഉത്തരവാദിത്വം വഹിക്കുന്ന ഒന്നാണ് ഭീരുത്വം.

എതിർക്രിസ്തുവിന്റെ കാലം വരുമ്പോൾ അവന്റെ പ്രതിമയെ നമസ്കരിക്കുന്നതിനും അടയാളം വഹിക്കുന്നതിനും ഭീരുത്വം അനേകരെ പ്രേരിപ്പിക്കും. അങ്ങനെ അവർ യേശുവിനെ തള്ളിപ്പറയും. അതിന്റെ ഭവിഷ്യത്തുകൾ ഭയാനകമായിരിക്കും. അവർക്കുള്ള ദൈവശിക്ഷയും അതികഠിനമായിരിക്കും: ദൈവകോപത്തിന്റെ പാത്രത്തിൽ കലർപ്പില്ലാതെ പകർന്നിരിക്കുന്ന ദൈവക്രോധമദ്യം കുടിക്കേണ്ടിവരും. വിശുദ്ധദൂതന്മാർക്കും കുഞ്ഞാടിനും മുമ്പാകെ അഗ്നിഗന്ധകങ്ങളിൽ ദണ്ഡനം അനുഭവിക്കും. അവരുടെ ദണ്ഡനത്തിന്റെ പുക എന്നന്നേക്കും പൊങ്ങും. മൃഗത്തെയും അതിന്റെ പ്രതിമയെയും നമസ്കരിക്കുന്നവർക്കും അതിന്റെ പേരിൽ മുദ്രയേൽക്കുന്ന ഏവനും രാവും പകലും ഒരു സ്വസ്ഥതയും ഉണ്ടാകുകയില്ല (വെളിപ്പാട് 14:10,11). നാം അനുതപിക്കാത്തപക്ഷം നമ്മുടെ ഭീരുത്വത്തിനു നിത്യതയിൽ ലഭിക്കുന്ന ശിക്ഷയും കഠിനമായിരിക്കും. ഭീരുത്വം എന്ന പാപത്തെ നാം വെറുക്കേണ്ടതും അതിനെതിരെ ആത്മീയയുദ്ധം ചെയ്യേണ്ടതും അനിവാര്യമത്രെ. ഭീരുത്വത്തെ നിസാരമായിക്കരുതി അതിനെ താലോലിക്കുന്ന പക്ഷം നാം കർത്താവിനെ തള്ളിപ്പറഞ്ഞ് നിത്യമായ സ്വർഗീയവാസം നഷ്ടപ്പെടുത്തുകയാണു ചെയ്യുന്നത്.

ഭീരുത്വത്തെ നമുക്ക് എങ്ങനെ ജയിക്കുവാൻ സാധിക്കും? അനേക കഷ്ടങ്ങളിൽക്കൂടി ദൈവരാജ്യത്തിൽ കടക്കേണ്ടതാകുന്നു എന്ന തിരുവെഴുത്തു മനസ്സിലാക്കി അതിനായി മനസ്സോടെ ഒരുങ്ങുക എന്നുള്ളതാണ് ഒരു പ്രധാന മാർഗം. നമുക്കു ഭയവും പ്രയാസവുമുള്ള കാര്യങ്ങളെ നാം സ്വയം വഹിക്കണം. കഷ്ടതയുടെ നടുവിൽക്കൂടിയാണ് സ്വർഗാനുഭവം ലഭിക്കുന്നതെന്ന് നാം മനസിലാക്കണം. മറ്റുള്ളവരുടെ ബഹുമാനം, സ്നേഹം, കൂട്ടായ്മ, സഹായം മുതലായവ നഷ്ടപ്പെടുമ്പോൾ സന്തോഷത്തോടെ സഹിച്ചയേശുവിനെ നാം ധ്യാനിക്കണം. അപ്പോൾ സന്തോഷത്തിന്റെ പ്രഭുവായ യേശുകർത്താവ് നമ്മുടെ സമീപേ വരും. ദൈവസ്നേഹം പകരുമ്പോൾ നമ്മുടെ സങ്കടം അലിഞ്ഞ് ഇല്ലാതെയാകും. ഇതാണ് യേശുവിനുവേണ്ടി തടവിൽ കിടന്നവരുടെയും സുവിശേഷത്തിനു വേണ്ടി രക്തസാക്ഷികളായി ത്തീർന്നവരുടെയും അനുഭവം.

ഭീരുത്വത്തെ ജയിക്കുന്നതിനുള്ള രണ്ടാമത്തെ

**കഷ്ടതയുടെ നടുവിൽക്കൂടിയാണ് സ്വർഗാനുഭവം ലഭിക്കുന്നതെന്ന് നാം മനസിലാക്കണം. മറ്റുള്ളവരുടെ ബഹുമാനം,സ്നേഹം, കൂട്ടായ്മ, സഹായം മുതലായവ നഷ്ടപ്പെടുമ്പോൾ സന്തോഷത്തോടെ സഹിച്ച യേശുവിനെ നാം ധ്യാനിക്കണം.**

മാർഗം, യേശുവിന്റെ വചനത്തിൽ നാം പൂർണ്ണമായി വിശ്വസിക്കുക എന്നതാണ്. വിശ്വസിക്കുക എന്നതിന് ആശ്രയിക്കുക എന്നുകൂടി അർത്ഥമുണ്ട്. ഇതിനെ നാം നിസാരമായി അവഗണിച്ചാൽ നമുക്ക് ജയജീവിതം പ്രാപിക്കുവാൻ സാധിക്കുകയില്ല. ലോകത്തിൽ നിങ്ങൾക്കു കഷ്ടമുണ്ട് എങ്കിലും ധൈര്യപ്പെടുവിൻ, ഞാൻ ലോകത്തെ ജയിച്ചിരിക്കുന്നു എന്ന് യേശുകർത്താവ് വാഗ്ദത്തം നൽകി. യേശു ഭോഷ്ക്കു പറയാത്തവനാണ്. യേശുവിന്റെ വാക്ക് ഉവ്വ്, ഉവ്വ് എന്നും ഇല്ല, ഇല്ല എന്നുമത്രെ. കർത്താവിന്റെ വാഗ്ദത്തം സത്യമാണ്. ആകയാൽ നമുക്കതിൽ പൂർണ്ണമായി വിശ്വസിക്കാം. ഭയത്തെ യേശുകർത്താവ് കാൽക്കീഴിലിട്ടു മെതിച്ചുകളഞ്ഞു. കർത്താവിന്റെ വാഗ്ദത്തം നാം വിശ്വാസത്തോടെ ഏറ്റെടുത്താൽ ഭയത്തിന്റെ ശക്തിക്ക് നമ്മെ ഭരിക്കുവാൻ കഴിയുകയില്ല.

ദൈവത്തിന്റെ പദ്ധതിയിൽ കഷ്ടത അവസാനത്തെ അനുഭവം അല്ലാത്തതിനാൽ അവിടുത്തേക്ക് വേണ്ടി പിറുപിറുപ്പു കൂടാതെ കഷ്ടത സഹിക്കുന്നവർക്ക് അവിടുന്ന് പിന്നീട് തന്റെ നന്മയെ കാണിക്കും. സ്വർഗസ്ഥ പിതാവിനെ യേശു പൂർണ്ണമായി വിശ്വസിച്ചു. ഗത്സമനയിലുള്ള തന്റെ വിഷമത്തിലും കാൽവറിയിലെ വേദനയിലും അതു സന്തോഷത്തോടെ സഹിക്കുവാനുള്ള ശക്തി പിതാവ് യേശുവിനു നൽകി. ദൈവത്തിന്റെ ദയയുള്ള കൈക്കീഴിൽ നമുക്ക് അനുസരണയോടെ അമർന്നിരിക്കാം. അവിടുത്തെ സ്നേഹമുള്ള ഇച്ഛക്ക് മുമ്പിൽ മനസോടെ കീഴ്പ്പെടാം. അവിടുന്ന് നമ്മെ തീർച്ചയായും സഹായിക്കുകയും ഉയർത്തുകയും ചെയ്യും. നാം ദൈവത്തിനു നമ്മെത്തന്നെ വിധേയരാക്കുമ്പോൾ ഭയ

വും ഭീരുത്വവും നമ്മിൽനിന്ന് അകന്നുപോകും. ദൈവികസമാധാനം നമ്മുടെ ഹൃദയത്തിൽ നിറഞ്ഞു കവിയും. ഇനിയുള്ള കാലങ്ങളിൽ മുമ്പുണ്ടായിരുന്നതിലും അധികം വിശ്വാസവും ധൈര്യവും നമുക്ക് ആവശ്യമുണ്ട്. ദൈവജനത്തെ പരിഹസിക്കുക മാത്രമല്ല, അവരുടെ സ്വത്തിന്റെ മേലും ജീവന്റെമേലും കൈവയ്ക്കാൻ മടിയില്ലാത്ത എതിരാളികൾ ധാരാളമായി ഉണ്ടായിക്കൊണ്ടിരിക്കുന്നു. ലോകമെമ്പാടും സുവിശേഷത്തിന് എതിരെയും ദൈവജനത്തിനു നേരെയുമുള്ള എതിർപ്പുകളും പീഡനങ്ങളും ശക്തിപ്രാപിച്ചു കൊണ്ടിരിക്കുന്നു. പിശാച് തന്റെ സർവശക്തിയുമുപയോഗിച്ച് അവന്റെ പോരാട്ടം തുടർന്നുകൊണ്ടിരിക്കുന്നു: പിശാച് തനിക്കു അല്പകാലമേയുള്ളൂ എന്നറിഞ്ഞ് മഹാക്രോധത്തോടെ നിങ്ങളുടെ അടുക്കൽ ഇറങ്ങി വന്നിരിക്കുന്നു (വെളിപ്പാട് 12 : 12) എന്ന് തിരുവചനത്തിൽ വായിക്കുന്നു. ഈ കാലഘട്ടത്തെ അതിജീവിക്കണമെങ്കിൽ നമുക്ക് പരിശുദ്ധാത്മാവിന്റെ സഹായം അത്യന്താപേക്ഷിതമാണ്.

ഭയപ്പെടണ്ട എന്ന വാക്ക് 365 പ്രാവശ്യം വിശുദ്ധ വേദപുസ്തകത്തിൽ രേഖപ്പെടുത്തിയിരിക്കുന്നു എന്ന് വേദപണ്ഡിതന്മാർ പറയുന്നു. അത് ഓരോ ദൈവമക്കൾക്കും അതാത് ദിവസത്തേക്കുള്ള ദൈവത്തിന്റെ വാഗ്ദത്തമായി കണക്കാക്കാം. അത് നമുക്ക് വിശ്വാസത്തോടെ ഏറ്റെടുക്കാം. ഭയം ഇനിമേൽ നമ്മുടെ ജീവിതത്തിൽ ആധിപത്യം ചെലുത്താൻ ഇടയാകാതിരിക്കട്ടെ. ഭയത്തിന്റെ സ്ഥാനത്ത് ദൈവസ്നേഹവും വിശ്വാസവും പ്രത്യാശയും ധൈര്യവും നിറയ്ക്കുവാൻ പരിശുദ്ധാത്മാവിനോട് അപേക്ഷിക്കാം.

സമാധാനം ഞാൻ നിങ്ങൾക്കു തന്നിട്ടുപോകുന്നു. എന്റെ സമാധാനം ഞാൻ നിങ്ങൾക്കു തരുന്നു. ലോകം തരുന്നതുപോലെയല്ല ഞാൻ നിങ്ങൾക്കു തരുന്നത്. നിങ്ങളുടെ ഹൃദയം കലങ്ങരുത്, ഭ്രമിക്കയുമരുത് (യോഹന്നാൻ 14 : 27) എന്ന് യേശു പറഞ്ഞു. ഇത് യേശുവിന്റെ ആജ്ഞയും വാഗ്ദത്തവുമാണ്. യേശുവിന്റെ ജയം നൽകുന്ന നാമം നാം വിശ്വാസത്തോടെ ഉച്ചരിക്കുമ്പോൾ നമ്മുടെ ഭയം ദൂരീകരിക്കപ്പെടും. ഭീരുക്കളായ ശിഷ്യന്മാർ പെന്തക്കോസ്തിനു ശേഷം ശക്തരായിത്തീർന്നു. നിന്ദയോ പരിഹാസമോ മരണമോ ഏൽക്കേണ്ടി വന്നാൽപ്പോലും ഭയരഹിതരായി അതിനെ അഭിമുഖീകരിക്കാം. ഭീരുക്കളായ നമ്മെ യേശു രൂപാന്തരപ്പെടുത്തി അവിടുത്തെ യഥാർത്ഥ ശിഷ്യരാക്കട്ടെ. നാം വിശ്വസ്തരായിത്തീർന്നാൽ അവിടുന്ന് നമുക്ക് ജീവകിരീടവും നൽകും. ●

**തല കുനിച്ച് ഞാൻ ഒന്നുമല്ല എന്ന് പറയുന്നവൻ മാത്രം അല്ല പ്രത്യുത, എല്ലാത്തിനും, എല്ലാ സാഹചര്യങ്ങളിലും കർത്താവിൽ മാത്രം പൂർണ്ണമായി ആശ്രയിക്കുന്ന ഒരാളായിരിക്കും എളിമയുള്ള ഒരു വ്യക്തി.**

**നിങ്ങൾ ആശയക്കുഴപ്പവും വേദനയും കഷ്ടപ്പാടും അനുഭവിക്കുന്നുണ്ടെങ്കിൽ, ദൈവം തന്റേതായ രീതിയിൽ നിങ്ങൾക്കായി കാര്യങ്ങൾ ചെയ്യുന്നുണ്ടാകാം. മിക്കപ്പോഴും നമ്മുടെ ദൈവത്തിന്റെ പരമാധികാര പ്രവർത്തനമാണ് അവിടുത്തേക്കു മാത്രം അറിയാവുന്ന ഒരു മാസ്റ്റർ പ്ലാൻ തുറക്കുന്നത്.**

**ദൈവം നിങ്ങളെ എന്തെങ്കിലും ചെയ്യാൻ വിളിക്കുമ്പോൾ, നിങ്ങളെ എപ്പോഴും വിജയിക്കാനല്ല വിളിക്കുന്നത്, അനുസരിക്കാൻ അവിടുന്ന് വിളിക്കുന്നു! വിളിയുടെ വിജയം ദൈവഹിത പ്രകാരം ദൈവത്തിൽ നിന്നാണ്; അനുസരിക്കുക എന്നത് വിളിക്കപ്പെടുന്ന ആളിന്റെ ഉത്തരവാദിത്വമാണ്.**

*ഡേവിഡ് വിൽകേഴ്സൺ*

# മരണത്തിലൂടെ ജീവങ്കലേയ്ക്ക്

**ബെഞ്ചമിൻ വർഗീസ്**

**1830** ാമാണ്ട് ഒക്ടോബർ മാസത്തിൽ ഹെർമൻ ഗുണ്ടർട്ട് ജർമ്മനിയിലെ പ്രസിദ്ധമായ ത്യൂബിങ്ങൻ യൂണിവേഴ്സിറ്റിയിൽ ചേർന്നു. വൈകാതെതന്നെ തന്റെ പ്രിയ അദ്ധ്യാപകനായിരുന്ന സ്ട്രോസും ത്യൂബിങ്ങനിൽ എത്തിച്ചേർന്നു. സ്ട്രോസാകട്ടെ ഇതിനോടകം വിഖ്യാത ജർമ്മൻ തത്വചിന്തകനായ ഹേഗലിന്റെ (Georg Wilhelm Friedrich Hegel) തത്വചിന്തകളുടെയും സിദ്ധാന്തങ്ങളുടെയും സ്വാധീനതയിലായിത്തീർന്നിരുന്നു. അദ്ദേഹം തന്റെ ശിഷ്യന്മാരിലേയ്ക്കും എത്രയും വാക്ചാതുര്യതയോടും യുക്തിയോടും കൂടെ ഈ നവയുഗചിന്തകൾ പകർന്നുകൊടുത്തു. സ്വതേ സ്വതന്ത്രേച്ഛുവായ ഹെർമനും ഈ വലയത്തിനുള്ളിലായി എന്ന് പ്രത്യേകം പറയേണ്ടതില്ലല്ലോ. യാഥാസ്ഥിതിക ക്രിസ്തീയമൂല്യങ്ങൾ പിന്തുടർന്ന സഹപാഠികൾ കേവലം മൂഢന്മാർ ആണെന്ന് ഇക്കൂട്ടർ ധരിച്ചുപോരുകയും ചെയ്തു. ഇതുമൂലം അനേകം യൗവനക്കാർ തങ്ങളുടെ പിതാക്കന്മാരുടെ മാർഗം വിട്ടു യുക്തിവാദികളായിത്തീരുവാനിടയായി.(rationalists).

ഇക്കാര്യം അറിഞ്ഞ ലുഡ്വിഗ് ദീർഘമായൊരു കത്ത് തന്റെ മകന് എഴുതി, മകനേ, നീ സത്യമാർഗത്തിൽ നിന്നും വഴിതെറ്റി മണലിന്മേൽ വീട് പണിതവനെപ്പോലെ ആയിപ്പോയിരിക്കുന്നു എന്ന് അവനെ ഓർമ്മിപ്പിച്ചു. കേവലയുക്തിക്ക് അതീതമായ ദൈവികശക്തിയെ തന്റെ മകൻ ഗ്രഹിക്കണമെന്ന് അദ്ദേഹം ആഗ്രഹിച്ചു. അവൻ സുവിശേഷത്തെ യുക്തികൊണ്ട് വിശകലനം ചെയ്യുന്നതിനുപകരം സുവിശേഷത്തോട് യുക്തി ചേർത്തിണക്കും എന്ന് താൻ ആശിച്ചു. നീ കേവലം ഈ പിതാവിന്റെ സ്നേഹത്തിനു മാത്രമല്ല ദൈവാത്മാവിന്റെ ശബ്ദം കേൾപ്പാനുമായി നിന്റെ ചെവി തുറന്നുവരുവാനിടയാകട്ടെ എന്നു ഞാൻ പ്രാർത്ഥിക്കുന്നു എന്നെഴുതിയാണ് അദ്ദേഹം തന്റെ കത്ത് അവസാനിപ്പിച്ചത്. ഒരു ദൈവപ്രവർത്തിക്കല്ലാതെ മാനുഷികവാക്കുകൾക്ക് തന്റെ മകനിൽ യാതൊരുമാറ്റവും വരുത്താനാവില്ലയെന്ന് ആ ദൈവമനുഷ്യനു ബോധ്യമായി. ക്രിസ്തുവർഷം 1833 ജനുവരി മാസത്തിൽ ഹെർമന്റെ മാതാവ് തന്റെ ഇഹലോകവാസം പൂർത്തിയാക്കി താൻ പ്രിയം വെച്ച കർത്താവിനരികിലേയ്ക്ക് പോയി. അപ്പോഴേയ്ക്കും ആ അമ്മയുടെ അരുമയായ മകൻ ഒരു തികഞ്ഞ അജ്ഞാനിയായിത്തീർന്നിരുന്നു. എന്നാൽ അക്കാലത്തുപോലും ഗുണ്ടർട്ട് ഒരിക്കലെങ്കിലും സ്ഥൂലമായ പാപങ്ങളിലകപ്പെടുകയോ ദുർന്നടപ്പ് ആചരിക്കുകയോ ചെയ്തിരുന്നില്ല. എന്നുമാത്രമല്ല തന്റെ പിതാവിന് തന്നെക്കൊണ്ട് ഒരു ഭാരവും ഉണ്ടാകരുത് എന്ന് കരുതി തന്റെ പണം അതിസൂഷ്മത്തോടെ ചെലവഴിക്കുകയും ചെയ്തുപോന്നു എന്ന കാര്യവും പ്രസ്താവ്യമാണ്. കല, തത്വജ്ഞാനം, യുക്തിവാദം എന്നിത്യാദി ബൗദ്ധികകാര്യങ്ങളിലായിരുന്നു അദ്ദേഹത്തിന് താത്പര്യം. ഇവയാണ് അദ്ദേഹത്തെ ദൈവികകാര്യങ്ങളിൽനിന്നും അകറ്റിക്കളഞ്ഞത്.

സ്ട്രോസിന്റെ സ്വാധീനവലയത്തിലകപ്പെട്ട് തങ്ങളുടെ വിശ്വാസം ത്യജിച്ചവരായ അനേകർ ആ സർവകലാശാലയിലുണ്ടായിരുന്നു. അസാധാരണ ബുദ്ധിപാടവവും, യുക്തിബോധവുമുള്ള ഹെർമൻ ക്രമേണ ഇവർക്കിടയിൽ ഒരു നേതാവായിത്തീരുകയും ചെയ്തു. എന്നാൽ ഈ ചങ്ങാതിമാരിൽ പലരും ജീവിതത്തിന്റെ അർത്ഥം നഷ്ടപ്പെട്ടരായി നിരാശരായിത്തീരുകയും, ചിലർ ക്രമേണ ആത്മഹത്യയിൽ അഭയം തേടുകയും ചെയ്തു. ഇവരെ ധൈര്യപ്പെടുത്തുവാനോ തക്കതായ വഴികാട്ടിക്കൊടുക്കുവാനോ ഹെർമനായില്ല. താൻതന്നെ ഒരു സാക്ഷാൽ ഭ്രാന്തനായിത്തീരുമോ എന്ന് ശങ്കിച്ചുപോയി എന്ന് അദ്ദേഹം പിൽക്കാലത്ത് എഴുതി. ഇക്കാലയളവിലൊരിക്കൽ ഹെർമന്റെ ഒരു ആത്മസ്നേഹിതൻ ആത്മഹത്യക്കായി ഒരുങ്ങി. അവനെ അതിൽനിന്നും പിന്തിരിപ്പിക്കാൻ ഹെർമൻ കിണഞ്ഞു പരിശ്രമിച്ചുവെങ്കിലും അവൻ വഴങ്ങിയില്ല. അതിദു:ഖിതനായിത്തീർന്ന ഹെർമൻ മറ്റൊരുവഴിയും കാണാനാകാതെ അവസാനം തന്റെ സുഹൃത്തിനു ഒരു മനംമാറ്റം ഉണ്ടാകണമേ എന്ന് ദൈവത്തോട് കേണപേക്ഷിച്ചു. ആ പ്രാർത്ഥനയെ സ്വർഗസ്ഥനായ പിതാവ് ദയയോടെ കേട്ടു.

ആ പ്രാർത്ഥനയെക്കുറിച്ച് ഗുണ്ടർട്ട് ഇപ്രകാരം ആണെഴുതിയിരിക്കുന്നത്: ഞാൻ ആ രാത്രി

യിൽ സാക്ഷാൽ നിരാശപ്പെട്ടു, ദരിദ്രനും ഗതിയില്ലാത്തവനുമായി, ദൈവത്തെ അന്വേഷിച്ചതുകൊണ്ടു, വളരെ പോരായ്മ നിറഞ്ഞതെങ്കിലും ആ പ്രാർത്ഥന ദൈവം കേട്ടു. മഴ പെയ്തു, തോർന്നു, ആകാശവും തെളിഞ്ഞു വന്നു, നക്ഷത്രങ്ങൾ മേലിൽനിന്നു മിന്നുന്നതും കാണായി. എന്റെ ഹൃദയത്തിലുള്ള ക്ഷോഭവും ചുഴലിയും ശമിച്ചാൽ എനിക്കു ലഭിച്ച രക്ഷ ഞാൻ ഇന്ത്യയിൽ ചെന്നറിയിക്കും എന്നും അന്നുതന്നെ നിർണ്ണയിച്ചു. തത്വചിന്തയിലുള്ള താത്പര്യം കൊണ്ടായിരിക്കാം ഇന്ത്യയെന്ന ചിന്ത ഒരുപക്ഷേ തന്നിൽ വന്നത്. തന്റെ പ്രാർത്ഥനയ്ക്ക് ദൈവം മറുപടി തന്നുവെന്ന് കണ്ട ഹെർമൻ താനെടുത്ത തീരുമാനത്തിനനുസൃതമായി ക്രിസ്തീയ കൂട്ടായ്മകളിൽ കൂടുതലായി പങ്കെടുക്കാനാരംഭിച്ചു. ഈ സംഭവം ഹെർമനിൽ ഒരു യഥാർഥ മാനസാന്തരത്തിനു ഹേതുവായില്ലെങ്കിൽക്കൂടി ദൈവികമാർഗത്തിലേക്കുള്ള മടങ്ങിപ്പോക്കിന്റെ ആദ്യപടിയായിരുന്നു അത്. അപ്പോൾ പോലും അത്തരം കൂട്ടായ്മകളിൽ ജ്ഞാനികൾ എന്ന് കരുതാവുന്നർ ആരെയും കാണായ്കയാൽ അവരോടൊപ്പം ഇടപഴകുന്നതിൽ വളരെ വൈമുഖ്യവും തനിക്കുണ്ടായി. തന്റെ മുൻസുഹൃത്തുക്കൾ പലരും ഹെർമനെ വീണ്ടും സ്വാധീനിക്കാൻ ശ്രമിക്കയാൽ അവിശ്വാസമാകുന്ന ഈശാനമൂലൻ പലവട്ടം ആഞ്ഞടിച്ച് ആ കപ്പലിന്റെ നങ്കൂരം തകർന്നുപോകുമോയെന്ന് ശങ്കിക്കേണ്ടുന്ന അവസ്ഥ വീണ്ടും ഉളവായി. ഇങ്ങനെ രണ്ടു വഞ്ചിയിൽ കാൽ വെപ്പാൻ ശ്രമിച്ച അദ്ദേഹം നിരാശയിൽ അകപ്പെട്ട് വിശ്വാസം വീണ്ടും ത്യജിച്ചുകളയുന്നയിടത്തോളം വരെ എത്തി. എന്നാൽ 1837 ലെ വസന്തകാലത്ത് വൃക്ഷങ്ങളിൽ പുതുജീവൻ നാമ്പിടുന്നതോടൊപ്പം ഹെർമനിലും യഥാർഥ മാനസാന്തരത്തിന്റെ തളിരുകൾ പൊട്ടിമുളയ്ക്കുവാൻ കർത്താവിടയാക്കി. എന്നാൽ ദൈവം അതിനായി തിരഞ്ഞെടുത്ത വഴി മരണത്തിലൂടെ ജീവങ്കലേയ്ക്ക് കടക്കുന്നതായിരുന്നു.

അതെങ്ങനെയെന്നാൽ, ഹെർമൻ ഒരു സന്നിജ്വരബാധിതനായി, രോഗം മൂർച്ഛിച്ച് മരണാസന്നനായിത്തീർന്നു. ചിലമാസങ്ങളോളം ഒരു ബലഹീന ശിശുവെന്ന പോലെ ജീവനായി പൊരുതി ക്രിസ്തുവിനോട് ഒരു വിടുതലിനായി പ്രാർത്ഥിച്ചുകൊണ്ടിരുന്നു. ഹെർമനെക്കുറിച്ച് ഒരു ദൈവികപദ്ധതിയുണ്ടായിരുന്നതിനാൽ കർത്താവ് ആ രോഗത്തിനു ശമനം വരുത്തി. അങ്ങനെ സൗഖ്യം പ്രാപിച്ചതിനു ശേഷം ഹെർമൻ തന്റെ മുൻസുഹൃത്തുക്കളുമായുള്ള ബന്ധം പാടെ ഉപേക്ഷിച്ച് വിരലിലെണ്ണാൻ മാത്രമുണ്ടായിരുന്ന ക്രിസ്ത്യൻ സുഹൃത്തുക്കളുടെ കൂട്ടായ്മയിൽ പങ്കുചേരുവാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഒരു ദിവസം ഹൃദയശുദ്ധിയുള്ളവർ ഭാഗ്യവാന്മാർ; അവർ ദൈവത്തെക്കാണും എന്ന വചനത്തെ ആധാരമാക്കി ഒരു പ്രസംഗം നടത്തേണ്ടതിനായി ഹെർമനു ക്ഷണം വന്നു. അതിലേയ്ക്കായി വചനം ധ്യാനിച്ചുകൊണ്ടിരിക്കുമ്പോൾ അദ്ദേഹത്തിനു തന്റെ ഹൃദയത്തിന്റെ പരിതാപകരമായ മലിനാവസ്ഥ തെളിവായി വരികയും, അതിൽനിന്നും എങ്ങനെയും രക്ഷപെടേണം എന്ന അകൈതവമായ വാഞ്ഛ തന്നിൽ ഉടലെടുക്കുകയും ചെയ്തു. പാപബോധത്താൽ മനംകലങ്ങിയ ആ യൗവനക്കാരൻ മുട്ടുകുത്തി ക്രൂശിതനോട് തന്റെ പാപങ്ങളെ മോചിച്ചു തരേണമെന്ന് മുട്ടിപ്പായി പ്രാർത്ഥിച്ചു. ആ നാഴികയിൽത്തന്നെ ഹെർമന് ദൈവികകൃപ അനുഭവിച്ചറിയുവാനും തന്റെ കല്ലായ ഹൃദയത്തിനുപകരം അനുതാപമുള്ള നിർമലമായ ഒരു ഹൃദയത്തിനുടമയായിത്തീരുവാനും ഇടയായിത്തീർന്നു. പ്രത്യാശയ്ക്കൊരു വകപോലും കാണാൻ സാധ്യമല്ല എന്ന് കരുതിയയിടത്ത് ദൈവസ്നേഹം ഹെർമനെ തേടിയെത്തി.

ഗുണ്ടർട്ട് ആ അനുഭവത്തെക്കുറിച്ച് പിന്നത്തേതിൽ അന്നുതൊട്ടു ചിലതിനൊക്കേയും ഭംഗം വന്നാലും ഞാൻ അവനിൽ വസിച്ചു അവന്റെ ആളായി ജീവനാൾ കഴിപ്പാൻ ഇടയായതു നിമിത്തവും ഞാൻ കർത്താവിനെ പുകഴ്ത്തുന്നു എന്നെഴുതുവാൻ ഇടയായി. ദൈവഭക്തരായ ആ മാതാപിതാക്കൾ ദൈവസന്നിധിയിൽ കഴിച്ച പ്രാർത്ഥനകൾക്കും കണ്ണുനീരിനും ദൈവം മറുപടി നൽകി.

പ്രിയവായനക്കാരെ, നിങ്ങളും ഗുണ്ടർട്ടിന്റെ മാതാപിതാക്കളെപ്പോലെ നിങ്ങളുടെ പ്രിയപ്പെട്ടവരുടെ മാനസാന്തരത്തിനായി പ്രാർത്ഥിച്ചു മറുപടി കാണാതെ മനംകലങ്ങിയിരിക്കുന്നവരാണോ? നിങ്ങൾ നിരാശരാകാതെ പ്രാർത്ഥനയിൽ ഉറ്റിരിപ്പിൻ.

യേശു പറഞ്ഞു: എന്നെ അയച്ച പിതാവ് ആകർഷിച്ചിട്ടല്ലാതെ ആർക്കും എന്റെ അടുക്കൽ വരുവാൻ കഴികയില്ല. അവിടുന്ന് തക്കസമയത്ത് നിങ്ങളുടെ പ്രാർത്ഥനയ്ക്കുള്ള മറുപടി അയയ്ക്കുക തന്നെ ചെയ്യും. ●





ജെസ്സി സാജു

# ദൗത്യവുമായി എഴുന്നേറ്റു പ്രകാശിക്കട്ടെ

**ഇന്ന്** നാം അഭിമുഖീകരിക്കുന്ന ഏറ്റവും വലിയ ഒരു പ്രശ്നമാണ് കുടുംബത്തെ ദൈവ മുമ്പാകെ നില നിർത്തുക എന്നത്. ദൈവമുമ്പാകെ മാത്രമല്ല, കുടുംബത്തിലുള്ളവർ തമ്മിൽ പോലും ഒരു ഏകീഭാവമോ, സഹകരണ മനോഭാവമോ പോലുമില്ലാതെ പോയിരിക്കുന്നു.'അപ്പൻ ഒരു വഴി അമ്മ മറ്റൊരു വഴി മക്കൾ പെരുവഴി എന്ന പഴഞ്ചൊല്ല് ഇന്ന് പല കുടുംബങ്ങളിലും യാഥാർത്ഥ്യമായിത്തീർന്നിരിക്കുന്നു. ആർക്കും ആരുമായും സ്ഥായിയായ ബന്ധം ഒന്നും ഇല്ലാത്ത അവസ്ഥ. അപ്പന്റെയും അമ്മയുടെയും ഉപദേശങ്ങൾക്ക് വേണ്ടി കാതോർത്തിരിക്കുന്ന മക്കൾ ഒരു പഴങ്കഥയായി മാറിയിരിക്കുന്നു.

സദൃശ്യവാക്യങ്ങളുടെ തുടക്കത്തിൽത്തന്നെ നമുക്കുള്ള ഉപദേശം ആയി നാം കാണുന്നത് 'മകനെ, അപ്പന്റെ പ്രബോധനം കേൾക്ക, അമ്മയുടെ ഉപദേശം ഉപേക്ഷിക്കുകയും അരുത്. അവ നിന്റെ ശിരസ്സിനു അലങ്കാരമാലയും നിന്റെ കഴുത്തിന് സരപ്പളിയുമായിരിക്കും'( സദൃശ്യവാക്യങ്ങൾ 1 :8,9). എന്നാൽ ഇന്ന്, പ്രബോധിപ്പിക്കുന്ന അപ്പനും ഉപദേശിക്കുന്ന അമ്മയും ഒരു അപൂർവ്വ കാഴ്ച ആയിരിക്കും. അഥവാ അങ്ങനെ പ്രബോധനവും ഉപദേശവും മാതാപിതാക്കളിൽ നിന്നും ഉണ്ടായാൽ അതിനോടുള്ള മക്കളുടെ പ്രതികരണം പണ്ടുള്ളതിൽ നിന്നും തികച്ചും വ്യത്യസ്തമായിരിക്കും.

മൂല്യബോധം നഷ്ടപ്പെട്ട ഒരു സമൂഹമായിത്തീർന്നിരിക്കുന്നു ഇന്നത്തെ നല്ലൊരു പങ്ക് ആളുകളും. പാപം എന്ന ഒരു വാക്കു തന്നെ പുതിയ തലമുറയിൽ അപ്രത്യക്ഷമായിമായിക്കൊണ്ടിരിക്കുന്നു. സെക്കുലർ സമൂഹത്തിൽ 'കുറ്റ'മേയുള്ളൂ. പാപം ഇല്ല. എന്താണ് പാപവും കുറ്റവും തമ്മിലുള്ള വ്യത്യാസം? നിയമപരമായി ശിക്ഷ ലഭിക്കാവുന്ന പ്രവർത്തികൾ ആണ് കുറ്റം. ശിക്ഷ ലഭിക്കും എന്നുള്ള പേടിയിൽ ഒരുപക്ഷേ കുറ്റം ചെയ്യാൻ ആളുകൾ മടിക്കുന്നു. എന്നാൽ പാപം എന്നത് ഇന്ന് മതപരമായ ഒരു വാക്ക് ആയിട്ട് യുവാക്കൾ ചിന്തിക്കുന്നു. ഉദാഹരണമായി, ഒരാൾ മദ്യപിച്ചാൽ, അതിനു നിയമപരമായ ശിക്ഷ ഇല്ലാത്തതുകൊണ്ട് അത് കുറ്റം ആവുന്നില്ല. എന്നാൽ ദൈവസന്നിധിയിൽ അത് പാപമാണ്. നിയമങ്ങൾ മാറിമറിയുന്നത് അനുസരിച്ച് കുറ്റങ്ങൾ പോലും കുറ്റം അല്ലാതായിത്തീരുന്നു. ഉദാഹരണത്തിന്, നേരത്തെ ഭാര്യഭർത്താക്കന്മാർ അല്ലാത്ത ഒരു പുരുഷനും സ്ത്രീയും ശാരീരികബന്ധത്തിൽ ഏർപ്പെട്ടാൽ അത് കുറ്റകരം ആയിരുന്നു. എന്നാൽ ഇന്ന് നിയമം മാറി. അന്യപുരുഷൻമാർ പോലും പരസ്പരം സമ്മതത്തോടെ കിടക്ക പങ്കിട്ടാൽ അത് നിയമപരമായി കുറ്റമല്ലാതായി തീർന്നിരിക്കുന്നു. അതുകൊണ്ട്

എന്ത് ? പരസ്പര സമ്മതത്തോടെ ഭാര്യമാരെ വെച്ചു മാറുന്ന രീതി ഇന്ന് നമ്മുടെ കൊച്ചു കേരളത്തിൽ പോലും നടക്കുന്നു. പരാതി ഇല്ലെങ്കിൽ കുറ്റമല്ല എന്നാണ് നിയമപീഠത്തിനു പോലും ഉള്ള നിലപാട്. ഇതിനിടയിൽ പാപം എന്ന വാക്കിന് പ്രസക്തിയില്ലാത്ത തലത്തിലേക്ക് സമൂഹം അധഃപ്പതിച്ചു പോയിരിക്കുന്നു.

ഇങ്ങനെയുള്ള സമൂഹത്തിൽ വളരുന്ന നമ്മുടെ കുഞ്ഞുങ്ങളോട് 'മക്കളെ, ഇതിൽ നിന്നൊക്കെ ഒഴിഞ്ഞിരിക്കണം, ഇതൊക്കെ ദൈവസന്നിധിയിൽ പാപമാണ്' എന്നു നാം പറഞ്ഞു കൊടുക്കേണ്ടേ?

വിവാഹത്തിനു മുമ്പ്, വിവാഹം കഴിക്കാൻ പോകുന്ന പെൺകുട്ടിയെ ഒന്ന് സ്പർശിക്കാൻ പോലും നമ്മുടെ സമൂഹം അനുവദിച്ചിരുന്നില്ല. എന്നാൽ ഇന്ന് അതു പഴയ കഥ. വിവാഹത്തിനു മുമ്പ് ഒന്നിച്ചു ജീവിക്കാൻ അവർ തീരുമാനം എടുക്കുന്നു. അതിനായി വീടോ, ഫ്ളാറ്റോ ഒക്കെ കണ്ടുപിടിച്ച് അവർ സുഖമായി ജീവിക്കുന്നു. മാതാപിതാക്കളെയോ, ബന്ധുമിത്രാദികളെയോ അവരുടെ ഈ ജീവിത ശൈലിയെയോ കുറ്റപ്പെടുത്തുവാൻ പോലും അവർ അനുവദിക്കുകയില്ല. ആരുടേയും ഉപദേശം സ്വീകരിക്കാൻ അവർക്ക് താൽപര്യവുമില്ല. വിവാഹത്തിൽ പ്രവേശിക്കുന്നതിനുമുമ്പ് വിവാഹം എന്ന ശുശ്രൂഷ അനിവാര്യമാണെന്നും അത് സമൂഹത്തിന്റെയും സഭയുടെയും പ്രമാണമാണെന്നും അവരോട് പറഞ്ഞാൽ അതൊക്കെ പഴഞ്ചൻ ആശയങ്ങൾ ആണെന്നാണ് അവരുടെ മറുപടി. അവർക്ക് സഭയെയോ, സമൂഹത്തെയോ പേടിയില്ല. ദൈവത്തെയോ മാതാപിതാക്കളെയോ ഗുരുഭൂതന്മാരെയോ അവർ ഗൗനിക്കുന്നില്ല. നല്ല ജോലിയും ഇഷ്ടംപോലെ പണവും അവരെ മറ്റാരോ ആക്കിത്തീർത്തു.

കഴിഞ്ഞകാലങ്ങളിൽ ഏറെ വെറുക്കപ്പെട്ടിരുന്ന മറ്റൊരു പാപമാണ് സ്വവർഗ്ഗരതിയും ഒരേ ലിംഗത്തിൽപ്പെട്ടവർ തമ്മിലുള്ള വിവാഹവും. എന്നാൽ ഇന്ന് ഇതിന് നിയമത്തിന്റെ പരിരക്ഷയുണ്ട്. അതുകൊണ്ടുതന്നെ അത് കുറ്റത്തിന്റെ ഗണത്തിൽ പെടുന്നില്ല. എന്നാൽ ഈ പാപത്തിൽ ജീവിച്ച സോദോം ഗൊമോറ ജനത്തിനു മേൽ ദൈവത്തിന്റെ കോപാഗ്നി ഇറങ്ങി അവരെ ദഹിപ്പിച്ചു കളഞ്ഞത് നമുക്ക് ബുദ്ധി ഉപദേശം ആയി ഭവിക്കണം.

ഇങ്ങനെയൊക്കെയുള്ള മൂല്യച്യുതികൾ നമുക്കു ചുറ്റും വാഴുമ്പോൾ ക്രിസ്തുവിന്റെ സഭ എന്ന നിലയിൽ നമുക്ക് എന്തു ചെയ്യുവാൻ കഴിയും? നിങ്ങൾ ഭൂമിയുടെ ഉപ്പും വെളിച്ചവുമാകുന്നു എന്ന് തന്റെ ശിഷ്യന്മാരോടാണ് യേശു പറഞ്ഞത്. ഇന്ന് അവരുടെ സ്ഥാനത്തു നാമാണ് ആയിരിക്കുന്നത്. ഉപ്പു എന്തിലെങ്കിലും ചേർക്കുമ്പോൾ അതിന്റെ ഓരോ കണികകളിലേക്കും ആഴ്ന്നിറങ്ങി ചെല്ലുന്നതാണ് ഉപ്പിന്റെ പ്രകൃതം. ആയതുപോലെ ഒരു മനുഷ്യനെയും അവഗണിക്കാതെ ഓരോ വ്യക്തികളിലേക്കും കടന്നു ചെന്ന് അവരെ ബോധവത്കരിക്കുകയും ഉൾക്കാഴ്ച നൽകുകയും ചെയ്യേണ്ടത് സഭയുടെ ഒരു വലിയ ഉത്തരവാദിത്വമാണ്. ദൈവീക ഉൾക്കാഴ്ച നൽകുവാൻ സഭയ്ക്കല്ലാതെ മറ്റാർക്കാണ് കഴിയുക? അതുപോലെ തന്നെ പാപത്തിന്റെ അന്ധകാരത്തെ ഇല്ലായ്മ ചെയ്യുവാൻ വെളിച്ചത്തിനല്ലാതെ മറ്റെന്തിനാണ് കഴിയുക. സഭയ്ക്ക് യേശുകർത്താവ് നൽകിയിട്ടുള്ള ഒരു സുപ്രധാന നിയോഗമാണ് ഇവിടെ പരാമർശിച്ചത്. ഒരു ശരീരത്തിന്റെ അവയവങ്ങൾ എന്നത് പോലെ സഭ മുഴുവനായും തികഞ്ഞ ഏകോപനത്തോടെ നിവർത്തിക്കേണ്ടുന്ന കർത്തവ്യം. ഒരു പാസ്റ്റർ എന്ന നിലയിലോ, മാതാപിതാക്കൾ എന്ന നിലയിലോ, സൺഡേ സ്കൂൾ ടീച്ചർ എന്ന നിലയിലോ, നമ്മുടെ ഉത്തരവാദിത്വം എന്താണ്? ഒന്നാമതായി പാപത്തെ പാപം എന്ന് പറഞ്ഞ് പഠിപ്പിക്കുവാൻ നമ്മുടെ സഭകൾ മുൻകൈയെടുക്കണം.

ആരാധനയ്ക്ക് വരുന്ന യുവാക്കളോടും സഭാവിശ്വാസികളോടും വീണ്ടും വീണ്ടും ദൈവം നിന്നെ അനുഗ്രഹിക്കും, നിനക്ക് കാർ തരും, വീട് തരും, പണം തരും, എന്നൊക്കെ മാത്രം കർണ്ണരസമായി പറഞ്ഞ് സുഖിപ്പിച്ച് അവരെ വീട്ടിലേക്ക് പറഞ്ഞു വിടുമ്പോൾ അവർക്ക് ഒരിക്കലും പാപം എന്താണെന്ന് ബോധ്യം ഉണ്ടാവുകയില്ല. പിന്നെ അവർ ആഗ്രഹിക്കുന്നതുപോലെ തന്നെ കാറും വീടും പണവും ലഭിക്കാനുള്ള ഒരു ഉപാധി എന്ന നിലയിലാണ് ആരാധനയ്ക്ക് എത്തുന്നത്.

പാപത്തിന്റെ ലിസ്റ്റ് സഭയിൽ പഠിപ്പിക്കണം. ഇതാണോ സഭാരാധന എന്ന് ഒരുപക്ഷേ ആളുകൾ ചോദിച്ചേക്കാം. എന്നാൽ അതും സഭയിൽ അനിവാര്യമാണെന്ന് മറക്കേണ്ട. പാപം ചെയ്യുന്ന ദേഹി മരിക്കുമെന്നും പാപങ്ങളുടെ ലിസ്റ്റ് പറഞ്ഞുകൊണ്ട് അത് ചെയ്യുന്നവർ സ്വർഗ്ഗരാജ്യം അവകാശമാക്കുകയില്ല എന്നും തിരുവചനം പഠിപ്പിക്കുന്നു. എന്നാൽ മിക്കപ്പോഴും സഭയിൽ നമ്മളത് പഠിപ്പിക്കുന്നില്ല. അതുകൊണ്ടുതന്നെ ലൈംഗിക പാപങ്ങൾ ഉൾപ്പെടെ ഒന്നിനെയും

ശേഷം പേജ് 29 ▶



## മത്തായിയുടെ സുവിശേഷത്തിലെ ആത്മിക മർമങ്ങൾ

ജോയ് എം. തോമസ്

# യേശുവിന്റെ കുടുംബം

***ഈ ഉപമകളെ പറഞ്ഞു തീർന്നശേഷം യേശു അവിടം വിട്ട് തന്റെ പിതൃനഗരത്തിൽ വന്നു, അവരുടെ പള്ളിയിൽ അവർക്ക് ഉപദേശിച്ചു. അവർ വിസ്മയിച്ചു. ഇവന് ഈ ജ്ഞാനവും വീര്യപ്രവർത്തികളും എവിടെ നിന്ന്? ഇവൻ തച്ചന്റെ മകൻ അല്ലയോ? ഇവന്റെ അമ്മ മറിയ എന്നവൾ അല്ലയോ? ഇവന്റെ സഹോദരന്മാർ യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവർ അല്ലയോ? ഇവന്റെ സഹോദരികളും എല്ലാം നമ്മോടു കൂടെ ഇല്ലയോ? ഇവന് ഇത് ഒക്കെയും എവിടെ നിന്നു എന്നു പറഞ്ഞു അവങ്കൽ ഇടറിപ്പോയി. യേശു അവരോട്: ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തം ഭവനത്തിലും അല്ലാതെ ബഹുമാനം ഇല്ലാത്തവൻ അല്ല എന്ന് പറഞ്ഞു. അവരുടെ അവിശ്വാസം നിമിത്തം അവിടെ വളരെ വീര്യപ്രവൃത്തികളെ ചെയ്തില്ല ( മത്തായി 13: 53 - 58)***

യേശുവിന്റെ പിതൃനഗരം എന്നത് നസ്രേത്താണ്. യേശു ജനിച്ചത് ബേതലഹേമിൽ ആയിരുന്നു. ജനിച്ചതിനുശേഷം ശിശുവായ യേശുവിനെ കിടത്തിയത് ഒരു പശുത്തൊട്ടിയിൽ ആയിരുന്നു ( ലൂക്കോസ് 2: 7 ). എട്ടാംദിവസം പരിച്ഛേദന നടത്തുകയും യേശു എന്ന് പേരിടുകയും ചെയ്തു ( ലൂക്കൊസ് 2 :21). മറിയയുടെ ശുദ്ധീകരണകാലം അതായത് 40 ദിവസം (ലേവ്യപുസ്തകം 12 :1 -4) കഴിഞ്ഞപ്പോൾ യോസേഫും മറിയയും യേശുവിനെ കർത്താവിന് അർപ്പിക്കുവാനും ന്യായപ്രമാണത്തിൽ കൽപ്പിച്ചിരിക്കുന്നത് പോലെ യാഗം കഴിക്കുവാനും യെരുശലേമിൽ പോയി (ലൂക്കോസ് 2:22 - 24). തുടർന്ന് അവൾ നസ്രേത്തിലേക്ക് പോയി ( ലൂക്കോസ് 2 :39 ). കിഴക്കു നിന്ന് വന്ന വിദ്വാന്മാർ യേശുവിനെ കണ്ടത് ഈ വീട്ടിൽ വച്ചാണ് ( മത്തായി 2: 11 ).സ്വാഭാവികമായും നസ്രേത്തിലെ വീട്ടിലായിരുന്നു എന്ന് അനുമാനിക്കാം. അവിടെനിന്ന് മിസ്രയീമിലേക്കു പോകുന്നു ( മത്തായി 2:14). വീണ്ടും കർത്താവിന്റെ അരുളപ്പാട് അനുസരിച്ച് അവർ സ്വന്തം പട്ടണമായ നസ്രേത്തിൽ വരികയും നസ്രേത്തിൽ താമസമാക്കുകയും ചെയ്യുന്നു. അങ്ങനെ നസ്രേത്ത് യേശുവിന്റെ പിതൃനഗരമായി.

നസ്രേത്തിലെ പള്ളിയിൽ (സിനഗോഗ് ) ഉപദേശിച്ചതിനെക്കുറിച്ചും അവിടെനിന്നുള്ള പ്രതികരണവുമാണ് നമ്മുടെ വേദഭാഗത്ത് വിവരിച്ചിരിക്കുന്നത്. യേശുവിന്റെ ഉപദേശം ശ്രദ്ധിച്ച നസ്രേത്തിലെ ജനങ്ങൾക്ക് ന്യായപ്രമാണത്തിൽ കർത്താവിന്റെ അഗാധജ്ഞാനത്തെക്കുറിച്ച് മനസ്സിലായി. എന്നാൽ ന്യായപ്രമാണ ദാതാവാണ് അവിടുന്ന് എന്ന് ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല. കർത്താവ് ചെയ്ത വീര്യപ്രവർത്തിയിലും അവർ അത്ഭുതപ്പെട്ടു. അ

**യേശുവിന്റെ ഉപദേശം ശ്രദ്ധിച്ച നസ്രേത്തിലെ ജനങ്ങൾക്ക് ന്യായപ്രമാണത്തിൽ കർത്താവിന്റെ അഗാധജ്ഞാനത്തെക്കുറിച്ച് മനസ്സിലായി. എന്നാൽ ന്യായപ്രമാണ ദാതാവാണ് അവിടുന്ന് എന്ന് ഗ്രഹിക്കുവാൻ അവർക്ക് കഴിഞ്ഞില്ല.**

വർക്ക് വാഗ്ദത്തം ചെയ്യപ്പെട്ട മശിഹാ ആണ് യേശു എന്ന് തിരിച്ചറിയാതെ ഇവന് ഈ ജ്ഞാനവും വീര്യപ്രവർത്തികളും എവിടെനിന്ന് എന്ന് അവർ അന്യോന്യം ചോദിച്ചു സംശയാലുക്കൾ ആയിത്തീർന്നു.

കർത്താവിൽ വിശ്വസിക്കുവാൻ ഉള്ള കാരണങ്ങളെക്കാൾ അധികം, കർത്താവിനെ സംശയിക്കാനുള്ള കാരണങ്ങളാണ് അവർ അന്വേഷിച്ചത്. പാപത്തിന്റെ വികൃതരൂപം ആണ് നാം ഇവിടെ കാണുന്നത്. കർത്താവിൽ കണ്ട ജ്ഞാനത്തിന്റെയും വീര്യപ്രവൃത്തിയുടെയും ഉറവിടം അന്വേഷിച്ച് അവർ കർത്താവിനെ സംശയിക്കുന്നു. കാരണം അവരുടെ ചിന്തയിൽ കർത്താവ് വലിയ റബ്ബിമാരുടെ ആരുടേയും കീഴിൽ അഭ്യസിച്ച് റബ്ബി ആയിത്തീർന്ന വ്യക്തിയല്ല. കർത്താവ് ഒരു സാധാരണ കുടുംബത്തിൽ അതായത് ആശാരിപ്പണി തൊഴിലാക്കിയ കുടുംബത്തിൽ ജനിച്ചയാളും വളർന്നു വന്നപ്പോൾ മരപ്പണി വശമാക്കി തച്ചനായ ഒരു വ്യക്തിയുമാണ്. അങ്ങനെയുള്ള ഒരാൾക്ക് ഈ ജ്ഞാനവും വീര്യപ്രവർത്തികളും എങ്ങനെ ലഭിക്കും?

മുൻവിധി എന്നത് എത്ര അപകടകാരിയാണ് എന്നതിന് നല്ല ഉദാഹരണമാണ് ഈ സംഭവം. യേശുവിനെക്കുറിച്ചും യേശുവിന്റെ കുടുംബത്തെക്കുറിച്ചുമുള്ള മുൻവിധി അവരെ സംശയാലുക്കളും അവിശ്വാസികളും ആക്കി. കർത്താവ് അവരുടെ അവിശ്വാസം കാരണം വളരെ വീര്യപ്രവൃത്തികൾ അവിടെ ചെയ്തില്ല. വീര്യപ്രവർത്തികൾ കണ്ടിട്ടും അവിശ്വാസത്താൽ കഠിനപ്പെട്ട അവർക്ക് രൂപാന്തരം ഉണ്ടാവുകയില്ല എന്നും, അവർ കൂടുതൽ ഹൃദയകാഠിന്യം ഉള്ളവരായി കൂടുതൽ എതിർപ്പുകൾ ഉണ്ടാക്കുകയേയുള്ളൂ എന്നും കർത്താവ് മനസ്സിലാക്കി.

അവിശ്വാസം കർത്താവിനെ തിരസ്കരിക്കുന്നതാണ്. വിശ്വാസം കർത്താവ് ആരാണെന്ന് മനസ്സിലാക്കി അംഗീകരിക്കുന്നതും, കർത്താവിൽ പൂർണമായി ആശ്രയിക്കുന്നതും ആണ്. വിശ്വാസം ഉള്ളടത്ത് മാത്രമേ കർത്താവ് വീര്യപ്രവൃത്തികൾ ചെയ്യുകയുള്ളൂ. യേശു ആരാണ് എന്ന് മനസ്സിലാക്കുന്നവർക്ക് കർത്താവിന്റെ ജ്ഞാനവും വീര്യപ്രവർത്തികളും എവിടെ നിന്നാണ് എന്ന് സംശയം ഉണ്ടാകുന്നില്ല.

കർത്താവ് മനുഷ്യനായി ജനിക്കുവാൻ തിരഞ്ഞെടുത്ത കുടുംബം ഒരു ദരിദ്ര കുടുംബമായിരുന്നു. യോസേഫും മറിയയും ഏറ്റവും സാ

**മുൻവിധി എന്നത് എത്ര അപകടകാരിയാണ് എന്നതിന് നല്ല ഉദാഹരണമാണ് ഈ സംഭവം. യേശുവിനെക്കുറിച്ചുംയേശുവിന്റെ കുടുംബത്തെക്കുറിച്ചുമുള്ള മുൻവിധി അവരെ സംശയാലുക്കളും അവിശ്വാസികളും ആക്കി.**

ധാരണക്കാരായിരുന്നു. അവർ വളരെ ചെറിയതും യാതൊരു നന്മയും പ്രതീക്ഷിക്കുവാൻ ഇല്ലാതിരുന്ന നസ്രേത്ത് എന്ന സ്ഥലത്തയിരുന്നു പാർത്തത്. എന്നാൽ അവർ ആത്മീകത്തിൽ തീർച്ചയായും സമ്പന്നരായിരുന്നു.യോസഫിനെക്കുറിച്ച് നീതിമാൻ എന്ന വിശേഷണം തിരുവെഴുത്തിൽ നൽകിയിരിക്കുന്നു. മറിയയ്ക്ക് ദൈവം തന്റെ ഹിതം, ദൂതൻ മുഖാന്തരം വെളിപ്പെടുത്തുമ്പോൾ അത് സ്വീകരിക്കുവാനും ദൈവത്തിൽ വിശ്വസിക്കുവാനും കഴിഞ്ഞു. യോസേഫും ദൈവം കൽപ്പിച്ചത് വിശ്വാസത്തോടെ അനുസരിച്ചു. തന്റെ കൃപയിൽ ഈ കുടുംബത്തെ തെരഞ്ഞെടുക്കുവാൻ ദൈവം അവരിൽ പ്രസാദിച്ചു.

ജോസഫിനും മറിയയ്ക്കും മറ്റു മക്കൾ ഉണ്ടായിരുന്നു. യാക്കോബ്, യോസെ, ശീമോൻ, യൂദാ എന്നിവരുടെ പേരുകൾ ഇവിടെ രേഖപ്പെടുത്തിയിട്ടുണ്ട്. സഹോദരിമാരുടെ പേരുകൾ എഴുതിയിട്ടില്ല. ഇവന്റെ സഹോദരികളും എന്ന പ്രയോഗത്തിൽ നിന്നും ഒന്നിലധികം സഹോദരിമാർ ഉണ്ടായിരുന്നു എന്ന് ഗ്രഹിക്കുവാൻ ബുദ്ധിമുട്ടില്ല. മറിയ നിത്യകന്യക ആയിരുന്നു എന്ന് വിശ്വസിക്കുന്ന പ്രിയപ്പെട്ടവർ മറിയയ്ക്കു മറ്റു മക്കൾ ഉണ്ടായിരുന്നു എന്ന് സമ്മതിക്കുവാൻ തയ്യാറല്ല. എന്നാൽ മത്തായി വളരെ വ്യക്തമായിട്ട് തന്നെയാണ് എഴുതിയിരിക്കുന്നത്. ആ വാക്യങ്ങൾ കാത്തലിക് ബൈബിൾ (POC) നിന്നും ഇവിടെ കുറിക്കുന്നു. ഇവൻ ആ തച്ചന്റെ മകനല്ലേ? മറിയം അല്ലേ ഇവന്റെ അമ്മ? യാക്കോബ് ജോസഫ്, ശിമയോൻ, യൂദാസ് എന്നിവരല്ലേ ഇവന്റെ സഹോദരന്മാർ? ഇവന്റെ സഹോദരിമാർ എല്ലാം നമ്മുടെ കൂട്ടത്തിൽ ഉണ്ടല്ലോ? പിന്നെ ഇവന് ഇതെല്ലാം എവിടെ നിന്ന്? (മത്തായി 13: 55, 56).

പരിശുദ്ധനായ കർത്താവ് പാപികളായ നമ്മെ രക്ഷിക്കുവാൻ മനുഷ്യജന്മം എടുത്തപ്പോൾ എല്ലാറ്റിലും നമുക്ക് തുല്യനായി, സദൃശ്യനായിത്തീർ

ന്നു. അത് ആവശ്യവുമായിരുന്നു. അതുകൊണ്ട് ജനത്തിന്റെ പാപങ്ങൾക്ക് പ്രായശ്ചിത്തം വരുത്തുവാൻ അവൻ കരുണ ഉള്ളവനും ദൈവകാര്യത്തിൽ വിശ്വസ്ത പുരോഹിതനും ആകേണ്ടതിന്നു, സകലത്തിലും തന്റെ സഹോദരന്മാരോട് സദൃശ്യൻ ആയിത്തീരുവാൻ ആവശ്യമായിരുന്നു (എബ്രായർ 2: 17). പാപം ഒഴികെ സകലത്തിലും അവിടുന്ന് നമുക്ക് തുല്യമായി പരീക്ഷിക്കപ്പെട്ടു (എബ്രായർ 4 :15) ആദാമിൽ നിന്നും പിറന്ന എല്ലാവരും പാപികൾ ആകയാൽ മറിയയും പാപി ആയിരുന്നു. എന്നാൽ ദൈവത്തിന്റെ കൃപയ്ക്ക് പാത്രമായി തെരഞ്ഞെടുക്കപ്പെട്ട മറിയയുടെ ഉദരത്തിൽ പിറന്ന യേശുകർത്താവ് പാപം ഉള്ള മാതാപിതാക്കളായ ജോസഫിനാലും മറിയയാലും വളർത്തപ്പെട്ടു. ജോസഫിന്റെയും മറിയയുടെയും മറ്റു മക്കളുടെ മൂത്ത സഹോദരൻ ആയി താൻ വളർന്നു. അങ്ങനെ നമ്മോട് എല്ലാ നിലയിലും അവിടുന്ന് സദൃശ്യൻ ആയിത്തീർന്നു.

മറിയയെ നിത്യകന്യകയായും, പാപമില്ലാത്ത പരിശുദ്ധയായും, ഉടലോടെ സ്വർഗ്ഗാരോഹണം ചെയ്തു എന്നിങ്ങനെയൊക്കെ പഠിപ്പിക്കുമ്പോൾ സത്യം മറയ്ക്കപ്പെടുന്നു. അതെല്ലാം വാസ്തവ വിരുദ്ധമാണെന്ന് മാത്രമല്ല യേശുകർത്താവ് നമുക്ക് സദൃശ്യനായിത്തീർന്നു എന്ന യാഥാർത്ഥ്യം പോലും നിഷേധിക്കപ്പെടുകയാണ്. കർത്താവ് ചുങ്കക്കാരെയും പാപികളെയും കൈക്കൊണ്ടു അവരോടൊപ്പം ഭക്ഷിക്കുകയും ചെയ്തു. അതിനെ തെറ്റായി വ്യാഖ്യാനിച്ച പരീശന്മാരെ തിരുത്തുകയും ചെയ്തു.

നീതിമാന്മാരെ അല്ല പാപികളെയാണ് താൻ വിളിക്കുവാൻ വന്നതെന്ന് കർത്താവ് പരസ്യമായി ആവർത്തിച്ചു പറഞ്ഞു. തന്റെ അപ്പോസ്തലന്മാർ ആകുവാൻ കർത്താവ് തെരഞ്ഞെടുത്തതും സാധാരണക്കാരെ ആയിരുന്നു. അവരോടൊപ്പം ഗുരുവായ അവിടുന്ന് അവരിൽ ഒരുവനെപ്പോലെ ജീവിച്ചു. അവസാനമായി താൻ പാപപരിഹാര ബലിയായിത്തീർന്നു. മരിക്കുവാൻ തയ്യാറായപ്പോൾ രണ്ട് ദുഷ്പ്രവൃത്തിക്കാരുടെ നടുവിൽക്കിടന്നു മരിക്കുവാൻ ആണ് തെരഞ്ഞെടുത്തത്. കർത്താവ് ജനിച്ച വംശാവലി മത്തായി തന്റെ സുവിശേഷത്തിന്റെ ഒന്നാം അധ്യായത്തിൽ വിവരിച്ചിരിക്കുന്നത് നോക്കുക. അവരിൽ ആരെക്കുറിച്ച് കറ തീർന്ന വിശുദ്ധർ എന്ന് നമുക്ക് പറയുവാൻ കഴിയും? മനുഷ്യൻ പാപിയാണ് എന്നുള്ളത് ഒരു നഗ്നസത്യമാണ്. പാപിയെ രക്ഷിക്കുവാൻ വന്ന രക്ഷകൻ പിറന്നതും വളർന്നതും പാപികളുടെ മധ്യത്തിൽ തന്നെയാണ്. എന്നാൽ അവിടുന്ന് പാപം ഇല്ലാത്തവൻ ആയി ജീവിച്ച് പാപികളായ നമ്മുടെ രക്ഷയ്ക്കായി പാപപരിഹാര ബലിയായിത്തീർന്നു നമ്മുടെ വീണ്ടെടുപ്പ് സാധിപ്പിച്ചു.

യേശു സ്വന്തം നാട്ടിൽ, പിതൃനഗരമായ നസ്രേത്തിൽ അവഗണിക്കപ്പെട്ടു. തിരസ്കരിക്കപ്പെട്ടു. ഒരു പ്രവാചകൻ തന്റെ പിതൃനഗരത്തിലും സ്വന്തം ഭവനത്തിലും അല്ലാതെ ബഹുമാനം ഇല്ലാത്തവനല്ല എന്നത് ഒരു പൊതുതത്വം ആണ്.

ചെറുപ്പം മുതൽ യേശുവിനെയും തന്റെ കുടുംബാംഗങ്ങളെയും അറിയാവുന്നത് കൊണ്ടും ആ വ്യക്തിയെക്കുറിച്ചുള്ള മുൻവിധി അദ്ദേഹത്തെ അംഗീകരിക്കുന്നതിന് തടസ്സമായിത്തീർന്നു. എന്നാൽ ദൈവത്തെ അറിയുവാൻ മനസ്സ് വയ്ക്കുന്നവർക്ക് അവിടുത്തെ പ്രവാചകന്മാരെ തിരിച്ചറിയുവാനും അംഗീകരിക്കുവാനും ബഹുമാനിക്കുവാനും ദൈവം ഉൾക്കാഴ്ച കൊടുക്കും. ●


STATEMENT OF OWNERSHIP AND OTHER PARTICULARS
ABOUT THE NEWSPAPER NERVEEDHI

**FORM 1V - SEE RULE 8**

| | | |
|---|---|---|
| 1. Place of publication | : | Kottayam |
| 2. Periodicity of the publication | : | Monthly |
| 3. Printer's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | Mackal House<br>Amayannoor P.O<br>Kottayam 686019 |
| 4. Publisher's Name | : | James M.T. |
| Whether citizen of India | : | Yes |
| Address | : | As above |
| 5. Editor's Name | : | P.V. Varghese |
| Whether citizen of India | : | Yes |
| Address | : | Pylithanathu House<br>Amayannoor P O<br>Kottayam 686019 |

6. Name and Address of individuals who own the newspaper and partners or share holders holding more than one percent of total capital. The Newspaper is owned by Righteous Path Publication Trust.

Trustees:

1. Joykutty Mackal Thomas, Mackal House, Amayannoor P.O, Kottayam 686019
2. James M.T., Mackal House, Amayannoor P.O, Kottayam 686019

I, James M.T., hereby declare that the particulars given above are true to the best of my knowledge and belief.

Kottayam
10-3-2022

Sd/-
Publisher

പ്പോലെയാണെന്നല്ല; മകനാണെന്നാണ്. ഞാൻ ദൈവത്തിന്റെ മകൻ!

യേശു ദൈവത്തിന്റെ മകൻ; ഞാനും ദൈവത്തിന്റെ മകൻ... ദൈവം നമുക്കു നല്കിയിരിക്കുന്ന പദവി എത്ര മഹനീയം എന്നറിയുക... യേശു നമ്മുടെ മൂത്ത സഹോദരൻ, നാം അവനാൽ വീണ്ടെടുക്കപ്പെട്ട മക്കൾ...

എന്നാൽ, ഒരു പദവിയോടൊപ്പം ഒരു ഉത്തരവാദിത്വവുമുണ്ട്...യേശുവിന്റെ രക്തത്താൽ വീണ്ടെടുക്കപ്പെട്ട് ദൈവത്തിന്റെ മക്കളായിത്തീർന്ന നമ്മുടെ ഉത്തരവാദിത്വം എന്താണ്?

മകനാക്കിയതു മകനെപ്പോലെ, മകനായി ജീവിക്കാനാണ്. സ്വന്തം പുത്രന്റെ ചോരകൊടുത്ത് ദൈവം മകനാക്കുമ്പോൾ നമ്മിൽ നിന്നാവശ്യപ്പെടുന്നതു ഒന്നു മാത്രം! ഇനി പിശാചിന്റെ അടിമനുകത്തിൽ ജീവിക്കരുത്. ഇനി ജീവിക്കേണ്ടത് എന്റെ മകനായി...

ദൈവം എനിക്കു തന്റെ മഹാകരുണയാൽ പുത്രന്റെ ചോരകൊടുത്ത് ദാനം നല്കിയ പുത്രത്വപദവിക്കു പകരം നല്കുവാൻ എനിക്കു കഴിയുന്ന ഏകകാര്യവും മകനായി ജീവിക്കുകയാണ്. ഇനി പിശാചിനു എന്റെമേൽ അവകാശമില്ല. ലോകം എന്നെ സ്പർശിക്കുവാൻ ഞാൻ സമ്മതിക്കില്ല. ഇനി എന്റെ ജീവിതം മകന്റെ ജീവിതം.

അപ്പോഴും ഒരു പ്രശ്നം ബാക്കിയുണ്ട്. മകന്റെ ജീവിതം ജീവിക്കുവാൻ എനിക്കു മകന്റെ ജീവിതം അറിയില്ലല്ലോ... പിശാചിന്റെ അടിമനുകത്തിൽ ജീവിച്ച ഞാൻ, ദൈവമകനായിത്തീർന്നെങ്കിലും, ദൈവത്തിന്റെ മകനായുള്ള ജീവിതം ഞാൻ പരിശീലിച്ചിട്ടില്ല.

അതിനുള്ള ഉത്തരമാണു യേശുവിന്റെ ജീവിതം. "പ്രിയമുള്ളവരേ നാം ഇപ്പോൾ ദൈവമക്കൾ ആകുന്നു. നാം ഇന്നത് ആകുമെന്നു ഇതുവരെ പ്രത്യക്ഷമായില്ല. യേശു പ്രത്യക്ഷനാകുമ്പോൾ നാം യേശുവിനെ താൻ ഇരിക്കുമ്പോലെതന്നെ കാണുന്നതാകകൊണ്ട് യേശുവിനോടു സദൃശന്മാരാകും എന്നു നാം അറിയുന്നു..."(1 യോഹന്നാൻ 3:2).

നാം ഇപ്പോൾ ദൈവമക്കളായി. എന്നാൽ, ദൈവമക്കളാകാനുള്ള എന്റെ ജീവിതം ഒരു പ്രക്രിയയാണ്. ഈ വളർച്ചയിൽ ആരാണ് എന്റെ മാതൃക? അതു എനിക്കുവേണ്ടി രക്തമൊഴുക്കി എന്നെ വീണ്ടെടുത്ത എന്റെ മൂത്ത സഹേദരൻ- ദൈവത്തിന്റെ പുത്രനായ യേശുക്രിസ്തുതന്നെ. ഞാൻ ഇപ്പോൾ ദൈവമകനാണ് എന്നാൽ, ഞാൻ ഇപ്പോൾ ജീവിക്കുന്നത് ഭൂമിയിലാണ്. ഭൂമിയിലൊരു ദൈവമകൻ എങ്ങനെ ജീവിക്കണമെന്നറിയാൻ അത്ര തല പുകയ്ക്കുകയൊന്നും വേണ്ട. ദൈവത്തിന്റെ പുത്രനായ യേശു മുപ്പത്തിമൂന്നരവർഷം ഈ ഭൂമിയിൽ മകനായി ജീവിച്ച് എനിക്കു ഒരു മാതൃക കാട്ടിത്തന്നിട്ടുണ്ടല്ലോ. ദൈവത്തിന്റ പൈതലായിത്തീർന്ന എന്റെ ഭൂമിയിലെ ജീവിതത്തെപ്പറ്റി ദൈവത്തിന്റെ പ്രതീക്ഷ ഞാൻ യേശുവിനെപ്പോലെ ജീവിച്ച് അവന്റെ സദൃശ്യത്തിൽ വളരണമെന്നാണ്.

എന്റെ ഭൂമിയിലെ ജീവിതം കുറെനാളത്തേക്കേയുള്ളൂ. അതുകഴിഞ്ഞാൽ യേശു പ്രത്യക്ഷനാകും. യേശു പ്രത്യക്ഷനാകുന്നതു എന്നെ എന്റെ നിത്യഭവനത്തിലേക്കു, ദൈവത്തിന്റെ സാന്നിധ്യത്തിലേക്കു, യേശുവിന്റെ നിവാസത്തിലേക്കു കൊണ്ടുപോകാനാണ്. അവിടെ നാം എങ്ങനെയായിരിക്കും? അതിനെക്കുറിച്ചു ഒരു തെളിച്ചമുള്ള ചിത്രം ലഭിച്ചിട്ടില്ല. "നാം ഇന്നത് ആകും എന്നു ഇതുവരെ പ്രത്യക്ഷമായില്ല" (1 യോഹന്നാൻ 3:2). എന്നാൽ, അതിനെപ്പറ്റി ഒട്ടും അറിയാതെയിരിക്കുന്നുമില്ല. കാരണം, എന്റെ മൂത്ത സഹോദരൻ, ദൈവത്തിന്റെ പുത്രൻ യേശു സ്വർഗത്തിലും ഭൂമിയിലും ജീവിച്ചിട്ടുള്ള ആളാണല്ലോ. സ്വർഗത്തിലും ഭൂമിയിലും യേശു ഒരേ ജീവിതമാണു ജീവിച്ചത് എന്നതിനു എനിക്കു സംശയമൊന്നുമില്ല. കാരണം, "യേശു ഇന്നലെയും ഇന്നും എന്നും ഒരുപോലെയാണ്" (എബ്രായർ 13:8). അപ്പോൾ യേശു പ്രത്യക്ഷനായി എന്നെ സ്വർഗത്തിലേക്കു കൊണ്ടുപോകുമ്പോൾ അവിടെ ഞാൻ യേശുവിനെപ്പോലെയായിത്തീരും." യേശു പ്രത്യക്ഷനാകുമ്പോൾ നാം യേശുവിനെ താനിരിക്കുമ്പോലെ തന്നെ കാണുന്നതാകകൊണ്ട് യേശുവിനോടു സദൃശ്യന്മാർ ആകും എന്നു നാം അറിയുന്നു"(1 യോഹന്നാൻ 3:2).

യേശുവിന്റെ പ്രത്യക്ഷതവരെ കുറെ സമയം എനിക്കു ഭൂമിയിൽ ലഭിച്ചിട്ടുണ്ട്. യേശു പ്രത്യക്ഷനാകുന്നത് എന്നെ ഭൂമിയിൽനിന്ന് എടുത്ത് സ്വർഗത്തിൽ യേശുവിനോടുകൂടെ ജീവിക്കേണ്ടതിനാണ്. അവിടെ ഞാൻ യേശുവിനെപ്പോലെ ആയിരിക്കണം. എന്നാൽ, അവിടെ ചെന്നു യേശുവിനെപ്പോലെയാകാനല്ല, - ഇവിടെ

ഭൂമിയിൽവച്ച്-യേശുവിനെപ്പോലെയാകാനാണ് ദൈവം എന്നെ വിളിച്ചിരിക്കുന്നത്. അതായത്, യേശു പ്രത്യക്ഷനാകുമ്പോൾ ഞാൻ യേശുവിനെ എതിരേൽക്കുന്നതുതന്നെ യേശുവിന്റെ സദൃശ്യത്തിലായിരിക്കണം.

"യേശുവിൽ ഈ പ്രത്യാശയുള്ളവനെല്ലാം യേശു നിർമ്മലനായിരിക്കുന്നതു പോലെ തങ്ങളെത്തന്നെ നിർമ്മലീകരിക്കുന്നു" (1 യോഹന്നാൻ 3:3). യേശുവിൽ ഈ പ്രത്യാശ അതായതു യേശു പ്രത്യക്ഷനാകുമ്പോൾ, യേശുവിന്റെ സദൃശ്യത്തിൽ ആയിരിക്കും ഞാൻ യേശുവിനെ എതിരേൽക്കുന്നത് എന്നു പ്രത്യാശിക്കുന്നവർ... അവർ എന്തു ചെയ്യണം? അവർ ഒരിക്കലും നിഷ്ക്രിയരായിരിക്കുകയില്ല. അവർ ദൈവകൃപയിലാശ്രയിച്ചു കഠിനമായ ശിക്ഷണത്തിലൂടെ തങ്ങളുടെ രക്ഷാനായകനായ യേശുവിനെപ്പോലെയായിത്തീരാൻ-നിർമലതയിൽ, വിശുദ്ധിയിൽ യേശുവിന്റെ സദൃശ്യം പ്രാപിക്കുവാൻ പരിശ്രമിച്ചുകൊണ്ടേയിരിക്കും.

പുത്രന്റെ ചോര നല്കി എന്നെ വീണ്ടെടുത്ത ദൈവം; എന്നെ തന്റെ മകനാക്കിയപ്പോൾ പ്രതീക്ഷിച്ചതും അതാണ്. യേശുവിന്റെ പ്രത്യക്ഷതയ്ക്കു മുമ്പു എനിക്കു ഭൂമിയിൽ ലഭിക്കുന്ന സമയംകൊണ്ടു ഞാൻ വിശുദ്ധിയിലും നിർമലതയിലും യേശുവിന്റെ സദൃശ്യത്തിൽ വളർന്നു യേശുവിനെ എതിരേൽക്കണമെന്ന്. അപ്പോൾ യേശുവിന്റെ സദൃശ്യത്തിൽ തന്നെ എനിക്കു സ്വർഗത്തിൽ നിത്യത ചെലവഴിക്കാനുമാവും.

എന്നെത്തന്നെ നിർമ്മലീകരിക്കാതെ, യേശുവിന്റെ സദൃശ്യതയിൽ വളരാതെ, കർത്താവിന്റെ പ്രത്യക്ഷതയിൽ അവനെ എതിരേൽക്കേണ്ടി വന്നാലോ? അമ്മയുടെ വാക്കു ശ്രദ്ധിക്കാതെ അനുജത്തിയെ പട്ടിണിക്കിട്ട് അയൽപക്കത്തു കളിക്കാൻ പോയ സൗമ്യയുടെ അവസ്ഥയാകും എനിക്ക്... യേശു പ്രത്യക്ഷനാകുമ്പോൾ ഞാൻ യേശുവിന്റെ മുമ്പിൽ നില്പ്പാൻ ധൈര്യമില്ലാത്തവനായിപ്പോകരുത്. ലജ്ജിതനായി യേശുവിനെ എതിരേൽപ്പാൻ ഒരിക്കലും എനിക്കിടവരരുത്...

പിശാചിന്റെ അടിമത്തത്തിൽ പരിത്യക്തനായിക്കിടക്കാതെ പുത്രന്റെ രക്തം കൊടുത്തു വീണ്ടെടുത്ത്, അവിടുത്തെ മക്കളാക്കിയ മഹാസ്നേഹത്തിനു മുമ്പിൽ നമ്മെ സമർപ്പിക്കാം..ഇനി എനിക്കു ഒരാഗ്രഹം മാത്രം- യേശുവിന്റെ പ്രത്യക്ഷതയിൽ, ദൈവകൃപ പ്രാപിച്ചു വിശുദ്ധിയിൽ യേശുവിനോടു സദൃശ്യനായി വേണം എനിക്കു യേശുവിനെ എതിരേൽക്കാൻ... •

## 24 ദൗത്യവുമായി എഴുന്നേറ്റു പ്രകാശിക്കട്ടെ

നമ്മുടെ യുവാക്കൾ പാപം എന്ന് മനസ്സിലാക്കുന്നു പോലുമില്ല.

പാപത്തെ പാപം എന്ന് വിളിക്കാൻ നമ്മുടെ തലമുറയെ വീട്ടിൽ തന്നെ അഭ്യസിപ്പിക്കണം. അപ്പന്റെ പ്രബോധനവും, അമ്മയുടെ ഉപദേശവും നമ്മുടെ കുഞ്ഞുങ്ങളുടെ ഹൃദയത്തിൽ അതിന്റെ ആഴത്തിൽ പതിയണം. സൺഡേ സ്കൂൾ അധ്യാപകർക്കും ഈ കാര്യത്തിൽ വലിയൊരു ഉത്തരവാദിത്വമുണ്ട്. ദൈവശാസ്ത്രം പഠിപ്പിക്കുന്നതൊക്കെ കൊള്ളാം. എന്നാൽ ജീവിതത്തിൽ കുട്ടികൾ എങ്ങനെ ജീവിക്കണമെന്ന് നാം അവരെ പറഞ്ഞു മനസ്സിലാക്കണം. അവർ സൺഡേ സ്കൂളിൽ വെച്ച് യേശുവിനെ കർത്താവും രക്ഷിതാവുമായി സ്വീകരിക്കത്തക്ക നിലയിൽ ആയിരിക്കണം നമ്മുടെ അധ്യാപനം. തന്നെയുമല്ല യേശുവിന്റെ കർതൃത്വത്തിന്റെ കീഴിൽ യേശുവുമായി നിരന്തര സമ്പർക്കത്തിൽ കഴിയേണ്ടതിനു അവരെ നാം അഭ്യസിപ്പിക്കണം.

സഭയിലും നാം പഠിപ്പിക്കേണ്ടത് വിശുദ്ധ ജീവിതത്തിന്റെ അനിവാര്യതയാണ്. സമൂഹത്തിന്റെ മൂല്യച്യുതി സഭയിലെ പ്രസംഗങ്ങളിൽ നാം എടുത്തു കാണിക്കണം. യേശുക്രിസ്തുവിനോടുള്ള ഏകാഗ്രതയിൽ നിന്ന് നമ്മെ തിരിച്ചുകളയുന്ന സമൂഹത്തിന്റെ എല്ലാ ചിന്താഗതിയിൽ നിന്നും നമുക്ക് വിടുതൽ ആവശ്യമുണ്ട്. വക്രതയും കോട്ടവും ഉള്ള ഈ തലമുറയിൽ നിന്നും നമ്മുടെ കുഞ്ഞുങ്ങൾ വേർപെട്ടു ജീവിക്കുന്നതിന് അവരെ സഹായിക്കും വിധം ആയിരിക്കണം നമ്മുടെ സഭയിലെ പ്രസംഗങ്ങൾ.

പാപത്തെ പാപം എന്നു തന്നെ വിളിക്കണം. ദൈവകൃപയിൽ ആശ്രയിച്ചുകൊണ്ടു അതിൽ നിന്ന് വേർപെടുകയും അതിനോട് പോരാടുകയും വേണം. നിങ്ങൾ ലോകത്തിന്റെ വെളിച്ചമാകുന്നു എന്ന നമ്മുടെ കർത്താവിന്റെ വാക്ക് ജീവിതത്തിൽ അന്വർത്ഥമാക്കേണ്ടതിനു നമുക്ക് നമ്മെ സമർപ്പിക്കാം. ഈ തലമുറ വിശുദ്ധിയിൽ വളരുവാൻ നമുക്ക് പോരാടാം, പ്രാർത്ഥിക്കാം. •

# നെഞ്ചിടിപ്പോടെ ലോകം

**കോ**വിഡ് എന്ന മഹാമാരിയാൽ നട്ടെല്ല് തകർന്നു നേരെനിൽക്കുവാൻ ലോക രാജ്യങ്ങളിൽ പലതും പാടുപെടുന്ന ഇക്കാലത്ത്, ലോകത്തിന്റെ മുഴുവൻ സമാധാനവും നഷ്ടപ്പെടുത്തുന്ന ഒരു വാർത്തയാണ് റഷ്യയുടെ യുക്രൈൻ ആക്രമണം. രാജ്യാന്തരതലത്തിൽ ശക്തമായ പ്രതിഷേധങ്ങളാണ് ഈ യുദ്ധത്തിനെതിരെ ഉയരുന്നത്. ഇനിയും ഒരു യുദ്ധത്തിന്റെ കെടുതികൾക്കൂടി താങ്ങുവാനുള്ള ശേഷി പല രാജ്യങ്ങൾക്കുമുണ്ടാവുകയില്ല.

സോവിയറ്റ് യൂണിയൻ ശിഥിലമായതിനെത്തുടർന്നാണ് 1991 ൽ യുക്രൈൻ ഒരു സ്വതന്ത്ര രാജ്യമായിത്തീർന്നത്. യുഎസ് നേതൃത്വത്തിലുള്ള പാശ്ചാത്യ സൈനിക സഖ്യം ആയ നാറ്റോയിൽ (നോർത്ത് അറ്റ്ലാന്റിക് ട്രീറ്റി ഓർഗനൈസേഷൻ) അംഗമാവാനുള്ള യുക്രൈന്റെ നീക്കമാണ് റഷ്യയെ പ്രകോപിപ്പിച്ചിരിക്കുന്നത്. റഷ്യയുടെ അതിർത്തി പങ്കിടുന്ന യുക്രൈനെ ഉൾപ്പെടുത്തിക്കൊണ്ട് നാറ്റോസഖ്യം വികസിപ്പിക്കരുതെന്ന ആവശ്യമാണ് റഷ്യക്കുള്ളത്. യുക്രൈൻ ഒരു സ്വതന്ത്രരാജ്യം ആയതുകൊണ്ട് നാറ്റോയുടെ അംഗത്വം തേടുവാൻ ഉള്ള സ്വാതന്ത്ര്യം അവർക്കുണ്ട്, അത് ആ രാജ്യത്തിന്റെ പരമാധികാരത്തിൽപ്പെടുന്ന വിഷയം ആകുന്നു എന്നാണ് നാറ്റോയുടെ നിലപാട്. യുക്രൈനെയും കൂടി ഉൾപ്പെടുത്തിക്കൊണ്ടുള്ള വിശാല റഷ്യയാണ് റഷ്യൻ പ്രസിഡന്റിന്റെ സ്വപ്നം. യുക്രൈനെ മണിക്കൂറുകൾക്കുള്ളിൽ തോൽപ്പിക്കാൻ കഴിയും എന്ന് റഷ്യ അവരെ നിസ്സാരമായി കണ്ടു. തികച്ചും അപ്രതീക്ഷിതമായ ചെറുത്തുനിൽപ്പ് അവർ ഒട്ടും പ്രതീക്ഷിച്ചില്ല. അക്ഷരാർത്ഥത്തിൽ അവരെ ഞെട്ടിച്ചു എന്ന് പറഞ്ഞാൽ അതിലൊട്ടും അതിശയോക്തിയില്ല.

2003 ലെ നോബൽ സമ്മാനജേതാവായ റിച്ചാർഡ് ഇ. സ്മാലി, മനുഷ്യരാശി അടുത്ത 50 വർഷത്തിൽ നേരിടുന്ന പത്ത് വലിയ പ്രശ്നങ്ങളിൽ ആറാമത്തേതായി യുദ്ധത്തെ ഉൾപ്പെടുത്തുകയുണ്ടായി. സൈനിക ജനറലായ കാൾവോൺ ക്ലോസെവിറ്റ്സ് 1832 ൽ പ്രസിദ്ധീകരിച്ച തന്റെ 'ഓൺ വാർ' എന്ന പ്രബന്ധത്തിൽ യുദ്ധത്തെ ഇപ്രകാരം നിർവ്വചിക്കുകയുണ്ടായി: ശത്രുക്കളെ തങ്ങളുടെ ഇച്ഛയ്ക്കനുസരിച്ച് പ്രവർത്തിക്കാൻ നിർബന്ധിതരാക്കുവാൻ വേണ്ടിയുള്ള ഒരു ബലപ്രയോഗമാണ് യുദ്ധം.

പരിഷ്കൃത ലോകത്തിന് ഒരിക്കലും ഒരു യുദ്ധത്തെയും ന്യായീകരിക്കുവാൻ സാധ്യമല്ല. റഷ്യ യുക്രൈൻ പ്രശ്നം നയതന്ത്ര ചർച്ചകളിലൂടെ പരിഹരിക്കപ്പെടേണ്ടതാണ് എന്നുള്ള ഇന്ത്യയുടെ നിലപാട് വർഷങ്ങളായി ഇന്ത്യ തുടർന്ന് പോരുന്ന ചേരിചേരാ നയത്തിന്റെ തുടർച്ചയാണ്. എല്ലാ മനുഷ്യജീവനും വിലപ്പെട്ടതാണ്. യുക്രൈനിൽ വിദ്യാഭ്യാസത്തിനും തൊഴിലിനും വേണ്ടി കടന്നുപോയിട്ടുള്ള ഭാരതീയരുടെ ഭാവിയെക്കുറിച്ച് കടുത്ത ആശങ്കയിലാണ് അവരുടെ ബന്ധുക്കൾ. ഇന്ത്യൻ ഗവണ്മെന്റ് യുക്രൈനിൽ കുടുങ്ങിയ വിദ്യാർത്ഥികൾ ഉൾപ്പെടെയുള്ള പ്രവാസികളെ മടക്കിക്കൊണ്ടു വരുന്നതിന്റെ ചുമതലയിൽ കേന്ദ്ര മന്ത്രിമാരെ ബന്ധപ്പെട്ട അയൽരാജ്യങ്ങളിലേക്ക് അയക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇന്ത്യ കാണിക്കുന്ന ഈ ശുഷ്കാന്തി ശ്ലാഘനീയമാണ്.

ഇരുരാജ്യങ്ങളും തമ്മിൽ ചർച്ച നടക്കുന്നു എന്നത് ശുഭോദർക്കമായ കാര്യമാണ്. സംഭവഗതികൾ ഏതു നിലയിൽ നീങ്ങും എന്നത് ഇത്തരുണത്തിൽ പ്രവചനാതീതമാണ്. ഇരുരാജ്യങ്ങളും തികഞ്ഞ സംയമനം പാലിക്കുകയും ആവശ്യമായ വിട്ടുവീഴ്ചകൾ ചെയ്യുകയും ചെയ്താൽ മാത്രമാണ് ഇപ്പോഴത്തെ ഭീകരാവസ്ഥയ്ക്കു ശുഭകരമായ ഒരു അവസാനം കാണുവാൻ കഴിയുക. •




സമാപ്തിക്കുറിപ്പ്

# സമയത്തിന്റെ വില

ആഴ്ചകൾക്ക് മുമ്പ് പാലക്കാട് മലമ്പുഴയ്ക്കടുത്ത് കുമ്പാച്ചിമലയിൽ കാൽവഴുതി കുടുങ്ങിപ്പോയ ചെറാട് സ്വദേശി ബാബു എന്ന യുവാവിനെ രക്ഷിക്കുവാൻ പോലീസ്, ഫയർഫോഴ്സ്, ഇന്ത്യൻ ആർമി, എന്നിവർ നടത്തിയ രക്ഷാദൗത്യം സമാനതകളില്ലാത്തതായിരുന്നു. തുള്ളിവെള്ളം പോലും കുടിക്കാതെ 43 മണിക്കൂറുകളാണ് ബാബു മലയിടുക്കിൽ കുടുങ്ങിക്കിടന്നത്. മരണത്തിന്റെ മുഖത്തുനിന്ന് ബാബുവിനെ ജീവിതത്തിലേക്ക് തിരിച്ചെത്തിച്ചത് ഇന്ത്യൻ പട്ടാളക്കാരുടെ സമയോചിതമായ സാഹസിക ഇടപെടലിൽക്കൂടി ആയിരുന്നു. പ്രതികൂല സാഹചര്യങ്ങളെ അതിജീവിച്ച് ചെങ്കുത്തായ മലയിൽ കുടുങ്ങിക്കിടന്ന ചെറുപ്പക്കാരന്റെ അടുക്കൽ എത്തിയ കമാൻഡോകളുടെ ത്യാഗസന്നദ്ധത മലയാളക്കരയ്ക്കാകെ ആശ്വാസം പകർന്നു. ഏത് രക്ഷാപ്രവർത്തനത്തിലും സമയോചിതമായ ഇടപെടലാണ് ഫലപ്രാപ്തിയിൽ എത്തുക. സമയത്തിന്റെ വില തിരിച്ചറിയുമ്പോഴാണ് നാം ദൗത്യബോധം ഉൾക്കൊണ്ട് കർമ്മനിരതരാകുന്നത്. ഒരു ജീവന്റെ നിലനിൽപ്പിനുവേണ്ടി എത്ര പരിശ്രമങ്ങളാണ് നാം നടത്തുന്നത്. അപ്പോൾ ഒരു ആത്മാവിന്റെ വില, മുഴുലോകത്തേക്കാൾ വിലയേറിയതാണെന്ന് തിരിച്ചറിയുന്നു എങ്കിലേ, സമയം പാഴാക്കാതെ സുവിശേഷീകരണദൗത്യം ഫലപ്രദമായി നിർവ്വഹിക്കാനാവുകയുള്ളൂ. ഏത് കാര്യത്തിലും നാം സമയത്തിന്റെ വില ഗ്രഹിച്ചറിയണം. ചിലർ അലസരാകുമ്പോൾ മറ്റുചിലർ ചൈതന്യവത്തായി പ്രവർത്തിക്കുന്നു.പ്രശസ്ത ഗ്രന്ഥകാരനും സുവിശേഷകനും ആയ ലെനാർഡ് റാവെൻഹെൽ ഇപ്രകാരം ഓർമിപ്പിക്കുന്നു: നാമിന്ന് ജീവിക്കുന്നത് അവസാന ദിവസങ്ങളിൽ അല്ല, മറിച്ച് അവസാന മിനിറ്റുകളിൽ ആണ്.

കർത്താവിന്റെ പ്രത്യക്ഷത ഏറ്റവും അടുത്തിരിക്കുന്നു എന്നു ദൈവദാസന്മാർ പ്രസംഗിക്കുമ്പോഴും എഴുതുമ്പോഴും, അത് ഏറ്റെടുത്ത് ഒരുങ്ങിയിരിക്കുവാൻ നമുക്ക് കഴിയുന്നില്ല എന്നതല്ലേ സത്യം? കൊയ്ത്തിനു പാകമായ വയലുകളെക്കുറിച്ച് ക്രിസ്തുനാഥൻ ശിഷ്യരെ ഓർമ്മിപ്പിക്കുന്നത് നാം കണ്ടില്ലെന്ന് വയ്ക്കരുത്. ഇത് ദുഷ്ക്കാലമാകയാൽ സമയം തക്കത്തിലുപയോഗിക്കുവാനുള്ള അപ്പോസ്തലന്റെ ആഹ്വാനവും നാം ഓർക്കുക. സുവിശേഷം ആകുന്ന വിത്ത് വിതയ്ക്കേണ്ട കാലത്ത്, കൈ ഇളയ്ക്കാതെ വിതച്ചെങ്കിൽ മാത്രമേ, കൊയ്ത്തുകാലത്ത് ആത്മാക്കളാകുന്ന ധാന്യശേഖരം കളപ്പുരയിൽ കൂട്ടി വെച്ച് യജമാനന്റെ സന്തോഷത്തിലേക്ക് നമുക്ക് പ്രവേശിക്കുവാൻ അവസരമുണ്ടാകൂ. മഹാമാരിയുടെയും വിശ്വാസത്യാഗത്തിന്റെയും നാളുകളിൽ സന്ദർഭോചിതമായ ഇടപെടലുകളാണ് സഭയുടെ ഉത്തരവാദിത്വം. ഓരോരുത്തരുടെയും ശരീരത്തിന്റെ സൗഖ്യത്തിനായും, ആത്മാവിന്റെ രക്ഷയ്ക്കായും, സമയത്തിന്റെ വില മനസ്സിലാക്കി നമുക്ക് ഉണർന്നു പ്രവർത്തിക്കാം. ഇതാ, ന്യായാധിപതി വാതിൽക്കൽ എത്തിയിരിക്കുന്നു, പ്രതിഫലം വീതിക്കുവാൻ സമയമായി.

എംസി

*Bank Account Details:*

**Righteous Path Publication Trust**
**A/c No. 0315053000011215**
**IFS Code: SIBL 0000315**

SOUTH INDIAN Bank
**KANJIKUZHY - KOTTAYAM**

വാർഷിക വരിസംഖ്യ **200 രൂപ**

നേർവീഥി
നിത്യതയ്ക്കൊരു വഴികാട്ടി

നിത്യതയുടെ വഴികാട്ടിയും മോക്ഷയാത്രയിലെ ഉത്തമ സുഹൃത്തുമായ നേർവീഥി നിങ്ങളുടെ സ്നേഹിതർക്കും നേർവഴി കാട്ടട്ടെ...

അക്കൗണ്ടിൽ പണമടയ്ക്കുന്നവർ പേരുവിവരം ഓഫീസിൽ അറിയിക്കുമല്ലോ. മാസിക യഥോചിതം അയക്കുവാനും കണക്കുകൾ കൃത്യമായി സൂക്ഷിക്കുവാനും അത് സഹായകമാകും.

RNI No. KERMAL/2012/46138
Date of Publishing 10.03.2022

NERVEEDHI - MARCH 2022
Annual Subscription ₹ 200.00
(Per copy ₹ 20.00)




ആർ.പി പബ്ലിക്കേഷൻസിൽനിന്നും
ചില ഉത്തമ ഗ്രന്ഥങ്ങൾ
















കൂടുതൽ വിവരങ്ങൾക്ക് :
Mob: 9495435336, 8547916678

Address for Communication :

NERVEEDHI,
Righteous Path Publication Trust
Mackal Building,
Oravakal, Amayannoor (P.O),
Kottayam, Kerala - 686019
Mob: 9495435336, 8547916678
www.nerveedhi.com

Edited by P.V Varghese, Printed and Published by M.T James on behalf of the Righteous Path Publication Trust and printed at Penta Offset Press, Kottayam, Kerala - 686002 and published at Mackal Building, Amayannoor P.O, Kottayam,Kerala -686019.